# സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂൾ
# വടകര

# പ്രോദ്യുത

A LITTLE KITES INITIATIVE

2023-24





# ആശംസകൾ

[illegible]

സസ്നേഹം

നിങ്ങളുടെ [illegible]

Sr.Maria Bella .A.C (Head Mistress)


ലോകം
ടെക്നോളജിയുടെ
ചിറകിലേറി പറക്കുമ്പോൾ...
പ്രിയ കുഞ്ഞുങ്ങളെ
പ്രപഞ്ചത്തിന്റെ ഏതോ
കോണിലിരിക്കുന്ന നാമും
ആ വേഗതയ്ക്ക് ആക്കം
കൂട്ടുകയാണ്... ആധുനിക
സാങ്കേതികവിദ്യ
മനുഷ്യനന്മയ്ക്കും
ലോകനന്മയ്ക്കും ആണെന്ന
പാഠം
തിരിച്ചറിഞ്ഞുകൊണ്ട്
ഉയരങ്ങൾ കീഴടക്കുക...
മണ്ണിൽ ചവിട്ടി നിന്ന്
ആകാശത്തെ തൊടുന്ന
പെൺകരുത്താവുക.

ആശംസകൾ...


# എഡിറ്റോറിയൽ ബോർഡ്




ANJANA M M
IX B



PARVANA R B
IX A



THEERTHA S
IX A




DEVAKINANDA K K
IX C



ASHITHA P
IX B




ADISREE P M
IX E



ASHMITHA H S
IX C




DEVANANDA S R
IX B




NIRANJANA
NIKHIL
IX E



VAIGA E P
IX D



DEVIKA
NAMBIAR
IX B



ZENHA
MARIYAM A V
IX C



NIYA BINOY
IX A

# താളുകൾ മറിക്കുമ്പോൾ


| | പേജ് | രചനകൾ |
|---|---|---|
| 1 | 6-8 | കവിതകൾ |
| 2 | 9-13 | കഥകൾ |
| 3 | 14-20 | നിരൂപണം |
| 4 | 21-22 | രചനകൾ |
| 5 | 23-24 | കവിതകൾ |
| 6 | 25-28 | ലേഖനം |
| 7 | 29 | കാർട്ടൂണുകൾ |
| 8 | 30-31 | കവിതകൾ |
| 9 | 32-35 | വായനാക്കുറിപ്പ് |
| 10 | 36 | ഫൺ ഫാക്ട് |
| 11 | 37 | ചെറുകഥ |
| 12 | 38-40 | കവിതകൾ |
| 13 | 41 | സാഹിത്യകാരനെ അറിയാം |
| 14 | 42-45 | വായനാക്കുറിപ്പുകൾ |
| 15 | 46-49 | കഥകൾ |
| 16 | 50 | കൊയ്ത്തുപാട്ട് |
| 17 | 51 | കവിത |
| 18 | 52-55 | ലേഖനം |

| | | |
|---|---|---|
| 19 | 56-57 | കവിത |
| 20 | 58 | കമ്പ്യൂട്ടറിന്റെ ചരിത്രം |
| 21 | 59-61 | കവിതകൾ |
| 22 | 62-63 | പ്രസംഗം |
| 23 | 64 | കവിത |
| 24 | 65 | ചെറുകഥ |
| 25 | 66-67 | കവിത |
| 26 | 68 | ലേഖനം |
| 27 | 69-73 | കവിതകൾ |
| 28 | 74 | ചെറുകഥ |
| 29 | 75 | കവിത |
| 30 | 76-79 | ലേഖനം |
| 31 | 80 | കവിത |
| 32 | 81 | ലേഖനം |
| 33 | 82-87 | കവിതകൾ |
| 34 | 88 | കഥ |
| 35 | 89 | ലേഖനം |
| 36 | 90-94 | കവിത |

| | | |
|---|---|---|
| 37 | 95-96 | കഥ |
| 38 | 97-100 | കവിതകൾ |
| 39 | 101-102 | ചെറുകഥ |
| 40 | 103-109 | കവിതകൾ |
| 41 | 110 | ഗവേഷണം |
| 42 | 111-112 | വിവരശേഖരണം |
| 43 | 113-115 | കവിതകൾ |
| 44 | 116-121 | ലേഖനം |
| 45 | 122 | എന്താണ് ലിറ്റിൽ കൈറ്റ്സ്? |
| 46 | 123 | കവിത |
| 47 | 124-125 | ഡിജിറ്റൽ പോസ്റ്ററുകൾ |
| 48 | 126 | ഐ ടി ഫെസ്റ്റ് കാഴ്ചകൾ |
| 49 | 127-131 | കവിതകൾ |
| 50 | 132-133 | വരകൾ |
| 51 | 134 | കവിത |
| 52 | 135-136 | ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട് |
| 53 | 137-138 | ലിറ്റിൽ കൈറ്റ്സ് കലണ്ടർ |



# ഭ്രൂണത്തിന്റെ സ്വപ്നം

പാർവതി അനിരുദ്ധൻ

X

അന്ധകാരത്തിന്റെ ചുവരുകൾക്കുള്ളിലായി
അമ്മതൻ സൗഭാഗ്യ ചൂടുപറ്റി
അന്തരംഗത്തിൽ കളിരുന്ന കൗതുകം
എന്തായിരിക്കാം ഇന്നി സ്വപ്നം?

നന്മയറിയില്ല തിന്മയറിയില്ല
വിശ്വാസം വഞ്ചന ഒന്നുമില്ല
ശൂന്യമാം മൂകമാം ഒരു കുഞ്ഞുലോകമാം
തടവറക്കുള്ളിൽ നിന്നൊരു ഭ്രൂണം.

ഒട്ടുവിലാ നേരം വന്നെത്തി സ്വപ്നത്തിൻ
സാക്ഷിയായേകയായ് കണ്ടു പക്ഷി
സ്വപ്നത്തിലെപ്പോഴോ കണ്ടൊരു ദേഹങ്ങൾ
അന്നു വിഭിന്നമായ് കാത്തിരിക്കെ

സ്വപ്നത്തിൻ ശുഭമാം ഔന്നത്യം ഉള്ളൂമാ
മാസ്മരിക ലോകത്തിൻ ഓടമല്ലാ
എന്നോ നിനച്ചൊരു സൗഭാഗ്യ വീഥിതൻ
മൃദുലമാം മാറിലിൻ പാതയല്ല

തീക്ഷ്ണ രൂക്ഷമാം ഒരഗ്നി കുണ്ഡത്തിൽ
കിരണങ്ങളുയരെ പിടിമുറുക്കി
സുഖമെന്ന് നിനച്ചൊരു പത്തിതൻ പ്രഹരമോ
മാറിയാലവളെ ഭയപ്പെടുത്തി

എന്നോ സുഖത്തിനായ് ചേർന്നപോൾ കളിരുന്ന
വൈരത്തിൻ മുത്ത് പൊഴിച്ചിടവെ
ഏറുന്ന ഭീതിയിൽ കണ്ണുനീരുകളായ്
സ്വാതന്ത്ര്യനെന്നാൽ പറന്നിടവെ ......

# പുഴ



വിണ്ണിലെ പളുങ്കു മണികൾ
കണ്ണീരലിയിച്ചു പൂഴിയെ നൂ - ലിഴകളായ് തഴുകി
മുന്നോട്ടു ഒഴുകവെ  നറുനാമ്പുകൾ തല-
പൊക്കി പച്ചപ്പാടമായ് പൂഴി-
യെ ജീവന്റെ തുടിപ്പുകളായ്
തീർത്തു, കൂടിച്ചേരലാൽ പല കൈവഴികളായ്
വീണ്ടും ഒന്നിച്ച് അശുദ്ധമാക്കാതെ ഒഴുകി ഒ-
ഴുകി തരുക്കളെ തഴുകി ലോക-
മാം സാഗരം പുൽകിയലി-
ഞ്ഞു കണങ്ങളായ് തീർന്ന-
വ വീണ്ടുമൊത്തുമെന്നാർ- ദ്രതയാൽ മേഘമായി
തീർന്നിടവെ....



[illegible]
6 C

# ഇല പച്ച

ഇലപച്ചയും പൂക്കളും
തഴുകിതലോടുന്ന ഇളംകാറ്റായി
മാറുമീ പ്രകൃതി! പൂത്തൊരു -
പൂവിലെ തേൻ നുകരുന്നൊരു -
ശലഭമായി മാറുമീ പ്രകൃതി
കുരുവികൾ വണ്ടുകൾ മന്ദമായി
മൂളുന്ന ഈണമായി മാറുമീ പ്രകൃതി
അരുവികളും പുഴകളും കളകളമായി
ഒഴുകുന്ന ഓളമായി മാറുമീ പ്രകൃതി

സിയാ രമേഷ്

# കിനാക്കളുടെ ജാലകങ്ങൾ

ഇത് അനിറ്റ. സ്കൂളിലെ കൊച്ചുമിടുക്കി. വലിയ ഫുട്ബോൾ കളിക്കാരിയാണ്. ഫുട്ബോൾ കളിയെ അവൾ അത്രമേൽ ഇഷ്ടപ്പെട്ടിരുന്നു. പലപ്പോഴും ജീവിതത്തെ പോലും ഒരു കളിയായിട്ടാണ് അവൾ കണ്ടിരുന്നത്. രാവും പകലും അവൾ സ്വപ്നം കാണും.



ഒരു വലിയ ഫുട്ബോൾ കളിക്കാരിയായി തന്റെ ആരാധകരെ അഭിവാദ്യം ചെയ്യുന്നതാണ് സ്വപ്നം. അവൾ ജീവിക്കുന്നത് തന്നെ ആ ഒരു നിമിഷത്തിന് വേണ്ടിയാണ്. സ്വപ്നങ്ങൾ നെയ്തുകൂട്ടി അവൾ കളിച്ചുകൊണ്ടേയിരുന്നു. എല്ലാവരും പറഞ്ഞു "കുഞ്ഞോളേ.. അനിറ്റ മിടുക്കിയാട്ടോ... അവൾ വലുതായാൽ വലിയ കളിക്കാരി ആവും". അവളുടെ മിടുക്ക് ഫുട്ബോളിൽ മാത്രമല്ല, അവൾ കലയിലും പഠനത്തിലും മികച്ചുതന്നെനിന്നു.

ദിവസങ്ങൾ കടന്നുപോയി. സ്വപ്നസാഫല്യത്തിന് ഇനി എത്താനും നാളുകൾ മാത്രം. അനിറ്റയെ നാഷണൽ ടീമിലേക്ക് എടുത്തിരിക്കുന്നു. സന്തോഷം പറഞ്ഞറിയിക്കാൻ അവൾക്ക് വാക്കുകളില്ല. പക്ഷെ ആ സന്തോഷത്തിന് ആയുസ്സ് കുറവായിരുന്നു. സന്തോഷം കൊണ്ട് തുന്നിച്ചേർത്ത പട്ട് മുറിഞ്ഞു പോവുകയാണോ, അറിയില്ല. കാൽപന്തുകളിക്കുവാൻ അവൾക്കിന്ന് കാലുകളില്ല. രാജകുമാരിയെ അപകടം സ്പർശിച്ചിരിക്കുന്നു. കളിക്കാൻ പോകും വഴി വണ്ടിയപകടത്തിൽ അവളുടെ ഇരുകാലുകളും നഷ്ടമായി. അവൾ വിറങ്ങലിച്ചുപോയി. തന്റെ ചേതനയറ്റ കാലുകൾ അവൾ തൊട്ടുതലോടി. അന്നവിടെ അവൾക്ക് നഷ്ടമായത് അവളുടെ കാലുകൾ മാത്രമല്ല. അവളുടെ സ്വപ്നങ്ങൾ കൂടിയാണ്. കാലുകളോടൊപ്പം അവളുടെ മനസ്സും മരവിച്ചുപോയി.

പിന്നെ അവൾ അവളിലേക്ക് തന്നെ ഒതുങ്ങുകയായിരുന്നു. നാല് ചുമരുകൾക്കുള്ളിൽ. ആരോടും ഒന്നും മിണ്ടാതെ പുറം ലോകവുമായി യാതൊരു ബന്ധവുമില്ലാതെ മരവിച്ച ഹൃദയവുമായി അവൾ ജീവിച്ചു. വെളിച്ചം അവൾക്ക് ഭയമായി മാറി. ആളുകളുടെ സംസാരം അവളെ അലോസരപ്പെടുത്തി. ജീവനായ കാൽപന്തുകളിയെ അവൾ അവളിൽ നിന്ന് പറിച്ചെറിഞ്ഞു. സ്കൂൾ ജീവിതം അവൾ മതിയാക്കി. മരിക്കാൻ ധൈര്യമില്ലാത്തത് കൊണ്ട് അവളത് ചെയ്തില്ല. എല്ലാവരോടും ദേഷ്യമായിരുന്നു. എന്നോടും.

ദിവസങ്ങൾ കടന്നുപോയി. സ്വപ്നസാഫല്യത്തിന് ഇനി ഏതാനും നാളുകൾ മാത്രം. അനിറ്റയെ നാഷണൽ ടീമിലേക്ക് എടുത്തിരിക്കുന്നു. സന്തോഷം പറഞ്ഞറിയിക്കാൻ അവൾക്ക് വാക്കുകളില്ല. പക്ഷെ ആ സന്തോഷത്തിന് ആയുസ്സ് കുറവായിരുന്നു. സന്തോഷം കൊണ്ട് തുന്നിച്ചേർത്ത പട്ട് മുറിഞ്ഞു പോവുകയായിരുന്നോ. അറിയില്ല. കാൽപന്തുകളിക്കുവാൻ അവൾക്കിന്ന് കാലുകളില്ല. രാജകുമാരിയെ അപകടമ സ്പർശിച്ചിരിക്കുന്നു. കളിക്കാൻ പോകും വഴി വണ്ടിയപകടത്തിൽ അവളുടെ ഇരുകാലുകളും നഷ്ടമായി. അവൾ വിറങ്ങലിച്ചുപോയി. തന്റെ ചേതനയറ്റ കാലുകൾ അവൾ തൊട്ടുതലോടി. അന്നവിടെ അവൾക്ക് നഷ്ടമായത് അവളുടെ കാലുകൾ മാത്രമല്ല, അവളുടെ സ്വപ്നങ്ങൾ കൂടിയാണ്. കാലുകളോടൊപ്പം അവളുടെ മനസ്സും മരവിച്ചുപോയി.

പിന്നെ അവൾ അവളിലേക്ക് തന്നെ ഒതുങ്ങുകയായിരുന്നു. നാല് ചുമരുകൾക്കുള്ളിൽ. ആരോടും ഒന്നും മിണ്ടാതെ പുറം ലോകവുമായി യാതൊരു ബന്ധവുമില്ലാതെ മരവിച്ച ഹൃദയവുമായി അവൾ ജീവിച്ചു. വെളിച്ചം അവൾക്ക് ഭയമായി മാറി. ആളുകളുടെ സംസാരം അവളെ അലോസരപ്പെടുത്തി. ജീവനായ കാൽപന്തുകളിയെ അവൾ അവളിൽ നിന്ന് പറിച്ചെറിഞ്ഞു. സ്കൂൾ ജീവിതം അവൾ മതിയാക്കി. മരിക്കാൻ ധൈര്യമില്ലാത്തത് കൊണ്ട് അവളത് ചെയ്തില്ല.

അനീറ്റയുടെ ശവശരീരം എടുക്കുവാനായി നാട്ടുകാർ അനീറ്റയുടെ മുറിയിലേക്ക് കടന്നു. അവർ അത്ഭുതപ്പെട്ടുപോയി. വീൽചെയറിൽ ഇരുന്നു കൊണ്ട് അനീറ്റ പന്തുതട്ടുന്നു. 15 വർഷം മുമ്പ് ഉപേക്ഷിച്ച ആ പന്ത് അവൾ വീണ്ടും എടുത്തിരിക്കുന്നു. അനീറ്റയുടെ അപ്രതീക്ഷിതമായ മാറ്റം ആർക്കും അംഗീകരിക്കുവാൻ സാധിച്ചില്ല. അവർ തമ്മിൽ പറഞ്ഞു. ഈ അഞ്ച് ദിവസം കൊണ്ട് ഇവൾക്ക് ഇതെന്ത് മായാജാലാ സംഭവിച്ചത്. ആശ്ചര്യം തോന്നുന്നു. മുറിയിലെ നാലു കമ്പിയുള്ള



ജാലകത്തിലൂടെ അവൾ എന്നും നോക്കിയിരുന്നു. അവൾ ആ മുറിയിൽ ജീവനോടെ ഉണ്ട് എന്നതിന് തെളിവും അതുതന്നെയായിരുന്നു. സ്വപ്നങ്ങൾക്ക് പകരം നിരാശയുടെ പടിവാതിലുകളിലൂടെ അവൾ സഞ്ചരിച്ചു. കാലില്ലാതെ എന്തു കാൽപന്തുകളി എന്ന് അവൾ മനസിലുറപ്പിച്ചു. അവൾ കരയാൻ മാത്രം വിധിച്ചതാണെന്ന് നാഴിക ഴ് ആറുവട്ടം അവൾ പറഞ്ഞു കൊണ്ടിരുന്നു. രണ്ട് മൂന്ന് ദിവസം ആ ജാലകം അടഞ്ഞിരിക്കുന്നത്

കാര്യം അനിറ്റയ്ക്ക് മാത്രമേ അറി യുള്ളൂ. നാട്ടുകാർ കാര്യം അനിറ്റയോട് തിരക്കി. അനിറ്റ പറഞ്ഞു. "നിങ്ങൾ പറയുന്ന അഞ്ച് ദിവസം മുമ്പ് ഈ ജാലകങ്ങളിലൂടെ ഞാനൊരു കാഴ്ച കണ്ടു. ഈ അഞ്ചു ദിവസം ഞാൻ എന്റെ മരവിച്ച മനസിനെ ഒരുക്കുകയായിരുന്നു. പണ്ടത്തെ മിട്ടുക്കോടെ അവൾ പറഞ്ഞു. ആളുകളിൽ ആകാംക്ഷ ജനിച്ചു. എല്ലാവരും ഒരേസ്വരത്തിൽ ചോദിച്ചു."എന്തായിരുന്നു ആ കാഴ്ച"? അടച്ചിട്ട ജാലകങ്ങൾ തുറന്നുകൊണ്ട് അവൾ പറഞ്ഞു. "ദേ അങ്ങോട്ട് നോക്കിയേ. അവിടെ ഒരു വൻവൃക്ഷം കാണുന്നില്ലേ. അവിടെ ഇന്നലെവരെ ഒരു കൂടുണ്ടായിരുന്നു. ഒരു കിളിക്കൂട്. രണ്ട് ദിവസം മുമ്പാണ് ആ കൂട്ടിലെ മുട്ടകൾ വിരിഞ്ഞത്. അമ്മക്കിളി എങ്ങോ പറന്നുപോയി. വന്നത് അറ്റുപോയ ചിറകുമായിട്ടാണ്. അവസാന നോക്കും ആ കുഞ്ഞുങ്ങളെ നോക്കി കൊണ്ട് ആ പൈതങ്ങളുടെ മുന്നിൽ വച്ചുതന്നെ ആ അമ്മ മരിച്ചു. കുഞ്ഞുങ്ങൾ അലറി വിളിച്ചു. പിറ്റേ ദിവസം പെയ്ത പേമാരിയിൽ കൂടടക്കം പറന്നുവീണു. ഇന്നലെ ഞാൻ നോക്കുമ്പോൾ കണ്ടത് ആ കുഞ്ഞുങ്ങളും കൂടും അതേ മരത്തിലെ മറ്റൊരു ശാഖയിൽ ഇരിക്കുന്നതാണ്. അമ്മക്കിളി മടങ്ങി വന്നിരിക്കുന്നു. തന്റെ മക്കൾക്കായി. കേൾക്കുമ്പോൾ അസാധ്യമായി തോന്നാം. പക്ഷെ മരവിച്ച ഹൃദയത്തിൽ ഈ കാഴ്ച ഒരു പ്രചോദനമാണ്. എനിക്ക് എന്റെ കാലുകൾ നഷ്ടമായി സത്യമാണ് എങ്കിലും മരവിച്ച ഹൃദയത്തിലും എവി ടെയോ ഒരു ആത്മവിശ്വാസം ബാക്കിയുണ്ട്. എന്റെ സ്വപ്നം ബാക്കിയാകാനുള്ളതല്ല. അത് നിറവേറ്റാൻ ഉള്ളതാണ്. ആ വാക്കുകൾ സത്യമായി. അവൾ തൻ്റെ സ്വപ്നം നിറവേറ്റി. കിനാക്കളുടെ പടിവാതിലിലൂടെ അവൾ സഞ്ചരിച്ചു. കാലുകൾ നഷ്ടമായെങ്കിലും ഉറച്ച മനക്കരുത്ത് കൊണ്ട് തന്റെ സ്വപ്നം നിറവേറ്റി.

ഇന്നവൾ ലോകമറിയപ്പെടുന്ന കളിക്കാരിയാണ്.

- ശ്രുതി പി
IX A



# ദൈവത്തിന്റെ സ്വന്തം മറുനാട്

മലയാളത്തിന്റെ യാത്രാവിവരണകലപതിയായ എസ് കെ പൊറ്റക്കാടിന്റെ ബാലിദ്വീപ് വളരെ മനോഹരമാണ്. അദ്ദേഹത്തിന്റെ തനത് ശൈലിയിൽ എഴുതിയ ആ ഗ്രന്ഥം വായിച്ചപ്പോൾ ബാലിയിൽ പോയി വന്ന ഒരു പ്രതീതിയാണ് എനിക്ക് അനുഭവപ്പെടുന്നത്. ബാലിയുടെ സാംസ്കാരികവും ചരിത്രപരവുമായ കാര്യങ്ങൾ എസ് കെ തന്റെ യാത്രാവിവരണത്തിലൂടെ വ്യക്തമാക്കുന്നു.കേരളത്തിന്റെ പ്രകൃതിയും കാലാവസ്ഥയും തന്നെയാണ് ബാലിയിലും .ക്ഷേത്രങ്ങളാൽ സമ്പന്നമാണ് അവിടം .

ഒരു സ്ഥലത്ത് പോയാൽ അവിടത്തെ സാംസ്കാരികവും ചരിത്രപരവുമായ കാര്യം പഠിക്കണമെങ്കിൽ അവിടത്തെ ഭാഷ പഠിക്കണം എസ് കെ ബാലിയിൽ പോയപ്പോൾ ഒരു വിവർത്തകനെ വച്ചാണ് അവിടത്തെ ഭാഷ മനസ്സിലാക്കിയത്.

ജാവയിൽനിന്ന് കപ്പലിൽ ബാലിയിൽ വന്നിറങ്ങി ബാലിയുടെ പൂർവ്വകാലചരിത്രവും മറ്റുമാണ് ആദ്യം പറയുന്നത് . ഏത് തൊഴിലും ചെയ്യുന്ന സ്ത്രീകളെ ബാലിയിൽ കാണാൻ കഴിയും എന്നാണ് അദ്ദേഹം

പറയുന്നത്. അർധ നഗ്നയായ പെണ്ണുങ്ങൾ,കേരളത്തിന്റെ തെയ്യത്തിന്റെയും തിറയുടേയുമെല്ലാം സാദൃശ്യമുള്ള ആചാരങ്ങൾ ബാലിയിലെ ക്ഷേത്രങ്ങളിലും അരങ്ങേറുന്നുണ്ട് . കൃഷിയിടങ്ങളിൽ കൃഷി തുടങ്ങുമ്പോൾ വിത്ത് വിതയ്ക്കുന്നത് പോലെ പല പൂജകർമ്മങ്ങളും ചെയ്തുകൊണ്ടാണ്.ബാലി ദ്വീപിൽ ഒരുപാട് ക്ഷേത്രങ്ങൾ നമുക്ക് കാണാൻ കഴിയും.ഹിന്ദുവിശ്വാസികൾ വളരെ കനഡയതിനാൽ ബാലിയിൽ എസ് കെ യ്ക്ക് നല്ല സ്വീകരണമാണ് ലഭിച്ചത്.ബാലിയിലെ പുതുവർഷാഘോഷം ചൈത്ര എന്ന പേരിലാണ് അറിയപ്പെടുന്നത്.ബാലിയിലെ മറ്റ് സ്ഥലങ്ങളിൽലും സഞ്ചരിച്ച് എസ് കെ തിരിച്ച് വന്നു. കേരളത്തിന്റെ തനിഛായയുള്ളൊരു സ്ഥലം കടൽകടന്നൊരു കോണിൽ ഉണ്ടെന്ന് കൂടി ഞാൻ ഇതുവരെ എന്റെ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നിരുന്നില്ല.എസ് കെയുടെ എഴുത്തുശൈലിയിൽ ഞാൻ ബാലി എസ് കെ യുടെ കൂടെ സഞ്ചരിച്ചു. ഒരു കേരളീയ ഗ്രാമം അവിടെ ആളുകൾ കുട്ടികളെ ചെറുപ്പത്തിലെ സ്വാതന്ത്ര്യത്തോടെ വിടാറുണ്ടായിരുന്നു.ഇവ അവിടത്തെ സാംസ്കാരത്തിന്റെ ഭാഗമാണ്. എസ് കെ പോയ ബാലി ഇപ്പോൾ ഒരുപാട് മാറി ടൂറിസ്റ്റുകളുടേയുംമറ്റും മികച്ച ഇടത്താവളമായി അവിടം.യാത്രാവിവരണം എഴുതി ഫലിപ്പിക്കുക എന്നത് വളരെ പ്രയാസകരമായ ഒരു കാര്യമാണ്.അതിൽ എസ് കെ 100% വിജയിച്ചു.യാത്രകൾ ഇഷ്ടപ്പെടുന്ന എല്ലാവരും പോകേണ്ട ഒരിടമാണ് ബാലി.ബാലിദ്വീപ് എന്ന കൃതിയിൽ എസ് കെ പൊറ്റക്കാട് ബാലിദ്വീപിനെ വളരെ മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്.



ദേവകിനന്ദ
IX C

# പ്രകൃതി പുസ്തകം

ഏതൊരു വിദ്യാർത്ഥിയും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ് 'അച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന ജവഹർലാൽ നെഹ്റുവിന്റെ പുസ്തകം.

1928ലെ വേനൽക്കാലത്ത് നെഹ്റു അലഹബാദിലും മകൾ ഇന്ദിര മസ്സൂറിയിലും താമസിക്കുമ്പോൾ അവർക്കെഴുതിയ കത്തുകളിലെ കാര്യങ്ങളാണ് അച്ഛൻ മകൾക്കയച്ച കത്തുകൾ എന്ന പുസ്തകത്തിലെ ഉള്ളടക്കം.

ഭൂമിയുടെ ഉത്ഭവം,മനുഷ്യന്റെ പരിണാമം,പ്രകൃതിയുടെ വൈവിധ്യം,ഭാഷ,ചരിത്രം,സംസ്കാരം,ഇന്ത്യയുടെ പൈതൃകം ഇടങ്ങിയ വിഷയങ്ങളിലേക്ക് തുറന്നിട്ട ജാലകങ്ങളാണ് ഇതിലെ ഓരോ കത്തുകളും.ഭൂമിയുടെയും അതിന്റെ പൈതൃകത്തിന്റെയും ചെറുതും വലുതുമായ അനേകം ഘട്ടങ്ങളുടെ ചരിത്രം ഒരു ഉപന്യാസ രൂപത്തിൽ നെഹ്റു ഒരു കത്തിലൂടെ തന്റെ മകൾക്ക് വിവരിച്ചുകൊടുക്കുന്നുണ്ട്.പ്രകൃതിയിൽ കാണുന്ന ഓരോ വസ്തുവും നാം ഇന്ന കാണുന്ന രീതിയിൽ ആയിത്തീർന്നത് എങ്ങനെ എന്നും,ഓരോ വസ്തുക്കളിൽ നിന്നും നമുക്ക് അനേകം കാര്യങ്ങൾ മനസ്സിലാക്കാൻ ഉണ്ട് എന്നും ഈ പുസ്തകത്തിലൂടെ വളരെ ലളിതമായ ഭാഷയിൽ മനസ്സിലാക്കിത്തരുന്നുണ്ട്.

ഭൂമിയിൽ മനുഷ്യന്റെ ഉല്പത്തിയെ കുറിച്ചും അവന്റെ കണ്ടുപിടിത്തങ്ങളെക്കുറിച്ചും മനുഷ്യൻ മറ്റു ജീവികളിൽ വച്ച് ഏറ്റവും ബലഹീനനും ഒരു നിസ്സാര ജീവിയുമായിരുന്നു എന്നും ഒടുവിൽ അവൻ എങ്ങനെ ഭൂമിയിലെ സർവപ്രധാനിയായി തീർന്നു എന്നും ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.മൃഗങ്ങളിൽ നിന്ന് രക്ഷനേടാൻ മനുഷ്യർ കൂട്ടമായി നടക്കാൻ തുടങ്ങി.അതോടെ മൃഗങ്ങളെ എതിർക്കാൻ മനുഷ്യർക്ക് കഴിഞ്ഞു.പിന്നീട് മനുഷ്യർ പുതിയ പുതിയ കാര്യങ്ങൾ കണ്ടുപിടിക്കാൻ തുടങ്ങി.ഒരു മനുഷ്യന്റെ ബുദ്ധി തന്നെയാണ് അവന്റെ ശക്തിയും.ബുദ്ധിയില്ലാത്ത ഒരു മനുഷ്യനും മൃഗവും തമ്മിൽ വലിയ വ്യത്യാസങ്ങൾ ഒന്നും തന്നെ ഉണ്ടാവില്ല.

ഭാഷകൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ചും,ഭാഷക[illegible]
വർഗ്ഗത്തിൽപ്പെട്ടവയാണെന്നും,മറ്റു ഭാഷകൾ [illegible]
മനസ്സിലാക്കേണ്ടതിന്റെ പ്രാധാന്യത്തെ[illegible]

പുസ്തകത്തിൽ നമുക്ക് കാണാൻ കഴിയും.

മനുഷ്യർക്കിടയിലെ കറുപ്പും വെളുപ്പും എന്ന നിറ വ്യത്യാസത്തെക്കുറിച്ച് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ടായിരുന്നു.ഈ പുസ്തകം വായിച്ചതിലൂടെ ഈ നിറ വ്യത്യാസങ്ങൾ എന്തുകൊണ്ട് സംഭവിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്.മനുഷ്യരുടെ നിറഭേദം അവർ ജീവിക്കുന്ന പ്രദേശത്തിലെ ശീതോഷ്ണസ്ഥിതിയുടെ ഫലമാണെന്നും അതിന് അവരുടെ യോഗ്യതയോ നന്മയോ സൗന്ദര്യമോ ആയി യാതൊരു ബന്ധവുമില്ല എന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

ജനാധിപത്യ ഭരണസംവിധാനമുള്ള ഒരു നാട്ടിലാണല്ലോ നാമിന്ന് ജീവിക്കുന്നത്.അതുകൊണ്ട് തന്നെ ഈ ചെറുപ്രായത്തിൽ രാജഭരണം എന്തായിരുന്നുവെന്നോ,പ്രാചീന കാലത്തെ ജനങ്ങളുടെ ജീവിതരീതി,പ്രവൃത്തി,വിചാരങ്ങൾ ഇവയെ പറ്റി ഒന്നും തന്നെ എനിക്കറിയില്ലായിരുന്നു.പ്രാചീനകാലത്തെ ജനങ്ങളുടെ ജീവിത രീതി,സംസ്കാരം,ഭാഷ,ഭരണ രീതി,കച്ചവടം,രാജ്യങ്ങൾ തമ്മിലുള്ള ബന്ധം, രാജഭരണം എന്നിവയെക്കുറിച്ചൊക്കെ ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു.

പണ്ട് കാലങ്ങളിൽ പാമ്പ്,പല്ലി,ചീങ്കണ്ണി,ആമ തുടങ്ങിയവ ഇന്നു കാണുന്നതിനേക്കാൾ വളരെ വലുതായിരുന്നു.മുപ്പതോ നാൽപതോ അടി നീളമുള്ള ഈ ജന്തുക്കളും അന്നുണ്ടായിരുന്നു.ഒരു മനുഷ്യനേക്കാൾ വലുപ്പമുള്ള തവളയും ഏകദേശം അത്ര വലുപ്പമുള്ള ആമയും ഉണ്ടായിരുന്നു.ഒരു തരം കൂറ്റൻ കവോതിലും അന്നുണ്ടായിരുന്നു.അന്നത്തെ 'ഇഗ്വാനൊഡൺ' എന്ന ജീവി പിൻകാലിൽ നിന്നാൽ ഒരു ചെറിയ വൃക്ഷത്തോളം വലുപ്പമുണ്ടാവും.പ്രകൃതിയുടെ കാലചക്രം ഉരുളുമ്പോൾ പ്രകൃതിയിലെ ജീവജാലങ്ങൾക്കും പ്രകൃതിയുടെ അവസ്ഥയ്ക്കും മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു.കാലപ്രവാഹം ഒഴുകുക തന്നെ ചെയ്യും.മാറ്റങ്ങൾ തുടർന്നുകൊണ്ടേയിരിക്കും.'പ്രകൃതി പുസ്തകം' എന്ന് വേണമെങ്കിൽ ഈ പുസ്തകത്തെ വിശേഷിപ്പിക്കാം എന്ന് എനിക്ക് തോന്നുന്നു.

ഒരു കത്തിലൂടെ നെഹ്റു മകളോട് ഇങ്ങനെ പറയുന്നു 'നിനക്കിപ്പോൾ പത്ത് വയസ്സ് മാത്രമേ പ്രായമായിട്ടുള്ളൂ.എ[illegible] എത്ര വളർച്ചയും പ്രായവും ഉണ്ടായിക്കഴിഞ്ഞു' എന്ന്.ഈ വരിയാണ് എനിക്ക് ഈ പുസ്തകത്തിൽ ഏറ്റവും ഇഷ്ടപ്പെട്ടത്.കാരണം ഈ വാക്കിലെ ആശയമാണ്.നമ്മുടെ

ചെറിയ തലയിൽ ഇത്രയും കാര്യങ്ങൾ ഗ്രഹിക്കാൻ കഴിഞ്ഞാൽ ലോകത്തിലെ അതിദീർഘമായ കാര്യങ്ങൾ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടാവില്ല.ഇങ്ങനെ അതിവിപുലമായ പുസ്തകങ്ങൾ വായിച്ചറിയുന്നത് നമുക്ക് നല്ലതാണ്.

"അറിഞ്ഞിടുമ്പോൾ അറിയാം,നമുക്ക്

നമുക്ക് അറിയാനൊത്തിരി ബാക്കി

ഒത്തിരി ഒത്തിരി ബാക്കി"

തനുശ്രീ പി എം
VIII E

# ഭൂമിയുടെ അവകാശികൾ

കേരളത്തിലെ പ്രശസ്ത കഥാകൃത്തായ വൈക്കം മുഹമ്മദ് ബഷീർ എഴുതിയ 'ഭൂമിയുടെ അവകാശികൾ' എന്ന പുസ്തകത്തിലെ 'ഭൂമിയുടെ അവകാശികൾ' എന്ന കഥയാണ് എന്റെ മനസ്സിനെ ഏറെ സ്വാധീനിച്ചത്.പ്രകൃതിയാണ് ഈ കഥയിലെ പ്രധാന ആശയം.

'കൊല്ലുവതെങ്ങനെ പ്രാണിയെയും നല്ല -
തില്ല , കഴിവില്ല ജീവനേകാൻ'

സ്നേഹം,ദയ,സഹാനുഭൂതി എന്നീ വികാരങ്ങളൊക്കെയും ഇന്ന് നമ്മുടെ മണ്ണിൽ നിന്നും അപ്രത്യക്ഷമായ്ക്കൊണ്ടിരിക്കുകയാണല്ലോ.ഭാവിയുടെ വാഗ്ദാനമാകേണ്ട നമ്മുടെ കുഞ്ഞുങ്ങൾ,സ്വപ്നങ്ങളുടെ വിളനിലമാകേണ്ടവർ അങ്ങനെ എല്ലാവർക്കും മനുഷ്യത്വത്തിന്റെ ബാലപാഠങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയാണ് 'ഭൂമിയുടെ അവകാശികൾ' എന്ന കഥാസമാഹാരത്തിലൂടെ ശ്രീ വൈക്കം മുഹമ്മദ് ബഷീർ.

എല്ലാം കൊണ്ടും മനോഹരമായ പ്രദേശത്തേക്ക് ഒരു കുടുംബം വന്നു.ആ വീട്ടിൽ എല്ലാവിധ ജീവികളും ഉണ്ടായിരുന്നു.വീട്ടു പറമ്പിലെ തേങ്ങ വിറ്റായിരുന്നു അവർ ജീവിച്ചിരുന്നത്.എലികളെല്ലാം കൂടി തേങ്ങ നശിപ്പിക്കാൻ ആരംഭിച്ചപ്പോൾ കഥാനായകൻ അതിൽ വിഷമിക്കാൻ തുടങ്ങി.എന്നാൽ ഭാര്യ എലിവിഷം വച്ച് എലികളെ കൊന്നു.ഇതു കണ്ട കഥാനായകൻ ഈ ലോകത്തിലെ ഒരു ജീവജാലങ്ങൾക്കും ഹിംസ ചെയ്യാതെ ജീവിക്കാൻ കഴിയില്ല എന്ന് തിരിച്ചറിഞ്ഞു.അവസാനം എലികളല്ല വവ്വാലുകളാണ് തേങ്ങ നശിപ്പിക്കുന്നതെന്ന് മനസ്സിലായി.വവ്വാലുകളെ കൊല്ലുന്ന തോക്കും കൊണ്ട് [illegible] അവരെ

[illegible]സികൾ ആട്ടി ഓടിച്ച [illegible]
[illegible]പ്പെട്ട പൂർവികരാണ് വവ്വാലുകൾ എന്നാണ് [illegible]
[illegible] തന്റെ വീട്ടുപറമ്പിൽ കയറാൻ ജീവജാലങ്ങൾക്കെല്ലാം
എന്ത് അവകാശമാണുള്ളതെന്ന ചിന്തയിലൂടെ ആരംഭിക്കുന്ന
കഥ വരച്ചുകാട്ടുന്നത് ഈ പ്രകൃതി മനുഷ്യർക്ക് മാത്രമുള്ളതല്ല
എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്
എന്നതിലാണ് ജീവജാലങ്ങളെയും പ്രകൃതിയെയും [illegible]
സ്വന്തം കാര്യം മാത്രം നോക്കാൻ കഥാനായകൻ
താൽപര്യപ്പെടുന്നില്ല.

ഈ കഥയിൽ എന്നെ ഏറെ ചിന്തിപ്പിച്ച ഭാഗം 'ഭൂമിയുടെ
തമ്പുരാൻ സൃഷ്ടിയുടെ ദിവ്യ മുഹൂർത്തത്തിൽ കൽപ്പിച്ചു
കൊടുത്ത പുരാതനമായ അവകാശപത്രങ്ങൾ[illegible]
സർവജീവികളും ഭൂമിയുടെ അവകാശികൾ' എന്നതാണ്.
കാലം കഴിയും തോറും മനുഷ്യന്റെ സ്വാർത്ഥ സ്വഭാവം
വർദ്ധിക്കുകയേയുള്ളൂ എന്ന വ്യത്യാസം കൂടി
ഇതിലുണ്ട്. അതുകൊണ്ടു തന്നെ കാലമെത്ര കഴിഞ്ഞാലും ഈ
കഥ വിഭാവനം ചെയ്യുന്ന ആശയത്തിന്റെ പ്രസക്തി
ഏറിക്കൊണ്ടേയിരിക്കും. ബഷീർ എന്ന
ഇതിഹാസനായകൻ അക്ഷരങ്ങൾ കൊണ്ട് തീർത്ത ഈ
പുസ്തകം എല്ലാവരും ഒരിക്കലെങ്കിലും വായിച്ചിരിക്കണം.

തേജശ്രീ പി [illegible]

VIII E

## രചനകൾ-അഞ്ജന എം എം(ലിറ്റിൽ കൈറ്റ് അംഗം)













ലഹരിവിരുദ്ധ ദിനപോസ്റ്റർ-അഞ്ജന എം എം



# ഓർമ്മ

മൃത്യുവിൻ തേരേറി പോയെങ്കിലും
ഓർമ്മയായ് മുന്നിലുണ്ടിമച്ഛൻ
ഓർമ്മതൻ നാളങ്ങൾ അയവിറക്കുമ്പോഴും
പുഞ്ചിരിയായ് മുന്നിൽ തെളിയുമച്ഛൻ
ഓർക്കാപ്പുറത്തെന്നെ വിട്ടുപോയെങ്കിലും
അച്ഛന്റെ ഓർമ്മകൾ കൂടെയുണ്ട്
ആ ഓർമ്മകൾ മാത്രം
മതിയിനിയെന്നെന്നും
അച്ഛന്റെ പൊൻമകൾക്കാശ്വസിക്കാൻ
ഓർമ്മകൾക്കിത്രയും നൊമ്പരമുണ്ടെന്ന്
ഓർത്തു ഞാൻ തേങ്ങിക്കരഞ്ഞുപോയി

അൻവിയ.പി




# Maths a Challenge

Mathematics is full of fun
With so much to learn,
Profits are added
While loses are subtracted
Degrees are multiplied
And percentages is divided.
Geometry is full of mystery
Algebra has a big history
Integers as different as brothers,
Lines are parallel
Angles are similar.
mathematics is necessary in life
Without it, it is difficult to survive.

Niveditya ck
IX B

അവൾ

ജനലിലൂടെപുറത്തുനോക്കിയിരിക്കുകയായിരുന്നു. നീലാകാശത്തെ മറച്ചുകൊണ്ടിരിക്കുന്ന കറുത്ത കാർമേഘങ്ങൾ.അവൾ ചുറ്റുമൊന്ന് പരുതി. ചിന്നിചിതറികൊണ്ടിരിക്കുന്ന മഴ.അവൾ പുസ്തകം വായിക്കുവാനായി പുസ്തകം തിരയുന്നു. പെട്ടെന്ന് വൈദ്യുതി നിലയ്ക്കുന്നു. സിംഹഗർജനം പോലെ ഇടിമിന്നൽ കടന്നുവരുന്നു. അവൾ ഒന്നു ഭയന്നു. എങ്ങും നിശബ്ദത നിറയുന്നു. പെട്ടെന്ന് കാറ്റിൻ്റെ ശക്തിയാൽ ജനലുകൾ തമ്മിൽ കൂട്ടിയിടിക്കുന്നു. കിഴക്കേ മലമടിക്കിൽ നിന്നും കുറുക്കൻ ഓരിയിടുന്നു. അവൾ ഒന്നു വിരണ്ടു. അവളുടെ തൊണ്ടകൾ വരളുന്നു. ഭയം മനസിലൊതുക്കി മുന്നോട്ടേക്ക് ചലിക്കുന്നു. ഒടുവിൽ അവൾ എത്തേണ്ടിടത്ത് എത്തി. അവളുടെ ഭർത്താവിൻ്റെ പ്രതിബിംബത്തിനു മുന്നിൽ എത്തി. കത്തുന്ന മെഴുകുതിരിക്കു മുന്നിൽ അവൾ കഴിഞ്ഞകാലം ഒന്നോർത്തു പോയി.....



ദേവനന്ദ എസ് ആർ

9 B

# മാതാപിതാ ഗുരു ദൈവം

മാതാപിതാ ഗുരു ദൈവം എന്ന് ചൊല്ലിത്തന്ന് പഠിപ്പിച്ച സംസ്കാരമാണ് നമ്മുടേത്. സാക്ഷാൽ ദൈവത്തിന് പോലും മാതാപിതാക്കൾക്കും ശേഷമാണ് സ്ഥാനം. അപ്പോൾ മാതാപിതാക്കൾ ദൈവതുല്യർ അല്ല, പകരം ദൈവങ്ങളെക്കാളും ശ്രേഷ്ഠരാണ്. ദൈവത്തിന് എല്ലാവരുടെ അടുത്തും വരാൻ സാധിക്കില്ല, അതുകൊണ്ടാണ് ദൈവം മാതാപിതാക്കളെ സൃഷ്ടിച്ചത്. ഇവിടെ ദൈവം മനുഷ്യ രൂപത്തിലാണ്. അദൃശ്യമായതും, അപ്രമേയവും രൂപത്തിൽ അവതരിപ്പിച്ച സജ്ജനമാണ് മാതാപിതാക്കൾ. സ്നേഹരൂപമാണ് മാതാപിതാക്കൾ.

നമ്മെ കാണും മുമ്പേ, ഒന്നും കേൾക്കും മുമ്പേ, നമ്മുടെ ഗുണങ്ങൾ അറിയും മുമ്പേ, നമ്മളെ എത്രയോ അധികം സ്നേഹിച്ചവരാണ് നമ്മുടെ മാതാപിതാക്കൾ. കൺതുറന്ന നാൾ മുതൽ താങ്ങും തണലുമായി സ്നേഹവും വാത്സല്യവുമായി മാറോട് ചേർത്തു പിടിച്ചവർ. ആഴമേറും സ്നേഹവും ഉൾക്കരുത്തും സഹനവും ത്യാഗവും ആത്മവും ഉള്ളിൽ ഒളിപ്പിച്ചവർ. ജനിച്ച ദിന നാൾ മുതൽ കൈപിടിച്ച് നടത്തിയ ആ വഴികളിലൂടെ തിരിഞ്ഞു നോക്കുമ്പോൾ ഇന്ന് ആ കണ്ണു നനവുകളിലൂന്നിയ കരുത്ത് ഇന്നും അത്ഭുതമായി അനുഭവപ്പെടുന്നു. അമ്പിളിമാമനെ കാണിച്ച് ഊട്ടിയും, മക്കൾ വേദനിക്കുമ്പോൾ അറിയാതെ ഉള്ളിൽ തേങ്ങി കരഞ്ഞും, നല്ല പാതയിലേക്കുള്ള ദിശ കാണിച്ചു തന്നും, ശാസിച്ചും, തലോടിയും, വേദനിക്കുമ്പോൾ ആശ്വസിപ്പിച്ചും, ആഗ്രഹങ്ങൾ ഒക്കെ സാധിച്ചുതന്നും, സ്നേഹത്തിന്റെ വൻ വൃക്ഷമായി ജീവിതത്തിൽ എന്നും തണൽ വിരിക്കുന്നവരാണ് മാതാപിതാക്കൾ..

ഞാൻ കണ്ടതിൽ വച്ച് മാതാപിതാക്കളെക്കാളും പ്രഗത്ഭരായ രണ്ടു വ്യക്തികളെ ഞാൻ കണ്ടിട്ടില്ല. ഞാൻ കണ്ടതിൽ വച്ച് ഏറ്റവും നല്ല ഗായിക എന്റെ അമ്മയാണ്. ഏത് സംഗീതജ്ഞനോ ഒരു വലിയ സന്തോഷത്തോടെ ഉണരുന്നത് ആദരവോടെ ഉറക്കുന്നത് അത് സ്വന്തം അമ്മയുടെ താരാട്ട് പാട്ടാണ്. ഈ ഭൂമിയിലേക്ക് പിറന്ന് വീഴുന്ന ഓരോ കുഞ്ഞും കേൾക്കുന്നത് സംഗീതം പഠിച്ച ആളുടെയോ അവാർഡ് നേടിയ ആളുടെ സ്വരമല്ല രാഗവും താളവും ഇല്ലെങ്കിലും, ആഴത്തിൽ സ്പർശിക്കുന്ന താരാട്ട് പാട്ട് തന്നെയാണ്. അമ്മയുടെ താരാട്ട് പാട്ടിനോളം മാധുര്യം ഏറിയ മറ്റൊന്ന്, ഞാൻ കേട്ടിട്ടില്ല. അത് നമ്മുടെ അമ്മമാരാണ്. ഈ ലോകത്തിലെ മികച്ച ഗായികമാർ.

ഞാൻ കണ്ട ഏറ്റവും വലിയ കാഥികന്മാർ, എന്റെ മാതാപിതാക്കളാണ്. പകലന്തിയോളം കഠിനവും പ്രയാസമേറിയ ജോലിഭാരമായ അദ്ധ്വാനത്തിൽ വിശ്രമമില്ലാതെ പണിയെടുത്തിട്ടും എത്ര മനോഹരമായ കഥകളാണ് അവരിൽ നിന്നും ജനിക്കുന്നത്. ആരും കേൾക്കാത്ത, ഇതുവരെ പറഞ്ഞു കേട്ടിട്ടില്ലാത്ത, എത്രയെത്ര കഥകൾ... അച്ഛനമ്മമാരും മോശമല്ല. അത് അവരാണ്, ഏറ്റവും നല്ല കാഥികന്മാർ...

ലോകം കണ്ടതിൽ വച്ച് ഏറ്റവും നല്ല അഭിനേതാക്കൾ അവരാണ്, മാതാപിതാക്കൾ. സങ്കടങ്ങൾ ഉള്ളിലൊതുക്കി, അധരത്തിൽ പുഞ്ചിരിയുമായി നമ്മുടെ മുന്നിലേക്ക് വന്നവർ.. പകലന്തിയോളം പണിയെടുത്ത് ക്ഷീണിച്ച് വീട്ടിൽ വരുമ്പോൾ, ക്ഷീണമില്ലെന്ന് നടിച്ച് നമ്മളോടൊപ്പം കളിക്കുന്ന.. അവരാണ് യഥാർത്ഥ അഭിനേതാക്കൾ. തോറ്റുപോയെന്ന് തോന്നുമ്പോള് ഒരു തട്ട് തന്ന്, "ഇതല്ലെങ്കിൽ നമ്മൾ അടുത്തത് നോക്കാമെന്ന്"

ഒരു ഡയലോഗിൽ അച്ഛൻ ഏറ്റവും വലിയ മോട്ടിവേറ്ററായി.. ചൊല്ലി
തന്നതിനേക്കാൾ കൂടുതൽ ജീവിച്ച് കാണിച്ച, ജീവിതം പഠിപ്പിച്ച
അധ്യാപകരായി...
എല്ലാത്തിലും മികച്ചവരാണവർ...
സുഹൃത്തുക്കളിൽ ഏറ്റവും ശ്രേഷ്ഠരായവർ...
അധ്യാപകരുടെ അധ്യാപകരായവർ...
അനന്തമായ വ്യോമാസ്സ് പോലെ സ്നേഹം അളന്ന നോക്കാതെ ചൊരിഞ്ഞവർ...
അവരാണ് മാതാപിതാക്കൾ....



ധ്യതി പി
9 A

# കാർട്ടൂണുകൾ

IX B









# ചിത്രശലഭം

വർണ്ണത്തിളപ്പിന്റെ ലോകത്ത്
വർണ്ണങ്ങൾ വാരിവിതറുന്നു ഞാൻ
മധുനുകരാൻ പറന്നു നടക്കുന്ന
ഒരു പാവം കൊച്ചു പൂമ്പാറ്റ ഞാൻ
പുഷ്പങ്ങളുടെ വംശവർദ്ധനവിന്
കാരണമായ മഴവില്ലിൻ
അഴകുള്ളവൾ ഞാൻ
പലപല ദേശങ്ങൾ ചുറ്റിക്കറങ്ങുന്ന
പൂഞ്ചിറകുള്ളൊരു പൂമ്പാറ്റ ഞാൻ
പാരാകെ നന്മ പരത്തി പറക്കുന്ന
പുള്ളിച്ചിറകുള്ള മാലാഖ ഞാൻ

അൻഷുല.വി
9B


നിയമം
ജയിൽ അഴികൾക്ക് ഇടയിലൂടെ
കാണാനായി...
ക്രൂരമുഖമുള്ള എന്നാൽ
ആരോഗ്യവാനായ ഒരു വയസ്സനെ
ഇയാൾ കുറ്റക്കാരൻ തന്നെയോ?
ഞാൻ സ്വയം ചോദിക്കയായി
ഇയാൾ ചെയ്ത കുറ്റമെന്ത്?
വളരെ ചെറുതൊന്ന്
തീവണ്ടിയിൽ വച്ച് താൻ കാരണം
പുറത്ത്ച്ചാടി മരിക്കാനായ ഒരു പാവം
സ്ത്രീയെ പീഡനത്തിനിരയാക്കി
ഇദ്ദേഹം പണക്കാരനായ
സിനിമാനടനല്ല
ഒരു പാവം സ്ത്രീയെകൊന്ന കൊടും
കുറ്റവാളി...
LAW
അനന്തപാർവതി
9A

# ഞാൻ മലാല

നോബൽ സമ്മാനം ലഭിച്ച ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായ മലാല യൂസഫ്സായുടെ ജീവിത കഥ പറയുന്ന പി എസ് രാകേഷിന്റെ പുസ്തകമാണ് ഞാൻ മലാല.

സ്ത്രീ വിദ്യാഭ്യാസ സ്വതന്ത്രചിന്തകൾ ഉണ്ടാകുന്നതിനെയും വല്ലാതെ ഭയപ്പെടുത്തിയ മതം മൗലികവാദക്കാരായ പാക്കിസ്ഥാനിലെ സ്വാത്ത് താഴ്വര ഒരുകാലത്ത് അടക്കി വാണ താലിബാൻകാർക്കെതിരെ സ്ത്രീ വിദ്യാഭ്യാസത്തിനായി ആദ്യമായി ശബ്ദമുയർത്തിയ 14 വയസ്സുകാരിയുടെ ജീവിതവും ജീവിതത്തെ മാറ്റിമറിച്ച രണ്ടാം ജന്മവും, ഇന്നൊരു 15 കാരിയായ എന്നെ ഏറെ അമ്പരപ്പിച്ചു.

EDUCATION



ഇടയ്ക്ക് പുസ്തകത്തിലെ മലാലയുടെ ഒരു ഡയറിക്കുറിപ്പിലെ ഭാഗം ഓർമ്മവന്നു. മരിക്കൽ ഒരു കുട്ടിയോട് ഒരു പത്രപ്രവർത്തകൻ "എന്തിനാണ് താലിബാൻ വിദ്യാർത്ഥികളെ കൊല്ലുന്നത് എന്നാണ് കരുതുന്നത്?"എന്ന് ചോദിച്ചപ്പോൾ കുട്ടി പറഞ്ഞത് എന്നെ ഏറെ സ്വാധീനിച്ചു. 'കയ്യിലെ പുസ്തകത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് കുട്ടി പറഞ്ഞത് "കാരണം അവർക്ക് ഇതിനുള്ളിൽ എന്താണെന്ന് അറിയില്ല അവർ അതിനെ ഭയക്കുന്നു "എന്നാണ് '.

'ചോളപ്പൂവ് 'എന്ന അർത്ഥം വരുന്ന 'ഗുൽമക്കായി' എന്ന തൂലികാനാമത്തിൽ മലാല എന്ന 12 വയസ്സുകാരി അന്ന് എഴുതിയ ബ്ലോഗായിരുന്നു താലിബാനെതിരെ ആയുധമായി മാറിയത്.

തീവ്രവാദത്തിനും ദാരിദ്ര്യത്തിനും നിരക്ഷരതയ്ക്കും എതിരെയുള്ള പോരാട്ടത്തിൽ പുസ്തകവും പേനയും ആണ് ഏറ്റവും ശക്തമായ ആയുധം എന്ന് ലോകജനതയെ ബോധ്യപ്പെടുത്തിയ മലാല യൂസഫ് സായിയുടെ ജീവിതകഥ ആവിഷ്കരിച്ച ഈ പുസ്തകം അറിവിന്റെ മൂല്യത്തെ തിരിച്ചറിയുന്ന ഏതൊരാളെയും അമ്പരപ്പിക്കും.

മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന സന്ദേശവും അറിവ് എന്ന ശക്തികൊണ്ട് ഏതൊരു പ്രതിസന്ധിയെയും മറികടക്കാൻ നമുക്ക് സാധിക്കുമെന്നും ജീവിതത്തെ ധൈര്യത്തോടെ നേരിടണമെന്നും മലാലയുടെ ജീവിത കഥ പറയുന്ന ഈ പുസ്തകം പറഞ്ഞുവയ്ക്കുന്നു.



അഞ്ജന എം എം
IX B

# 'എന്റെ ജീവിതം' - ചാർളി ചാപ്ലിൻ

## "ജീവിതം അരങ്ങിലാടിയ കലാകാരൻ"

ചാൾസ് സ്പെൻസർ ചാപ്ലിൻ ' എന്ന 'ചാർളി ചാപ്ലിൻ ' ലോകം കണ്ട ഏറ്റവും മഹാനായ കലാകാരൻ, ചാർളി ചാപ്ലിന്റെ ആത്മകഥ.1883 ഏപ്രിൽ 16ന് ലണ്ടനിൽ ജനിച്ചു. പിതാവിന്റെയും മാതാവിന്റെയും അഭാവത്തിൽ ചാപ്ലിനും സഹോദരൻ സിഡ്നിയും അനാഥാലയത്തിലായി 17 വയസുള്ളപ്പോൾ നാടക കമ്പനിയിൽ ചേർന്നു. അമേരിക്കയിലെത്തിയ ചാപ്ലിനെ സിനിമ നിർമാതാവ് അഭിനയിക്കാൻ ക്ഷണിച്ചു. ചാപ്ലിന്റെ സിനിമ വേഷം പ്രസിദ്ധമാണ് കുറി മീശ, ഇറുകിയ കോട്ട്, അയഞ്ഞ് കിടക്കുന്ന കാലുറ,വലിയ ഷൂസ്, തലയിലൊരു തൊപ്പി, കയ്യിലൊരു വടി ഇപ്രകാരമുള്ള രൂപത്തിന്റെ 'നാടോടി' വേഷം ഏറെ ശ്രദ്ധയാകർഷിച്ചു. സ്വന്തം സിനിമ കമ്പനിയുടെ രൂപീകരണത്തിന് ശേഷം സ്വന്തം കമ്പനിയുടെ സിനിമകളിൽ മാത്രമേ അഭിനയിച്ചിട്ടുള്ളു. ധനികരെയും, ശ്രീമാന്മാരെയും, ഉദ്യോഗാധികാരികളെയും വിമർശിച്ചുകൊണ്ടുള്ള ചിത്രങ്ങൾ ഇറങ്ങി ദി ഗ്രേറ്റ് ഡിക്റ്റേറ്റർ, എ കിങ് ഓഫ് ന്യൂയോർക് എന്നി സിനിമകൾ നിർമിച്ചു. 1978ൽ ലോകത്തോട് വിടപറഞ്ഞ ഈ അനശ്വര കലാകാരൻ ഇന്നും പല സിനിമകളിലൂടെയും പുസ്തകങ്ങളിലൂടെയും നമ്മുടെ മനസ്സിൽ ഇന്നും ജീവിക്കുന്നു അത്തരത്തിലുള്ള ചാപ്ലിന്റെ പുസ്തകങ്ങളിൽ പ്രസിദ്ധമായ ഒന്നാണ് 'എന്റെ ജീവിതം' എന്ന അദ്ദേഹത്തിന്റെ ആത്മകഥ. കഷ്ടതയുടെയും പ്രശസ്തിയുടെയും ഉയരങ്ങൾ കീഴടക്കുമ്പോഴും ജീവിതത്തിന്റെ ഇരുട്ട് മുറികളിൽ വീണ കണ്ണീരിന്റെ ചൂടിൽ സ്പർശിക്കുന്ന കൃതി സ്നേഹത്തിന്റെ തീവ്ര പ്രവാഹം കൊണ്ട് മാത്രം ചാപ്ലിൻ ജന ഹൃദയങ്ങളെ കീഴടക്കുന്നു (എന്റെ ഇഷ്ടപ്പെട്ടതാണ് വായിച്ചാലും ചെയ്യുന്നു)

**"MY FAITH IS IN THE UNKNOWN. I NEITHER BELIEVE NOR DISBELIEVE IN ANYTHING..."**

എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇന്ന ഏതൊരാളിലും ഇന്നും നിലകൊള്ളുന്നു. തന്റെ ജീവിതത്തിൽ തന്റെ ബാല്യം മുതൽ ലക്ഷ്യം പൂർത്തിയാക്കുന്നതു വരെയുള്ള എല്ലാ ദിവസത്തെയും അനുഭവങ്ങൾ ചാപ്ലിൻ ഈ പുസ്തകത്തിലൂടെ പങ്കുവയ്ക്കുന്നു."ഡിക്കൻസിന്റെ കഥാപാത്രങ്ങൾ എന്നെ വളരെയധികം ആകർഷിച്ചത് മൂലം അവരെ ബ്രൗൺസ്ബി വില്യംസ് അനുകരിക്കുന്നതിനെ ഞാൻ അനുകരിച്ചു




വളർന്നു വരുന്ന ഒരു പ്രതിഭയെ അധികനാൾ ഒളിപ്പിക്കാൻ കഴിയില്ലല്ലോ. അങ്ങനെ ഒരു ദിവസം ഞാൻ മറ്റുകുട്ടികൾക്ക് മുൻപാകെ അനുകരണം നടത്തുന്നത് 'മി. ജാക്സൺ' കണ്ടു അന്നുമുതൽക്കേ ഞാൻ ഒരു പ്രതിഭയാണെന്ന് പ്രഖ്യാപിക്കപ്പെട്ടു ലോകം ഇതറിയണമെന്ന് അദ്ദേഹം ആഗ്രഹിച്ചു വിദ്യാലയത്തിലെ ആ സംഭവം നടന്നത് മിഡിൽസ്ബ്രോയിലെ തിയേറ്ററിലാണ്. ഞാൻ പഠിപ്പിക്കുന്നതിൽ സഹായിച്ചിരുന്ന സ്കൂളുകൾ ബഹളമുണ്ടാക്കാൻ തുടങ്ങി ചാൾസ് ഡിക്കൻസിന്റെ വർണനകളാൽ എന്നാ നിലയിലുള്ള എന്റെ തൊഴിലിന്റെ


ചാൾസ് ഡിക്കൻസിന്റെ വർണനകളാൽ എന്നാ നിലയിലുള്ള എന്റെ തൊഴിലിന്റെ അന്ത്യമായിരുന്നു അത് "അതിനാൽ കായികാഭ്യാസിയായി തീരണമെന്ന് ഞാൻ മോഹിച്ചു അതിനിടെ ഒരു ദിവസം ഞാൻ റോഡ് തല്ലയിൽ ഇടിച്ചതോടെ എന്റെ കായികാഭ്യാസ മോഹവും അവസാനിച്ചു" എന്ന് സന്ദർഭങ്ങൾ എഴിക്കോളെ ഇഷ്ടമായി കാണാം വളർന്ന ആത്മാഭിമാനിയായ ഒരു കലാകാരന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ജീവിതലക്ഷ്യങ്ങളെല്ലാം ഈ വരികളിൽ നമുക്ക് കാണാൻ സാധിക്കുന്നു അങ്ങനെയുള്ള ഒരു ലോകോത്തരനായിരുന്നു 'ചാർളി ചാപ്ലിൻ'. ചാർളി ചാപ്ലിൻ, സിഡ്നി, അമ്മ, ജോക്കർ, ആംസ്റ്റ്രോങ് മാന്നേഴ്സ്, ഹെയ്നലെൻ, തുടങ്ങിയ കാലത്തെ കുട്ടികൾ തിരിച്ചറിയും ചാപ്ലിനിലൂടെ ഒരു പുസ്തകമാണിത് ബാല്യകാലത്തിൽ അഫോട് കഷ്ടപ്പാടും രോഗങ്ങളും സഹിച്ചുവരാഷയായാണ് ജോലിയിൽ ഇതിനിടയിലേക്കെത്തിച്ചേർന്ന ചാപ്ലിനെ പോലെയുള്ളവർ എന്ന പാഠവും ഈ പുസ്തകത്തിലൂടെ നമുക്ക് ലഭിക്കുന്നു. ഒരു മികച്ച സന്ദേശം അതാണ് ഈ

അഞ്ജന എം എം
5 B

# INTERESTING FACTS ABOUT TECHNOLOGY

Do you know the current layout of the QWERTY keyboard is the outcome of a solution to slow down the typing speed ?





Vladimir Sergeevich Lukyanov built the worlds first computer in 1936 that solved differential in partial derivatives , the amazing fact is that the machine was driven by water.

Wikipedia a vast collection of crowd - sourced information available online.Do you know that thousands of bots(automated programs) currently maintain Wikipedia pages?





The world's first computer mouse was invented at Stanford Resaerch Institute(SRI) in the 1960s.The equipment was called as "X-Y position indicator for displays".


**BY : PARVANA RB**

# THE BLACK BOARDS EVIL TWIN

*One day my neighbour. Mr William shouted a rather deafening scream.I saw a mark and black chalk near me so i went in to Mr. William's home. Its usually locked but a blackboard sized hole but i remembered i saw a black chalk so it was definitely a white board. I decided to see Mr "ROBERT" another scream! Then i saw a bloody knife! I ran up but the whiteboard was already on the loose! I saw the TV was on and he thought William was watching TV meaww....e. The news channel came on. The accident rate was one hundred percent! I went on a plane flight to insearch for more clues but the whiteboard broke the engine and i crashed down and down into the ocean! sike. I crashed on the statue of liberties leg! The statue of liberty caught on fire and i almost died! I threw my magnifying glass that knocked the white board out cold! It died because it stayed in water and i was counted as a hero.*



– **Gopika pramod**



# The Piece Of Advice

I woke up in the morning And saw,
The magical colours of Sun
crawling into my eyes, giving me tickles
'what a beautiful day' I screamed
Suddenly I heard a thunder crackling
followed by a dark storm.
"Oh, what a beautiful day ha ha ha"
Thunder laughed at me.
As I was looking, dark storm
covered the Sun with its
dark blanket.
The Sun was gone by giving me
A piece of advice
'Nothing forever, so live happily
when you have time to be'

Anandhaparvathy



# യുദ്ധത്തിനൊരുങ്ങവേ .....

ആന തേർ കാലാൾ പട തൻ വ്യൂഹവുമായ്
കുരുക്ഷേത്രഭൂവും ഒരുങ്ങുകയായ് .
യുദ്ധകാഹളമെങ്ങും മുഴങ്ങിടവേ
യോദ്ധാക്കൾ കൂട്ടമായെത്തിടവേ
നിശ്ചലനായ് നിന്നു ഞാൻ ഒരുമാത്ര
ഗതകാല സ്മരണയിൽ മുഴുകി.
എത്രയോ സ്നേഹിച്ച സോദരരെ
അധികാര ദുർമോഹത്താലെ ഞാനും.
ബാല്യകാലത്തിലെ കുസൃതികൾ പോലും
ഞാൻ പകയോടെ മാത്രമേ കണ്ടിട്ടുള്ളൂ.
പൊല്ലാപ്പറിയാതെന്നോർക്കാതെ ഭീമനെ
സോദരനെന്ന് ഞാൻ നിനച്ചതില്ല
അർജ്ജുനൻ വില്ലാളിവീരനെന്നാകിലും
പുച്ഛമോടല്ലാതെ കണ്ടതില്ല
ധർമ്മത്തെ കാക്കുന്ന യുധിഷ്ഠിരനെപ്പോലും
ശത്രുവായി മാത്രമേ കണ്ടുള്ളൂ.
ദ്രൗപദി പാഞ്ചാലി ദേവിയെപ്പോലും
കാരുണ്യം കാണിക്കാൻ തോന്നിയില്ല.
നീതിക്കായി നിൽക്കുന്ന യാദവ പുത്രനെ
ശത്രുവായെന്നും ഞാൻ മനസ്സിൽ കണ്ടു.

ഒടുവിലീ യുദ്ധത്തിൽ ജയമായ്
എത്തുകിൽ
പാപമാം ഭീതിയും കനക്കും .
സോദരർ തന്നിൽ ഈ പോരാട്ടമില്ലാതെ
ശാന്തി പുലർത്തുവാൻ സാധിച്ചെങ്കിൽ.
അതിനു കഴിയാത്ത കാലം അതിനു
കഴിയാത്ത കാലമാണ്
യുദ്ധത്തിൽ മൃത്യു വരിക്കാൻ കഴിയട്ടെ
സോദരർ തൻ കൈയാൽ മൃത്യു വരിക്കാൻ
കാത്തു കാത്തു ഞാൻ നിൽക്കും വീരനായ്

-[illegible]

# ആലിപ്പഴങ്ങൾ

[illegible]

[illegible]



[illegible]

— ആര്യനന്ദ.പി
9-A

## സാഹിത്യകാരനെ അറിയാം...

### വൈക്കം മുഹമ്മദ് ബഷീർ

1908 ജനുവരി 21ന് വൈക്കം താലൂക്കിലെ തലയോലപ്പറമ്പിൽ, കായി അബ്ദുറഹ്മാന്റെയും കുഞ്ഞാത്തുമ്മയുടെയും മകനായി ജനിച്ചു. മലയാളസാഹിത്യത്തിൽ തനതായ ഒരു ശൈലി വെട്ടിത്തെളിച്ച വൈക്കം മുഹമ്മദ് ബഷീർ വിദ്യാർത്ഥിയായിരിക്കെ തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. ഉപ്പുസത്യാഗ്രഹത്തിൽ ഭാഗമായതിനെത്തുടർന്ന് പോലീസ് അറസ്റ്റ് ചെയ്ത് ജയിലിലാക്കി. ജയിലിൽനിന്ന് പുറത്തുവന്ന അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസവും മർദ്ദനവും വീണ്ടും ഏറ്റുവാങ്ങി. വർഷങ്ങളോളം ഇന്ത്യയുടെ വിഭാഗങ്ങളിലും അറേബ്യൻ രാജ്യങ്ങളിലും ആഫ്രിക്കൻ തീരപ്രദേശങ്ങളിലും ബഷീർ സഞ്ചരിക്കുകയും പല പല ജോലികളിൽ ഏർപ്പെടുകയും ചെയ്തു. ഹൈന്ദവസന്യാസിമാരുടെയും സൂഫിവര്യന്മാരുടെയും കൂടെ കുറെക്കാലം കഴിച്ചുകൂട്ടി. ധാരാളം അലഞ്ഞുതിരിഞ്ഞശേഷം കേരളത്തിൽ മടങ്ങിയെത്തി സാഹിത്യരംഗത്തേക്കെത്തി.



വിവിധഭാഷകളിലായി കൃതികളും ഗ്രന്ഥങ്ങളുടെ കർത്താവാണ് ബഷീർ. അദ്ദേഹത്തിന്റെ പ്രധാനകൃതികൾ നിരവധി വിദേശഭാഷകളിലേക്കും തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരളസാഹിത്യ അക്കാദമി ഫെലോഷിപ്പ്, പത്മശ്രീ, ലളിതാംബിക അന്തർജ്ജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം, സ്വാതന്ത്ര്യസമരസേനാനിക്കുള്ള താമ്രപത്രം തുടങ്ങി നിരവധി പുരസ്കാരങ്ങൾ ബഷീറിന് ലഭിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഭാര്യയുടെ പേര് ഫാത്തിമ ബീവി എന്നാണ്. കഥകളുടെ സുൽത്താനായ ബഷീർ ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്നു. ബേപ്പൂരിലെ വൈലാൽ എന്ന വസതിയിൽ മാങ്കോസ്റ്റീൻ മരത്തിന്റെ കീഴിലിരുന്നായിരുന്നു അദ്ദേഹം കഥകൾ എഴുതിയിരുന്നത്. 'പ്രേമലേഖനം' ആണ് ഇദ്ദേഹത്തിന്റെ ആദ്യ നോവൽ. ബാല്യകാലസഖി, മതിലുകൾ, ആനപ്പൂട, ശബ്ദങ്ങൾ, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, ഭൂമിയുടെ അവകാശികൾ എന്നിവയാണ് ഇദ്ദേഹത്തിന്റെ മറ്റ് പ്രധാനകൃതികൾ. 1994 ജൂലൈ 5ന് ഈ അനശ്വരസാഹിത്യകാരൻ ഇഹലോകവാസം വെടിഞ്ഞു.

- ഷിർബ എസ്

IX A

# കാത്തിരിപ്പ്

എം ടി വാസുദേവൻ നായരുടെ മനോഹരമായ കാത്തിരിപ്പിന്റെ നോവലാണ് മഞ്ഞ്. മഞ്ഞ് എന്ന നോവൽ മലയാളിയെ കാത്തിരിക്കാൻ പഠിപ്പിച്ചു. പതിവ് വള്ളുവനാടൻ ശൈലിയിൽ നിന്നും വ്യത്യസ്തമായി നൈനിറ്റാളിന്റെ പശ്ചാത്തലത്തിൽ വിരിഞ്ഞുവീണ ഒരു പൂവാണ് മഞ്ഞ്. എന്തിനോ വേണ്ടി കാത്തിരിക്കുന്ന കുറേ മുഖങ്ങൾ. വിമല തന്റെ കാമുകന് വേണ്ടി കാത്തിരിക്കുന്നു. ബുദ്ദു എന്ന തോണിക്കാരൻ താൻ ഇതുവരെ കാണാത്ത തന്റെ അച്ഛനുവേണ്ടി കാത്തിരിക്കുന്നു. സർദാർജി മരണത്തിനുവേണ്ടി കാത്തിരിക്കുന്നു. കാത്തിരിപ്പിന്റെ വ്യത്യസ്തമായ പല മുഖങ്ങൾ.



അത് ഒരു അവധിക്കാലം ആയിരുന്നു. ബോർഡിങ് സ്കൂൾ ടീച്ചറായ വിമല ആ അവധിക്കാലത്തും വീട്ടിൽ പോകാതെ കാമുകന് വേണ്ടി കാത്തിരിക്കുന്നു. അവസാനത്തെ കുട്ടിയും ഹോസ്റ്റലിൽ നിന്നും പോയി. നിർജീവമായി അവൾ ആ റൂമിൽ കാമുകൻ ബാക്കിവെച്ച ഓർമകളുമായി കഴിയുന്നു. നൈനിറ്റാളിന്റെ ഹൃദയത്തിൽ തടാകത്തിൽ തോണിയും തുഴഞ്ഞ് തൻ്റെ അച്ഛൻ്റെ മുഖം തിരയുകയാണ് ബുദ്ദു. വിമല ബുദ്ദുവിനോട് പറഞ്ഞു വരും. വരാതിരിക്കില്ല. വിമലയുടെ അച്ഛൻ മരിച്ച് വിമല മനസ്സില്ലാമനസ്സോടെ വീട്ടിലേക്ക് പോകുന്നു. ഒന്ന് കരയുക പോലും ചെയ്യാൻ വയ്യാത്തത്ര മരവിച്ച പോയിരുന്നു അവൾ. അമ്മ ഏതു നേരവും ചായവും തേച്ച് തൻ്റെ പക്കൽ പോകും.




അനിയൻ ഏത് നേരവും മദ്യവും മയക്കുമരുന്നും. അവൾ വീട്ടിൽ നിന്ന് രണ്ട് ദിവസത്തിനകം നൈനിറ്റാളിലേക്ക് മടങ്ങി. വീട് അവളെ അത്രമേൽ മടുപ്പിച്ചിരുന്നു. സഞ്ചാരിയായി വന്ന സർദാർജിയുമായി പരിചയത്തിൽ ആയി. സർദാർജിക്ക് നല്ല പ്രായമുണ്ടായിരുന്നു. അയാൾക്ക് വിമലയോട് പ്രണയം തോന്നുന്നു. വിമല അത്

കാത്തിരിപ്പ് എന്താണ് നമുക്ക് സമ്മാനിക്കുന്നത് ആദ്യമൊക്കെ പ്രതീക്ഷയുടെയും പ്രത്യാശയുടെയും കരങ്ങൾ നമ്മെ വന്ന് പൊതിയും പിന്നീട് ദുഃഖം നമ്മെ പൊതിയും ഇതു മാത്രമാണ് കാത്തിരിപ്പ് സമ്മാനിക്കുന്നത്. തിരിച്ചുവരുമെന്ന ഒറ്റ പ്രതീക്ഷയാണ് സുധീർകുമാർ മിശ്രയെ വിമല കാത്തിരിക്കുന്നത്. പക്ഷേ അതിന് ഒരു ഉറപ്പുമില്ല. വെറും ഒരു വിശ്വാസത്തിൻ്റെ മേൽ കാത്തിരിക്കുകയാണ് നോവലിലെ മൂന്നുപേരും. പുതിയ കാലത്തെ ഒരു സ്ത്രീ മുഖം കൂടി വിമലയിൽ തെളിയുന്നുണ്ട്. സ്വന്തമായി അധ്വാനിച്ച് മറ്റുള്ളവരുടെ മുന്നിൽ തലയുയർത്തി നിൽക്കുന്ന ഒരു സ്ത്രീ. കാലിൽ നിൽക്കുന്നത് കൊണ്ട് തന്നെ ആരും അവളെ ചോദ്യം ചെയ്യുന്നില്ല. സ്വന്തം ജീവിതപാത സ്വയം തിരഞ്ഞെടുക്കുന്നു പക്ഷേ മറുവശത്ത് കാത്തിരിപ്പാണ്. 'വരും വരാതിരിക്കില്ല' വിമലയുടെ ഈ ചിന്താഗതി സുധീർകുമാർ മിശ്രയോടുള്ള അവളുടെ വിശ്വാസവും സ്നേഹവും തെളിയിക്കുന്നു. ബുദ്ധുവിനോടും ' വരും വരാതിരിക്കില്ല' എന്ന് വിമല പറയുന്നുണ്ട്. കാവ്യാത്മകതയുടെ അങ്ങേതലയാണ് നോവലിലെ വരിയും. ഹിമാലയത്തിന്റെ മടിത്തട്ടിൽ കിടക്കുന്ന നൈനിറ്റാളിന്റെ തണുപ്പിനെ പറ്റി ഒരു യാത്രാവിവരണം വായിച്ചത് പോലെ എനിക്ക് അനുഭവപ്പെട്ടു. ഗദ്യമായിട്ടുള്ള ഒരു കാവ്യാത്മകമാസ്മരികലോകം തീർക്കുകയാണ് മഞ്ഞിൽ എം.ടി. ഒരിക്കൽപോലും നേരിട്ട് കാണാത്ത തൻ്റെ അച്ഛനെ കാത്തിരിക്കുന്ന ബുദ്ധുവിന്റെ കൈയിൽ താൻ നിധി പോലെ സൂക്ഷിക്കുന്ന ഒരു ഫോട്ടോ മാത്രമാണ് അച്ഛന്റേതായി ഉള്ളത്. വേനൽക്കാലത്ത് സഞ്ചാരികളെ കാത്തിരിക്കുന്ന നൈനിറ്റാൾ പശ്ചാത്തലം പോലും കാത്തിരിക്കുകയാണ്.

മലയാളിയെ കാത്തിരിക്കാൻ പഠിപ്പിച്ച കാത്തിരിപ്പിന്റെ പ്രാധാന്യത്തിനെ പറ്റി പറഞ്ഞ ഒരു നോവലാണ് മഞ്ഞ് അഥവാ കാത്തിരിപ്പ്. കാത്തിരിപ്പിന്റെ സുഖം വിഷാദമാണ്. 9 വർഷമായി കാത്തിരിക്കുന്ന വിമല സ്നേഹത്തിൻെറ പ്രതീകമാണ്, സ്നേഹമുള്ളതുകൊണ്ടാണ് കാത്തിരിക്കുന്നത്. സ്ത്രീയുടെ മനോശക്തിയെയും സ്നേഹത്തെയും പ്രണയത്തെയും കാത്തിരിപ്പിനെയും എല്ലാം പറ്റി പറയുന്ന വ്യത്യസ്തമായ ഒരു അനുഭൂതിയാണ് എനിക്ക് മഞ്ഞ് സമ്മാനിച്ചത്. ഏതൊരു മലയാളിയും വായിക്കേണ്ട മനോഹരമായ പുസ്തകമാണ് മഞ്ഞ്

ദേവികനന്ദ കെ.കെ
9-C

# Night of Bloom

It was a rainy night, the thunder remarked his dominance all over the sky the rain and lightning was moving as per the order. The angst was clearly resulting in the nature. Moreover anything there was one broken soul that was more terrified and chalant than the nature. Her tears were touching the ground along with the drops of harsh rain. Not able to cry or even make any noise, she was walking, walking along the lonely streets without a specific destination. Her soul was longing peace, tired of this sufferings. Her mind was blank just the tears were streaming down from her oceanic like eyes. Her heart was wanting love, care and affection.

Her whole body was weak still she managed to walk.. not able to run.. run away from her fate, to run away from this tolerance, to run away burning her innocence into ashes.



tearing her insecurities away.

The heart was pounding slowly and steadily. It felt like a million knives were making holes in her crimson pace, by each passing second the heaviness increased. The heartbreak of the abandoned child was hurting the mother nature more than anything. The pure soul that was wandering around knowing that its her last glimpse of this world. The tired lashes were about to giveup when the melodious voice reached to her ears amidst the erupting nature. The voice of that person who was her everything, her guardian, her family, her lover, her suppoter in this lonely world. The voice gave her a rush of comfort and care. She fell on the cold road with a hurtful smile lingering on her smudged lips.

The rain stopped, the moon arrived rushing with a tint of hope and a tight smile hoping but soon both faded away seeing her childs body laying unconscious. The 20 years of her dreadful yet loving lifetime flashed infront of her eyes. How much she wish that soul was given peace and rest to enjoy the lil flowers

life, but no the creator did not want her live as a normal girl, yet gave her a sweet short life of memories before wiping away her existence.

The nature within a second bloomed, the night alongwith with moon appeared to be bright with lightly glowing sun. The flowers and trees and birds assembled to bid her a goodbye. Hoping she wouldn't have to suffer this next life. The day passed more than unexpected, it seemed so strange and unsual to people but they shrugged it off leading with their busy lives. A lonely soul's departure had a great impact on nature but not the outside world.

Years later.

"Patient 036, her case was tragically alot different"- said the elderly doctor who was in his 80's. I still remeber that young girl about 20 years, her case made me believe in something so strong, some souls are meant to be together, to be healed by someone. Its their fate a beatiful faith created by almighty". She was different a lot different that it haunts me to this

day, she was natures daughter, gods own special creation- the incarnation that was left incomoleted". A young psychologist asked the latter "what was so special about her? Doesnt this 'her' have a name? A family to be A family to be precise?". The doctor just smiled, "yes there was someone, her guardian, her lover, her family, she believed in him and he was the source of her life,'He was her butterfly while she was a flower'. But that butterfly of hers of 20 years was just her illusion. There wasn't someone like that nor he existed. The broken soul soul was meant to be healed by a comforting heart, but he was a fiction created by her own subconscious mind. The past 70 years of my life i haven't spend a day without thinking about her whom i met accidentally in my early years of medico". The story was incomplete, the mysteries were hidden behind a large wall with lavender decorated along. The soul might be in peace now. The flower that fallen away without blooming to it's point 'Elle Bloom'.

Sniya B Raj
9 B

ശിവന്യ ടി വി
VI C

# കൊയ്ത്ത് പാട്ട്

എല്ലാരുമെല്ലാരും കൊയ്ത്തിനിറങ്ങി
താഴെപടിഞ്ഞാറ് താഴ്വാമ്പാടത്തു
വിത്താടി വീതാടി കൊയ്ത്തിനിറങ്ങി
എല്ലാരും പത്തുപതിനാറുപേര്
താഴെ പടിഞ്ഞാറ് പോകുന്നവരെ
കൊഞ്ചിക്കുഴഞ്ഞാടി പോകുന്നവരെ
പാലുവം നാട്ടിലും കൊയ്ത്തിനിറങ്ങി

# ലോകമേ നന്നാവൂ

ലോകമെമ്പാടും ഫോണുതന്നെ
ഫോണുകൊണ്ടായി പ്രശ്നങ്ങളും
സ്നേഹമില്ല സന്തോഷവും
കാരണം ഫോണുതന്നെ.
ഫോണുകളിൽ കാണും സ്വർഗമിത്
വാട്സാപ്പ് ഫേസ്ബുക്ക് എന്നിങ്ങനെ
സ്നേഹമെവിടയോ സന്തോഷമെവിടയോ
സ്നേഹവും ചാരം സന്തോഷവും ചാരം
സ്നേഹമേ എൻ ഭവനത്തെ സ്വർഗമാക്കു
എന്ന് കെഞ്ചികുട്ടി
സ്നേഹവും സന്തോഷവും ഒരുമിച്ചുപറഞ്ഞു
പറ്റില്ലകുട്ടി ഫോണുകൾ കാരണം നിൻ-
വീട്ടിൽ ഞങ്ങൾക്ക് സ്ഥാനമില്ല
ഫോണുകൾ ഇല്ലെങ്കിൽ ഈ ലോകവും- നന്നാവും
എന്ന് പറഞ്ഞു കരഞ്ഞു കുട്ടി.

അനന്തപാർവതി.എ
എസ്

# THE BLACK BOARDS EVIL TWIN

*One day my neighbour, Mr William shouted a rather deafening scream.I saw a mark and black chalk near me so i went in to Mr. William's home. Its usually locked but a blackboard sized hole but i remembered i saw a black chalk so it was definitely a white board. I decided to see Mr "ROBERT" another scream! Then i saw a bloody knife! I ran up but the whiteboard was already on the loose! I saw the TV was on and he thought William was watching TV meaww....e. The news channel came on. The accident rate was one hundred percent! I went on a plane flight to insearch for more clues but the whiteboard broke the engine and i crashed down and down into the ocean! sike. I crashed on the statue of liberties leg! The statue of liberty caught on fire and i almost died! I threw my magnifying glass that knocked the white board out cold! It died because it stayed in water and i was counted as a hero.*



**- Gopika pramod**

# ഉഴവ് പാട്ട്

തെതിനം താരോ തെതിനം താരോ
തെതിനം തെതിനം തെതിനം താരോ
കല്ലേലിരിക്കുന്ന കല്ലോരി ഞങ്ങളേ
കല്ലേന്നോട്ടപ്പുറം മാറിരി ഞങ്ങളേ

(തെതിനം)

[illegible]
കല്ലേന്നോട്ടപ്പുറം മാറിരി ഞങ്ങളേ
[illegible]
കല്ലേന്നോട്ടപ്പുറം മാറിരി ഞങ്ങളേ
കല്ലേലി കണ്ടം [illegible] ഞങ്ങളേ
കല്ലേന്നോട്ടപ്പുറം മാറിരി ഞങ്ങളേ

ശിർവന്ദു.ടിഎസ്



# ലഹരി

ഒരേ മരത്തിൻ നിഴൽ കുളിർ ചൂടിയോർ
ഒരേ മഴപെയ്ത്തിൻ തണുപ്പിൻ നനഞ്ഞവർ.
ഒരേ വെയിൽച്ചൂടിൻ പാത താണ്ടിയോർ
ഒരുമിച്ചേറെ നടന്നവർ നാമെങ്കിലും
ഇനിയുമേറെ കാതങ്ങൾ താണ്ടുവാൻ
പാദങ്ങൾക്കുണ്ട് ശക്തിയെന്നാകിലും,
പാതയിൽ ഇടറിയ ചുവടുമായുണ്ടൊരാൾ
ലഹരി തേടി അലഞ്ഞു വിവശനായി–
മരണവാതിലിൻ മുന്നിലായ് നിൽപ്പൊരാൾ.
പകലിരവിൻ ഭേദം മറന്നൊരാൾ.
നിനവിൻ ഉന്മാദം പൂത്തു നിറഞ്ഞൊരാൾ
ഉയരമെത്തും മുന്നേ പിടഞ്ഞുവീഴുവോൻ.
ഉയിരിലൊക്കെയും കൊട്ടും വിഷമയമാകുവോൻ.
കൂട്ടുകാരാ തിരികെ വിളിക്കുവാൻ
പേരുപോലും നീ മറന്നുപോയല്ലയോ.
വിടകങ്ങളിൽ കവലിരിക്കുമാ
അമ്മതൻ പിൻവിളി കേൾക്കുവാനെങ്കിലും
പാതി ബോധം നീ ബാക്കിവച്ചില്ലെന്നോ.
ലഹരി തീണ്ടി നീലിച്ചിരിക്കും നിൻ,
ഉള്ളകങ്ങളിൽ ചെകുത്താൻ ചിരിക്കുമ്പോൾ,
കണ്ണിലെത്തുന്നതെന്തുമെടുത്ത് നീ,
ഭ്രാന്തുമായി കുതി നടത്തുമ്പോൾ..
കെട്ടുപോകുന്ന പ്രതീക്ഷകളൊക്കെയും
ഒട്ടു നാളത്തെ സ്വപ്നങ്ങളല്ലയോ.
കൂടെ നടന്ന വഴികളിലെപ്പോഴോ
നീ കൂട്ടം തെറ്റിയതറിയാതെ പോയല്ലോ.
കൂട്ടുകാരനെന്നു മേനി നടിച്ചിട്ടും
ചേർത്ത് നിർത്തുവാൻ അറിയാതെ പോയ
നാളെ ലോകത്തെ വെളിച്ചമായ് നയിപ്പാ
കച്ചകെട്ടി ഇറങ്ങേണ്ട കൈകളിലൊക്കെ
മധ്യ ചഷകം നിറഞ്ഞു പതയുമ്പോൾ..
വെളുത്ത വിഷപ്പൊടി ലഹരിയായ് സിരകളിൽ
ഇല്ലാചിറകിൻ അബോധമായി പടരുമ്പോൾ..

പുലരി തേടി പറക്കേണ്ട പക്ഷികൾ,
ഇരവ് പാതയിൽ പൊലിഞ്ഞു വീഴുമ്പോൾ
കരുതണം നാം അരുതാത്ത ലഹരികൾ–



# മാമ്പഴക്കള്ളൻ

ചോന്നുതുടുക്കുന്നേരം
ഞാൻ കണ്ണുവച്ച മാമ്പഴം
ഇമ്മിണി വല്യ മാവിൻ,
അങ്ങേച്ചില്ലയിലേക്ക് ഓടിപ്പോയി
കട്ടുതിന്നുന്നതോർക്കുന്നുവോ?
കുഞ്ഞുവയർ നിറഞ്ഞൊന്നു പുഞ്ചിരിച്ച്,
അതിൻ പാതി എനിക്കായ് അടർത്തിയ നാൾ
പളുപളുത്ത മേനിയിൽ മൂന്നുവര-
യതരാമ പുണ്യമെന്നോതി-
ചിൽ ചിലുവെന്നെന്നെ
പരിഹസിച്ചനേരം,
ഇത്തിരി ചരൽക്കല്ലാൽ
ഞാൻ തന്ന
നോവിനാലോ,
മൂവാണ്ടനിക്കരി നേരത്തെ
പൂത്തിട്ടും,
കാൺമാനില്ലല്ലോ നിന്നെ
പൊന്നു
പൂവാലനണ്ണാർക്കണ്ണാ.....

# മൂക്കുകയർ

മീനില്ലാതെ ഊണിറങ്ങില്ല
മത്സ്യം ഭഗവാന് ആദ്യാവതാരം
നായകൾ മുത്തപ്പന് പ്രിയം
ഗണപതിയുടെ മൂഷികൻ,
സരസ്വതിയുടെ പട്ടമാര
ശനിദേവന്റെ കാക്ക,
എന്റെയും നിന്റെയും കൈയ്യൂക്കറിഞ്ഞവ
മുറ്റത്തിഴഞ്ഞ പാമ്പിനെയങ്ങ് തീർത്തപ്പോൾ
ഓർത്തില്ല . അനന്തശയനവും
ശിവന്റെ കണ്ഠമാലയും
കൂകിയുണർത്തുന്നവനെ ചുട്ടുതിന്നുന്നവന്റെ
വിശപ്പിന്മേൽ ആരോ മൂക്കുകയർ മുറുക്കുന്നു
നീ മേച്ചു നടന്ന ഗോക്കൾക്ക് മാത്രം . കണ്ണാ
ചോദിക്കാനും പറയാനും ആളുണ്ടായുള്ളൂ

- പാർവ്വണ.എസ്

# *The Secret of Science*

Science is a magic
If you fail to unlock it's mysteries
It will be tragic !
Science is really awesome
with each discovery-
our understanding blossoms !
Science is really cool
It help us to understand the rule !
Science unlock wonders,
like a key that never blocks!
The secret of science is to explore,
with knowledge we adore !
let's enjoy the wonders of science
piece by piece.

- By : Ainet Vania A S



# സ്വാതന്ത്ര്യദിന പ്രസംഗം

നമസ്കാരം,

ഇന്ന് ആഗസ്റ്റ് 15 ഇന്ത്യ സ്വതന്ത്ര്യം ആയിട്ട് ഇന്നേക്ക് 76 വർഷം തികയുന്നു. ഭാരതത്തിന്റെ ചരിത്രത്തിൽ ഈ ദിവസത്തിന് അദ്വിതീയ സ്ഥാനമാണുള്ളത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അടിമത്തത്തിൽ നിന്നും നാം സ്വതന്ത്രമായ ദിവസം എന്നതു മാത്രമല്ല ഈ ദിനത്തിന്റെ പ്രത്യേകത , ആധുനിക ലോകത്തെ ആയുധ ശക്തികൾക്കും അധികാര പ്രൗഢികൾക്കും മുൻപിൽ ശാന്തിയുടെയും അഹിംസയുടെയും വിജയത്തിന്റെ ശുഭദിനം കൂടിയാണ് ഓഗസ്റ്റ് 15 .

"അമ്മയും ജന്മനാടും സ്വർഗ്ഗത്തേക്കാൾ മഹത്തരമാണ് എന്ന് വിശ്വസിക്കുന്ന ഭാരതീയർക്ക് സ്വ രാജ്യത്തിന്റെ മോചനം സ്വന്തം മാതാവിന്റെ മോചനം തന്നെയാണ്. 5000ത്തിലധികം വർഷങ്ങളുടെ സമ്പന്ന സംസ്കാരത്തിന് ഉടമയായ ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം 76 വർഷങ്ങൾ എന്നത് ചെറിയൊരു കാലയളവാണ്. എന്നാൽ ഈ ചെറിയ കാലയളവിൽ തന്നെ നേട്ടങ്ങളുടെ കാര്യത്തിൽ എല്ലാ മേഖലയിലും ഭാരതം ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ട്. ചരിത്രത്തിന്റെ സ്മൃതിപഥങ്ങളിലൂടെ കടന്നുപോയാൽ ഈ ദിവസത്തിന്റെ ധന്യതയിൽ എത്തുവാൻ നാം പിന്നിട്ട സഹനത്തിന്റെ പാത വളരെ കഠിനമായിരുന്നു. കൊണ്ടും, കൊടുത്തും, ത്യജിച്ചും, പോരാടിയും ലഭിച്ച സ്വാതന്ത്ര്യമാണ് നമ്മുടേത്. ഇന്ന് ലോകത്തിന്റെ ഏത് കോണിൽ എത്തിയാലും കണ്ടെത്താനാവാത്ത തരം ആദർശ മഹിമയുടെ മൂർത്തിമദ്ഭാവങ്ങളായ നേതാക്കൾ നമ്മെ നയിച്ചു. ബ്രിട്ടീഷ് കാരുഭരണം നടത്തിയ ക്രൂരമായ മർദ്ദനങ്ങളും കൊലപാതകങ്ങളും ആ നിരയെ തളർത്തിയില്ല. ബ്രിട്ടീഷ് കഴുമരത്തിന് മുമ്പ് ചോരപ്പൂവായി വിടർന്ന് പൊലിഞ്ഞ ഭഗത് സിങ്ങിന്റെ ഐതിഹാസികമായ സമരമുറകൾ ഇന്ത്യൻ ചരിത്രത്തിന്റെ സുവർണ്ണ താളുകളിൽ എഴുതപ്പെട്ടു

അങ്ങനെ എത്ര ഭഗത് സിംഗ്. ഒരാൾ രക്തസാക്ഷിയാകുമ്പോൾ ഒരു നൂറുപേർ സമര രംഗത്തേക്ക് പുതുതായി ഇരച്ചു കയറി. സമരത്തിന മുൻപിൽ സംസ്കാരത്തിന്റെയും ശാന്തിയുടെയും വിളക്കായി ഗാന്ധിജി എന്ന മഹായോഗി ജ്വലിച്ചു നിന്നു . അദ്ദേഹം ലോകത്തിന മുൻപിൽ അവതരിപ്പിച്ച അഹിംസ എന്ന പ്രത്യയ ശാസ്ത്രത്തെ സൈനിക ശക്തിയുടെ തമ്പുരാക്കന്മാർ പുച്ഛിച്ചുതള്ളി. എന്നാൽ ഓരോ മർദ്ദനത്തിന ശേഷവും, ഓരോ രക്തസാക്ഷിത്വത്തിന ശേഷവും അതിന്റെ ശക്തി വർദ്ധിക്കുന്നതായി ഈ തമ്പുരാക്കന്മാർ അറിഞ്ഞു . ഭാരതത്തെ സ്വതന്ത്രമാക്കുകയല്ലാതെ തങ്ങൾക്കു മുൻപിൽ മറ്റു മാർഗ്ഗങ്ങൾ ഇല്ലെന്ന് അവർ മനസ്സിലാക്കി . അങ്ങനെ 1947 ഓഗസ്റ്റ് പതിനാലാം തീയതി അർദ്ധരാത്രിയിൽ ഭാരതം എന്ന മഹാരാജ്യം വെന്നിച്ച ഭരണത്തിൽ നിന്നും സ്വതന്ത്രമായി. ഭാരതത്തിന്റെ ആത്മാഭിമാനത്തിന്റെ അടയാളമായി ത്രിവർണ്ണ പതാക ചെങ്കോട്ടയിൽ ഉയർന്നപ്പോൾ ബ്രിട്ടീഷ് അഹങ്കാരത്തിന്റെ അടയാളമായ 'യൂണിയൻ ജാക്ക്' തലകുനിക്കുകയായിരുന്നു .

ആർഭാടത്തോടെ ഭാരതത്തിന്റെ നാനാ കോണിലും സ്വാതന്ത്ര്യ ദിനം ആഘോഷിക്കുകയാണ് സ്വാതന്ത്ര്യം ലഭിച്ചിട്ട് 76 വർഷം പിന്നിടുമ്പോഴും ഇന്നും നമ്മുടെ ഇന്ത്യ സ്വാതന്ത്ര്യസമര നേതാക്കന്മാർ ലക്ഷ്യംവെച്ച് രീതിയിലല്ല മുന്നോട്ടു പോകുന്നത് എന്നത് വളരെ ദുഃഖകരമായ കാര്യമാണ് .

ഇനിയും അവരുടെ സ്വപ്നങ്ങളും ആദർശങ്ങളും ഇന്നും സമൂഹത്തിൽ ദുരുപയോഗം ചെയ്യുന്നത് പോലെ ഇനി ചെയ്യാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.


നന്ദി....

- [illegible]

9 A

# സ്നേഹത്തിന്റെ മാധുര്യം

-AAVANI.S.SASI
IX-D



സ്നേഹം ഒരു നദി പോലെയാണ്.അത് എപ്പോഴും ഒഴുകിക്കൊണ്ടിരിക്കും.അതൊരു തടസ്സവുമില്ലാതെ സ്നേഹം നമ്മൾക്ക് ഇടയിൽ ഒരു നദി പോലെ ഒഴുകുന്നു അന്തരത്തിൽ. പരക്കുന്ന സ്നേഹത്തെ തടയാൻ ഒരു കല്ലിനും സാധിക്കില്ല.

ചില സ്നേഹം നമ്മേ വഴി തെററിക്കുന്നു.
അത് തിരിച്ചറിയാൻ നമുക്ക് സാധിക്കണം.
അതിലാണ് നമ്മുടെ വിജയം.

# അലിഞ്ഞുപോയ ഐസ്

-AADHILAKSHMI.S. SASI
V-C

ഒരു ദിവസം വിനു തന്റെ അമ്മയുടെ കൂടെ കടൽപ്പുറത്ത് പോയി. അവിടെ ചൂട് ആയിരുന്നു . അവൻ അവിടെ ആർത്തുല്ലസിച്ചുനടന്നു. ആ സമയത്താണ് അവൻ ഐസ് ശ്രദ്ധിച്ചത് അവൻ ഓടി ചെന്ന് [illegible] പറഞ്ഞു .
[illegible] 100 [illegible] . ഒരു ഐസിന് 5 [illegible] 25ഐ[illegible] [illegible] ഉള്ള [illegible],അവൻ ഐസ് [illegible] നല്ല ചൂട് ആയതിനാൽ [illegible] ഐസുകൾ [illegible] . [illegible] ചീത്തയായി. [illegible] ചീത്ത [illegible] ചിരി[illegible]

## മഴ എന്ന ലഹരി

രണ്ടായി പിളർന്നു മാറുന്ന
നിന്റെ മുഖവും നീയെന്ന ലഹരിക്കും
ഞാൻ അടിമപ്പെട്ടു കഴിഞ്ഞിരിക്കുന്നു.
രചനയിൽ നീ പൊഴിയാതിരുന്ന നാൾ
വിഷാദം ഏറ്റു കിടന്നു പോയിട്ടുണ്ട്
എന്റെ ഹൃദയം.
എന്നാലും പെട്ടെന്നൊരിക്കൽ
പൊഴിയാതിരുന്നാൽ മറക്കാൻ
ഇന്നലെ വന്ന വസന്തത്തിലെ
പനിനീർപ്പൂവല്ല.
നീയെനിക്ക് അത്രമേൽ മനസിന്റെ
ആഴത്തിൽ
വേരിറങ്ങിച്ചെന്ന വാകപ്പൂക്കളാണ്.

മിസിരിയ കെ റ്റി കെ

# കൊറോണ ചിന്തകൾ

---

ലോകം മുഴുവനും ഭയന്നിരുന്നു..
കൊറോണ എന്നൊരു മഹാമാരിയെ ..
എല്ലാം തികഞ്ഞവൻ എന്ന മർത്യഭാവം
കേവലം ഒരു അണുവിൻ മുമ്പിൽ പിടഞ്ഞിരുന്നു.
കാലം എന്ന മഹാസത്യം
മനുഷ്യന് തിരിച്ചടി നൽകിയതോ?
പ്രപഞ്ചത്തെ മുഴുവൻ കൈക്കുമ്പിളിലാക്കിയൊരു
മർത്യനന്ന് അണുവിൻ കൈകളിൽ ഞെരിഞ്ഞിരുന്നു.
കൂട്ടിലകപ്പെട്ട പക്ഷിയെ പോൽ
മനുഷ്യർ വീട്ടിൽ ഒതുങ്ങിയന്ന് ...
ഒരു പൂവായി, പൂമ്പാറ്റയായി,പക്ഷിയായി...
പിറന്നിടാൻ ,മാറിടാൻ ആശിച്ച നാം ...
മുഖാവരണം ഇല്ലാതെ ശ്വസിക്കുക
ഒരു സ്വപ്നമായി മുന്നിൽ നിന്നിരുന്നു.
ഇനിയൊരു മനുഷ്യനായി പിറന്നിടണോ?
എന്നൊരു ചോദ്യം മുന്നിൽ വന്നു നിൽക്കേ
ഈ കാലവും കടന്നുപോകും
എന്നൊരു വാക്യം മുന്നോട്ടു നയിച്ചിരുന്നു...
അകലം പാലിച്ച അന്ന് നമ്മൾ ,
പക്ഷേ മനസ്സിൽ എപ്പോഴും ഒന്നിച്ചിരുന്നു .

– Soumya Pk

## എന്റെ കേരളം

കേരളം എൻ്റെ ജന്മനാടാണ്. എൻ്റെ പ്രിയപ്പെട്ട മാതൃഭൂമിയായ .ഇന്ത്യാമഹാരാജ്യത്തിൻ്റെ തെക്കുപടിഞ്ഞാറെ അറ്റത്തായി സ്ഥിതിചെയ്യുന്ന ഹരിതമനോഹരമായ ഈ കൊച്ചുസംസ്ഥാനം പ്രകൃതി രമണീയവും സുന്ദരവുമായ ഒരു ഭൂപ്രദേശമാണ്. അതുകൊണ്ടുതന്നെയാണ് സസ്യശ്യാമള കോമളമായ ഈ നാടിനെ 'God's own country' അഥവാ 'ദൈവത്തിൻ്റെ സ്വന്തം നാട്'' എന്ന് സ്വദേശികളും വിദേശികളും ഒരുപോലെ വിശേഷിപ്പിക്കുന്നത്. ഇവിടെ ജനിച്ചുവളർന്ന എനിക്ക് വളരെയധികം സന്തോഷം പകർന്നു നൽകുന്ന ഒരു സംജ്ഞയാണ് ദൈവത്തിൻ്റെ സ്വന്തം നാട് എന്നത്...

എന്താണ് കേരളത്തെ ദൈവത്തിൻ്റെ സ്വന്തം നാട് ആക്കിതീർക്കുന്നത് എന്ന് ചെറുതായി നമുക്കൊന്ന് പരിശോധിക്കാം.
കേരളം എന്ന വാക്ക സൂചിപ്പിക്കുന്നത് കേരവൃക്ഷങ്ങളുടെ ..നാട് എന്നാണല്ലോ. കേര വൃക്ഷങ്ങ്ൾ നൃത്തമാടുന്ന കടൽതീരങ്ങ്ൾ,മനോഹരമായ കായൽപരപ്പ്, സസ്യശ്യാമളമായ മലയോരങ്ങ്ൾ, സുഗന്ധ ദ്രവ്യങ്ങൾ പരിമളം പരത്തുന്ന വനപ്രദേശങ്ങ്ൾ, കളകളാരവം പുറപ്പെടുവിക്കുന്ന അരുവികളും, നീർച്ചാലുകളും...ഇവയെയെല്ലാം സംഗീതാത്മകമാക്കുന്ന പക്ഷിസമൂഹങ്ങ്ൾ, കാടുകളെയും, മലയോരങ്ങളെയും ഗംഭീരമാക്കുന്ന വന്യജീവിക്ൾ... കണ്ണിനും കാതിനും മാത്രമല്ല മനസ്സിനും കുളിർമയേകുന്ന ഈ കാഴ്ചക്ൾ ആരെയും ഇവിടേയ്ക്ക് മാടിവിളിക്കുന്നു!

---

Diya. M

# പൊഴിഞ്ഞുപോയൊരു ജീവിതം

---

തുള്ളിയായി തുള്ളിയായി വീഴുന്ന
മുത്തുകൾ
കണ്ണീരിൻ സ്പർശങ്ങൾ
ശിലയായി പോയൊരെൻ ജീവിതം
ഒഴുകുന്ന പുഴകളെൻ ഹൃദയത്തിലെ ചെളിമൺ
സ്പർശങ്ങൾ അലിയിക്കുന്നു     ചിതറിക്കിടന്നൊരെൻ
മനസ്സിനെ നോവിക്കുന്ന പൊടിമീനുകൾ. തൊട്ടാവാടി
പോലെൻ മുഖം     വാടിയതെപ്പോൾ എൻ പ്രിയതമേ ...
കൈവിടുന്നു ജീവിതം മരണത്തിലേക്ക്, തള്ളിവിടുന്നുവെൻ
ജീവിതം

---

Ananthika Vineesh V P
VIII D



കിടക്കുന്ന മരങ്ങൾ
കിടക്കുന്ന മരങ്ങൾ മനുഷ്യന്റെ
കൈകളിൽ,
പ്രകൃതിയുടെ മനോഹരമായ നിറവിൽ
നിന്നും പുറത്താകുന്നു.
അവയുടെ വീടുകൾ, ആവാസങ്ങൾ
നഷ്ടപ്പെടുന്നു,
ഭൂമിയും നദികളും പാഴാക്കപ്പെടുന്നു.
വലിയ വെട്ടികളുള്ള മനുഷ്യർക്ക
മുന്നുള്ളത്,
പ്രകൃതിയുടെ സൗന്ദര്യം അനുഭവിക്കാൻ
വേണ്ടിയാണ്,
അവയുടെ നിറവ്, നാനാവിധത്തിലുള്ള
ജീവികളും,
നിറഞ്ഞുപോകുന്ന കിടക്കുന്ന
മരങ്ങൾക്കുള്ള വഴി.
-ദേവിക എസ് ചന്ദ്രൻ




പുഞ്ചിരിയും മഴയും ഇല്ലാത്ത,
മഴയും താളങ്ങളും തമ്മിൽ മനസ്സ് പൂക്കുന്നു,
ഉറക്കത്തിന്റെ താളത്തിൽ സങ്കൽപം
പോലെ
തന്നെ നാട്ടിലെ പക്ഷികളുടെ ഗാനം.

മിഴിയും മിഴിയും ഇരിക്കുന്നു,
മഴയും വെള്ളവും പൊഴിക്കുന്നു,
കാറ്റിൽ പൂക്കുന്ന താളങ്ങളും,
അതിന്റെ പൂന്താരത്തിൽ ചിരിക്കുന്ന
പക്ഷികളും.

മധുരം തോന്നുന്ന ഗാനങ്ങളും,
ആരാധനയും ഭക്തിയും കൂട്ടികൊണ്ടുള്ള,
സൗമ്യമായ കാഴ്ചകളും വിരിയുന്ന,
പക്ഷികളുടെ സംഗീതമെന്ന താളം.

കിരണങ്ങളുടെ താളത്തിൽ നിന്നും,
നമ്മുടെ മനസ്സിലും ആരാധനയും,
ഭക്തിയും നിറഞ്ഞു കാണാം അവരുടെ ഗാനം.

-ദേവിക എസ് ചന്ദ്രൻ

ഇഷാനി കെ ബി എസ്
X C

ഞാൻ ഡോഡോ നീ കാൽവേരിയ
എന്റെ വിശപ്പ് തീർത്തത്
നീയായിരുന്നു.....നിന്റെ
ചവർപ്പുള്ള പഴങ്ങൾ....
പക്ഷെ വിത്തുകൾ ഞാൻ വിതച്ചു
കൊണ്ടേയിരുന്നു....
വലിയ കപ്പലിൽ വന്നവരുടെ
തോക്കുകളുടെ ഉന്നം ഞാനായിരുന്നു
ഒരിക്കലും നീയായിരുന്നില്ല
പക്ഷെ എന്റെ ശ്വാസം
നിലച്ച നിമിഷം നിന്റെ വിത്തുകൾ
മുള പൊട്ടാത്ത ശവപ്പറമ്പ്.....
ഞാനും നീയും ഓർമ്മകൾ
ഇന്ന് നിർമ്മിത ബുദ്ധിയുടെ
കണ്ണാടിക്കാഴ്ചകളിൽ
നമ്മളെല്ലാം
ഷോകേസു പീസുകൾ....
ഡോഡോ കാൽവേരിയ
Fb പേജുകൾ...
പ്രണയ
രാജ്യങ്ങളുടെ
സങ്കടകാഴ്ചകൾ.



കവിത

# ചങ്ങലക്കിലുക്കം


ആഷ്മിയ IX B

സായം സന്ധ്യ മയങ്ങുന്നതോ
വാനം വെട്ടിത്തിളങ്ങുന്നതോ
പച്ചിലത്താളുകളാടും നൃത്തവും
വീണമീട്ടിടും മനമാരുതത്താളവും
ഓരോ വർണ്ണപ്പകിട്ടുമെനിക്കന്യം
വിണ്ണും വെളിച്ചവും മിന്നും താരവും
വെണ്ണിലാചന്ദ്രനുമെല്ലാമെനിക്കി
ചില്ലുപാത്രം
ഓരോരോ വർണ്ണവും അതിരില്ലാ
സാഗര ദീപവും
എല്ലാമെനിക്കൊരു മായക്കിനാവു
മാത്രം
കണ്ണിമ്പുലിക്കുമീ ലോകഭംഗി
എന്തിനു നീയെനിക്കന്യമാക്കി
എന്നെയീ കണ്ണുക്കൂട്ടിൽ ബന്ധിയാക്കി
നീ നീട്ടുമോരോ ഉരുളയുമീ ബന്ധനങ്ങളിയായി
എവിടെയെൻ കാറ്റും വെളിച്ചവും
എവിടെയെൻ പെറ്റമ്മ പോലും
എവിടെയെൻ കണ്ണുതാരവും
മുല്ലമൊട്ടും ചിരിക്കൊഞ്ചലും
ആരോവരച്ചൊരാ ഛായചിത്രം പോൽ
ഞാനിരിപ്പീ കണ്ണുക്കൂടയിൽ മോഹഭംഗമായി
നിൻ സ്നേഹമെന്നൊരാ ചങ്ങലക്കിലുക്കമായി

# എങ്ങനെ സ്തുതിക്കാതിരിക്കും?

അതൊരു ഉയിർപ്പുതിരുനാൾ ദിനമായിരുന്നു. ഇന്നത്തെതു പോലെ റോഡു സൗകര്യങ്ങളോ വാഹനങ്ങളോ ഒന്നുമില്ലാത്ത കാലം. തോട്ടത്തിന്റെ നടുവിലുള്ള ഞങ്ങുടെ വീട്ടിൽ നിന്ന് ദേവാലയത്തിലേക്ക് നടക്കവേ അമ്മച്ചി ഉറക്കെ ദൈവത്തെ സ്തുതിച്ചു കൊണ്ടിരുന്നു. അന്ന് ഞാൻ ഹൈസ്ക്കൂൾ വിദ്യാർഥിനി. കൂടെയുള്ളവർ എന്തോർക്കും എന്ന ലജ്ജ കൊണ്ട് ഞാൻ അമ്മച്ചിയോട് പറഞ്ഞു. " അമ്മച്ചി പതുക്കെ മതി ". അപ്പോൾ അമ്മച്ചി പറഞ്ഞു "മോളെ നമ്മുടെ ഈ തോട്ടത്തിന്റെ മധ്യത്തിൽകൂടി ഇത്രയും നല്ല റോഡ് വികാരിയച്ചൻ ഇടപെട്ട് വെട്ടിച്ചു. ആദ്യമായിട്ടാണ് ഈസ്റ്ററിന് നാട്ടുകാർ ഒന്നിച്ച് ഇങ്ങനെ ചൂട്ടുകത്തിച്ച് പാതിരാക്കുർബാനയ്ക്ക് പോകുന്നത്. എങ്ങനെ ദൈവത്തെ സ്തുതിക്കാതിരിക്കും?" "ദൈവാനുഗ്രഹങ്ങൾ തിരിച്ചറിയാൻ കഴിയുന്ന ഉൾക്കണ്ണുണ്ടായിരുന്നു അമ്മച്ചിക്ക്"

സെൻഹ മറിയം
IX C




# കിതപ്പ്

ജനാലക്കരികിലായ് ആദ്യമേ ഇടം പിടിച്ചു
എന്നും അങ്ങനെ തന്നെ
പൂമരങ്ങൾ പുറകിലേക്ക് പിന്തള്ളപ്പെട്ടു
കൂട്ടിനായ് മങ്ങിപ്പഴകിയ കുറേ ഓർമകൾ...
പാൽമധുരം മറന്ന ചുണ്ടുകളിൽ
വരൾച്ച ബാധിച്ചു
പടിക്കൽനിന്നും ചൂണ്ടിയ വിരലുകൾ
എങ്ങോട്ടെന്നറിയില്ല...എവിടെയെന്നും
നെഞ്ചിൻകൂട്ടിലെ നെരിപ്പോടെരിയുന്നു
ചൂടേറിയവളെ അഴികളില്ലാത്ത തടങ്കലിലടച്ചവർ
നെഞ്ചോട് ചേർത്ത് വച്ചത്
ഹൃദയമായിരുന്നോ അതോ ...പഴംതുണിക്കെട്ടോ
തീവണ്ടിതൻ താളമോ അതോ ഹൃദയതാളമോ
വേഗത്തിൽ കിതച്ചും കുതിച്ചും ഓടുന്നത്?
എത്ര വ്യഥകളെ,ആകുലതകളെ ,നോവുകളെ
പൂക്കളെ,കിനാക്കളെ പേറിക്കൊണ്ട്
മറുകരതാണ്ടാൻ
ആളുകളൊഴിഞ്ഞു...കാതടപ്പിക്കുന്ന ശബ്ദവും
ഹൃദയതാളത്തിൻ വേഗത കൂടുന്നു.

പാർവതി അനിരുദ്ധൻ

# മൊബൈൽ ഫോണുകൾ വന്ന വഴികൾ

അലെക്സാണ്ടർ ഗ്രഹാംബെൽ എന്ന ശാസ്ത്രജ്ഞന്റെ സൃഷ്ടിയാണ് ടെലിഫോൺ. അതേപോലെ മാർട്ടിൻ കൂപ്പർ എന്ന ഗവേഷകന്റെ തലയിലുദിച്ചതാണ് ലോകത്തെ മാറ്റിമറിച്ച മൊബൈൽ ഫോൺ ആശയം.ആദ്യകാലങ്ങളിൽ സർക്കാർ



ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിച്ചിരുന്ന ഫോണുകൾ, 1973ന് ശേഷമാണ് വ്യാപകമായി ജനങ്ങളിലേയ്ക്കെത്തുന്നത്. 1969ലാണ് ആദ്യത്തെ വയർലെസ് ഫോൺ രജിസ്റ്റർ ചെയ്യപ്പെടുന്നത്. അതും അമേരിക്കയിൽ തന്നെ. ആ കാലത്തും നിന്നും ഏറെ വളർന്ന് സ്മാർട്ട്ഫോൺ യുഗത്തിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. അപ്പോൾ ഒന്നു തിരിഞ്ഞു നോക്കാം. മൊബൈൽ ഫോൺ ചരിത്രത്തിലെ പ്രധാന നാഴികക്കല്ലുകൾ

Naureen Fathima
8th E

# ഭൂമി



ലോകം എന്ന് നാം വിവക്ഷിക്കുന്നതും ലാറ്റിൻ ഭാഷയിൽ ടെറ എന്നറിയപ്പെടുന്നതും ഭൂമിയെയാണ്. ഗ്രഹങ്ങളിൽ വലിപ്പത്തിൽ അഞ്ചാം സ്ഥാനമാണ് ഭൂമിക്ക്. കൂടാതെ സൗരയൂഥത്തിലെ ഏറ്റവും സാന്ദ്രത കൂടിയ ഗ്രഹവുമാണിത്. 71% ഉം വെള്ളത്താൽ ഏകഗ്രഹമായതിനാൽ ശൂന്യാകാശത്തുനിന്ന് കാണുമ്പോൾ ഭൂമിയുടെ നിറം നീലയായി കാണപ്പെടുന്നതുകൊണ്ട് ഇതിനെ നീലഗ്രഹം എന്നും വിശേഷിപ്പിക്കാറുണ്ട്. ലോഹങ്ങളും പാറകളും കൊണ്ട് രൂപപ്പെട്ടിരിക്കുന്ന ഗ്രഹങ്ങളുടെ (Terrestrial Planets) ഗണത്തിലാണ് ഭൂമി ഉൾപ്പെടുന്നത്. ഭൂമിയുടെ പ്രായം 454 കോടി വർഷമാണെന്ന് കണക്കാക്കിയിട്ടുണ്ട്.ദശലക്ഷക്കണക്കിന് അനേകായിരം ജീവിവർഗങ്ങൾഭൂമിയിൽ ജീവിക്കുന്നുണ്ട്. ഇതിന്റെ ഉപരിതലത്തിൽ ജീവൻ പ്രത്യക്ഷമായത് കഴിഞ്ഞ നൂറുകോടി വർഷങ്ങൾക്കുള്ളിലാണെന്നും അറിയാൻ സാധിച്ചിട്ടുണ്ട്. ജീവൻ രൂപപ്പെട്ടതുമുതൽ ഭൂമിയിലെ ജൈവമണ്ഡലം അന്തരീക്ഷത്തിലും ഇതര അജൈവസാഹചര്യങ്ങളിലും വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. എയറോബിക് ജീവികളുടെ പെരുകുന്നുള്ള വർദ്ധനവും ഓസോൺ പാളിയുടെ രൂപീകരണവും ഇതിൽപ്പെടുന്നു. ഈ ഓസോൺ പാളിയും ഭൂമിയുടെ കാന്തമണ്ഡലവും ചേർന്ന് പുറത്തുനിന്നും വരുന്ന ഹാനികരമായ കിരണങ്ങളെ തടയുകയും ഭൂമിയിലെ ജീവന്റെ നിലനിൽപ്പിനെ സഹായിക്കുകയും ചെയ്യുന്നു. ഭൂമിയുടെ ഭൗതികഗുണങ്ങളും അതിന്റെ ഭൂമിശാസ്ത്രപരമായ ചരിത്രവും സൂര്യനുചുറ്റുമുള്ള പരിക്രമണവും ഇക്കാലം വരെയുള്ള ജീവന്റെ നിലനിൽപ്പിനെ സഹായിച്ചു. അടുത്ത 150 കോടി വർഷത്തേക്ക് കൂടി ഭൂമിയിൽ ജീവന് സുഗമമായ നിലനിൽപ്പ് സാധ്യമാണെന്ന് ശാസ്ത്രലോകം കരുതുന്നു. സൂര്യന്റെ വർദ്ധിച്ചുവരുന്ന തിളക്കം അന്ന് ജൈവമണ്ഡലത്തെ നശിപ്പിക്കുമെന്നതിനാൽ ഈ കാലയളവിനപ്പുറം ഭൂമിയിൽ ജീവൻ അവസാനിക്കുമെന്ന് കരുതുന്നു.

[illegible] സൗരയൂഥത്തിലെ ഒരേയൊരു ഗ്രഹമാണ് ഭൂമി (The Earth)

ശിവാഞ്ജന എസ് വികാസ്
8A

എഴുത്തിലേക്ക് വഴിതുറന്ന വായന

~ ~ ~ ~ ~ ~ ~ ~

- പി വത്സല

വായനയാണ് എഴുത്തിലേക്ക് വഴികാട്ടിയത്.
വായനയിലേക്ക് കൈപിടിച്ചെത്തിച്ചത് അമ്മയും.
ഞാൻ കുട്ടിയായിരിക്കുമ്പോൾത്തന്നെ അമ്മ നല്ല വായനക്കാരിയായിരുന്നു. കഥ വായിക്കുന്നതൊന്നും അന്ന് അത്ര നല്ല കാര്യമായി ആരും കണ്ടിരുന്നില്ല.
കഥ വായിച്ചാൽ സ്വഭാവം ചീത്തയായിപ്പോവുമെന്നായിരുന്നു പലരുടെയും ധാരണ പുസ്തകങ്ങൾ കിട്ടാനും പ്രയാസം.
എന്നാൽ കഷ്ടപ്പെട്ട് പുസ്തകം സമ്പാദിച്ചും, കൈയിൽ കിട്ടുന്നതെന്തും വായിച്ചും വായനയെ കൂട്ടുപിടിച്ചതിലൂടെയാണ് ഞാൻ ഒരു എഴുത്തുകാരിയായതെന്ന് എന് നിസ്സംശയം പറയാനാവും.
ഞങ്ങളുടെ അടുത്ത വീട്ടിൽ താമസിച്ചിരുന്ന ബാലൻ നായർക്ക് ബുക്ക്ബൈന്റിങ് ആയിരുന്നു ജോലി. അദ്ദേഹത്തിന്റെ കൈയിൽ ധാരാളം പുസ്തകം വരും.
വായനശാലകളുടെ പുസ്തകങ്ങളാണ് ബൈന്റ് ചെയ്യാൻ കൊണ്ടുവരുന്നത്.
അമ്മ അതെല്ലാം വാങ്ങിച്ചുകൊണ്ടുവരും. വീട്ടിലെ ജോലിയെല്ലാം തീർത്ത് അമ്മ വായിക്കാനിരിക്കും. പലപ്പോഴും അർദ്ധരാത്രിയായിട്ടാവും തുടങ്ങുക.
മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ അമ്മയുടെ വായന ഏറെ നീളും.
വീട്ടിലെ മൂത്ത കുട്ടിയായിരുന്നു ഞാൻ. തറവാട്ടിലല്ല ഞങ്ങൾ താമസം.
കൂട്ടുകാരില്ല. അവധിക്കാലത്തല്ലാതെ കളിക്കാൻ ആരുമില്ല.
വെറുതെ സമയം കളയാൻ വല്ലാത്ത വിഷമം. അമ്മ വായിച്ച പുസ്തകങ്ങളെല്ലാം ഞാ വായിക്കാൻ തുടങ്ങിയത് അങ്ങനെയാണ്. യു.പി സ്കൂളിൽ പഠിക്കുമ്പോഴാണ് ആ പുസ്തകങ്ങൾ പുതിയൊരു ലോകം തന്നു. അതുവരെ പരിചയമില്ലാത്ത ഒന്ന്.



വായിച്ചുതീർത്ത ഓരോ പുസ്തകവും പിന്നെയും പിന്നെയും പുതിയവ വായിക്കാൻ പ്രേരിപ്പിച്ചു.
എഴുത്ത് അന്നും ഇന്നും എനിക്ക് സ്വാതന്ത്ര്യത്തിലേക്കുള്ള വഴിയാണ്. ഒരു സ്ത്രീ എന്ന നിലയിൽ സാധാരണഗതിയിൽ സമൂഹം അടിച്ചേൽപ്പിക്കുന്ന പല അസ്വാതന്ത്ര്യങ്ങളിൽ നിന്നും എഴുത്ത് എന്നെ മോചിപ്പിച്ചു.
സമൂഹത്തോട് ചേർന്നുനിൽക്കാനും അതിലെ തെറ്റുകളെ ചൂണ്ടിക്കാട്ടാനും ഞാൻ തിരഞ്ഞെടുത്തത് എഴുത്തിന്റെ വഴി തന്നെയാണ്. അക്ഷരങ്ങളുടെ ശക്തി എക്കാലവും ഞാൻ തിരിച്ചറിയുന്നു എന്നത് തന്നെയാണ് അതിന് കാരണം.

~ ~ ~ ~ ~ ~ ~ ~

Alakananda V S
8 C

# സൂപ്പർകമ്പ്യൂട്ടർ

വളരെ സങ്കീർണമായ കമ്പ്യൂട്ടിങ്ങ് ജോലികൾ നിർവഹിക്കാൻ വേണ്ടി ഉപയോഗിക്കുന്ന വളരെ വലിയ കമ്പ്യൂട്ടർ ശൃംഖലകളെ സൂപ്പർ കംപ്യൂട്ടറുകൾ എന്നു വിളിക്കുന്നു. ഒരു പൊതു-ഉദ്ദേശ്യ കമ്പ്യൂട്ടറുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്ന നിലവാരത്തിലുള്ള പ്രകടനമുള്ള കമ്പ്യൂട്ടറാണ് സൂപ്പർ കമ്പ്യൂട്ടറുകൾ. മില്യൺ ഇൻസ്ട്രക്ഷൻ പെർ സെക്കൻഡ് എന്നതിനുപകരം ഒരു സൂപ്പർ കമ്പ്യൂട്ടറിന്റെ പ്രകടനം സാധാരണയായി അളക്കുന്നത് ഫ്ലോട്ടിംഗ് പോയിന്റ് ഓപ്പറേഷനുകൾ പെർ സെക്കൻഡിൽ ആണ്. ആയിരക്കണക്കിനു ചെറിയ കംപ്യൂട്ടറുകൾ കൂട്ടിചേർത്ത് ക്ലസ്റ്ററിങ്ങ് രീതിയിലാണ് സൂപ്പർ കംപ്യൂട്ടറുകൾ നിർമ്മിക്കാറുള്ളത്. 2017 മുതൽ, 1017 ഫ്ലോപ്പ് നൂറ് ക്വാഡ്രില്യൺ ഫ്ലോപ്പ്, 100 പെറ്റാഫ്ലോപ്പ് അല്ലെങ്കിൽ 100 പിഫ്ലോപ്പ് വേഗത്തിൽ ചെയ്യാൻ കഴിയുന്ന സൂപ്പർ കമ്പ്യൂട്ടറുകൾ ഉണ്ട്. 2017 നവംബർ മുതൽ, ലോകത്തിലെ ഏറ്റവും വേഗതയേറിയ 500 സൂപ്പർ കംപ്യൂട്ടറുകളെല്ലാം ലിനക്സ് അധിഷ്ഠിത ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് പ്രവർത്തിക്കുന്നത്. യുണൈറ്റഡ് സ്റ്റേറ്റ്സ്, യൂറോപ്യൻ യൂണിയൻ, തായ്‌വാൻ, ജപ്പാൻ, ചൈന എന്നിവിടങ്ങളിൽ വേഗമേറിയതും കൂടുതൽ ശക്തവും സാങ്കേതികമായി മികച്ചതുമായ എക്സാസ്കെയിൽ സൂപ്പർ കമ്പ്യൂട്ടറുകൾ നിർമ്മിക്കുന്നതിനായി കൂടുതൽ ഗവേഷണം നടക്കുന്നു.

അന്നുഹ്യ ഷാജൻ

# മഴനൂൽക്കിനാവുകൾ

മധുരമീ പുതുമഴ പുലരിയെ പുൽകുന്ന
പൂമഴ തേൻമഴ കുളിർമഴയായി..
കനകനെയ്യുതിരുന്ന തൂമഴ തുള്ളികൾ
തളിരിലും പൂവിലും മുത്തമിട്ടു..
പൊള്ളുന്ന രാവിന്റെ നെറുകയിൽ
ചിതറുന്ന
കുളിർമണി മുത്തുകൾക്കെന്തു ഭംഗി..
തൈമണി കാറ്റിന്റെ ചെമ്പിപ്പൂക്കുന്ന
താഴ്‌വരത്തോപ്പിലും  കുളിർ
ചൊരിഞ്ഞു..
പുഴതന്റെ മരവിച്ച കൈകകളാൽ
പുണരവേ
പുളകമായി മഴ വന്നു മനമറിഞ്ഞു..
മഴയന്റെ താളമായി ഹൃത്തിലും
മുഗ്ദ്ധമായി പൊഴിയുന്ന കവിതയായി
പെയ്തിറങ്ങി..



ശിവന്യ കെ
8 A

# ഓൺലൈൻ ക്ലാസ്സും വിദ്യാർത്ഥികളും

സ്കൂൾ തുറക്കുന്നു എന്നറിയുമ്പോൾ ആദ്യം നമ്മുടെയൊക്കെ മനസ്സിൽ ഓടിയെത്തുന്ന ചിന്തകൾ എന്തെല്ലാമാണ്. ചറപറ പെയ്യുന്ന മഴയും പുത്തനുടുപ്പും പുതിയ ബാഗും കുടയും പാഠപുസ്തകങ്ങളും ഒക്കെയാണ് അവ. എന്നാൽ ആ ഓർമ്മകളെ എല്ലാം മാറ്റിമറിച്ചു കൊണ്ടാണ് ആ മഹാവ്യാധി പടർന്നു പിടിച്ചത്. അത് കുട്ടികളുടെ സ്കൂൾ ജീവിതവുമായി ബന്ധപ്പെട്ട എല്ലാത്തിനെയും മാറ്റിമറിച്ചു. പുസ്തകങ്ങൾക്ക് പകരം മൊബൈലും ടിവിയും ആ സ്ഥാനത്തേക്ക് വന്നു. ക്ലാസ് റൂം സ്വന്തം വീട്ടിനകത്തായി. കുട്ടികളുടെ മുഖത്തുനോക്കി ചിരിച്ചുകൊണ്ട് പാഠഭാഗങ്ങൾ പറഞ്ഞുതരുന്ന അധ്യാപകർ അവർ പറഞ്ഞു കൊടുക്കുന്ന കാര്യങ്ങൾ മനസ്സിലാകുന്നോ എന്ന് മനസ്സിലാകാതെ അസ്വസ്ഥത അനുഭവിക്കുന്നു. കൂടാതെ സ്കൂൾ വരാന്തകൾക്ക് കഥയും കാര്യങ്ങളും പറഞ്ഞു നടക്കുന്ന കൂട്ടുകാർ അന്യമായി. ആർക്കും പരസ്പരം കൂട്ടുകൂടാനും കാണാനും പറ്റാതായി. അത് ഏറെ വിഷമം തോന്നിക്കുന്നതാണ്. ഇങ്ങനെയൊക്കെയാണെങ്കിലും കൊറോണ എന്ന മഹാമാരി പടർന്നു പിടിച്ച സാഹചര്യങ്ങളിൽ ഓൺലൈൻ പഠനം ഒരു അനുഗ്രഹമാണ്. കാരണം ആ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ഒരു അധ്യയന വർഷം മുടങ്ങാതെ ഓൺലൈൻ ക്ലാസിലൂടെ കൈകാര്യം ചെയ്ത അധ്യാപകരെ നന്ദിയോടെ ഓർക്കുന്നു. അധ്യാപകർ ഈ അവസരത്തിൽ വളരെ ത്യാഗം സഹിച്ച് കുട്ടികളെ സുരക്ഷിതമായി വീട്ടിലിരുന്ന് വിദ്യാഭ്യാസം ചെയ്യുന്നതിന് തയ്യാറായി. കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് ഇങ്ങനെ ഒരു സംരംഭം തുടങ്ങിയ സർക്കാരിന് നാം ആദരിക്കുക തന്നെ വേണം. ഈ സംരംഭം കുട്ടികൾ ശരിയായി വിനിയോഗിക്കുന്നതിന് പ്രിയ രക്ഷിതാക്കൾ ശ്രദ്ധിച്ചു.

അമയ ആർ
VIII C

# ◆ നമുക്കിടയിൽ ◆

എന്റെ ന്യായങ്ങൾ കേൾക്കാൻ പോലും നിനക്ക് സമയമില്ല
അതിനുമാത്രം എന്തു തിരക്കാണ് നിനക്ക്?
ഞാനറിയാത്ത കാര്യത്തിൽ പോലും നീ എന്നെ
വലിച്ചിഴക്കുന്നതെന്തിന്?
ഞാനൊന്നു പറയുമ്പോഴേക്ക് മറ്റുള്ളവർ നിന്നോട് പറഞ്ഞതുകേട്ട്-
നീയതിന് ശേഷം വിശ്വസിച്ചു , എന്തിന് എന്നോട് അതിന്
കലഹിച്ചു?
എന്നെ കേൾക്കാൻ പോലും നിനക്ക് താൽപര്യമില്ല എന്തിന്-
ഒന്ന് അടുത്തിടപഴകാൻ പോലും നിനക്ക് സമയമില്ല.
എന്നോട് മാത്രമുള്ളതാണ് ഈ തിരക്ക് എന്ന് അറിയാം.
എന്നെ അറിയാൻ പോലും ശ്രമിക്കാത്ത നീ എന്തിന്
എല്ലാവരോടും ആവർത്തിക്കുന്നു നമ്മൾ തമ്മിൽ പ്രണയമാണെന്ന
എന്ത് അർത്ഥമാണ് നീ അതിൽ കാണുന്നത്?
ഞാൻ മനസ്സിലാക്കുന്നത് അർത്ഥശൂന്യമാണ് ആ വാചകം
നമുക്കിടയിൽ.
ഇന്ന് നമുക്കിടയിൽ സംഭവിക്കുന്നത് സ്നേഹത്തിന്റെ അകൽച്ചയാണ്
വീണ്ടും പഴയതുപോലെ ആകാൻ
സാധിക്കുമോ........സാധിക്കില്ലെങ്കിൽ-
ഒരു കള്ള സൗഹൃദമെങ്കിലും നീ എനിക്ക് സമ്മാനിക്കണം.
ഒരു ചോദ്യം 'മടുത്തു തുടങ്ങിയോ'........?

-ദിയ എസ് സജീവൻ
9-A

# പ്രകൃതി

മനുഷ്യാ......മനുഷ്യാ.......
എന്റെ സ്വരങ്ങൾ നീ കേൾക്കു
നിർത്തു നിന്റെ  പോരാട്ടം
ആരോടാണീ വിദ്വേഷം
നീ നശിപ്പിക്കുന്നത് പ്രകൃതിയെയല്ല
നീ നിന്നെത്തന്നെ ഇല്ലാതാക്കുന്നു
ജനിച്ചു വീണ ഈ മണ്ണിനോട്-
നിനക്കെന്തിന് ഇത്ര ക്രൂരത?
നിന്നെ സംരക്ഷിക്കേണ്ട പ്രകൃതി
ഒരുനാൾ നിന്നോട് പകരം
ചോദിക്കും!
അവസാനിപ്പിക്കു......

-ദിയ എസ് സജീവൻ
IX A

# Sea Waves

*Sea waves....Who hates sea waves!*
*When you're sad or happy-*
*The waves make you warm*
*feels like you're livin.*
*It's beautiful to spend time in seashore-*
*When you're alone or when you're with family or when you're with friends*
*It's just unforgetable!*
*Sometimes it speaks to you-*
*In the form of waves,sun,wind,etc...*
*But we can't understand their language..*
*The sand which was our childhood happiness-*
*Still force us to make houses like something.*
*Its just beautiful!*
*Just look at the sky,*
*the bed like clouds are staring at you.*
*When you want to say goodbye to sea,*
*But you're heart can't.....!*

-Diya S Sajeevan
IX A

# വിയൽപക്ഷി

കത്തി ജ്വലിക്കുന്നതീ
സൂര്യന്റെ മുന്നിൽ
ഒരു എതിരാളി തൻ-
കരുത്തായ് വിയൽപക്ഷി.
തൻ യാത്ര തുടങ്ങി.
ദുഃഖ-പാരാവാരങ്ങളുടെ
ഉയിരിനായി ഉയർത്തെഴുന്നേൽപ്പിനായ്
ദാ വരുന്നു തൻ ചിറകാകുന്ന
ചെങ്കൊടിയും വീശി
എരിയുന്ന തീയിലും തളരാതെ
വാശിയായ് തൻ യാത്ര തുടരുന്നു.
ഒരു ഫീനിക്സ് പക്ഷിയെന്ന പോലെ
തന്നുടെ ഓരോ ചിറകടിയൊച്ചയിലും
മനുഷ്യരോടുള്ള തന്റെ പ്രതിഷേധം.
അവൾ ഉയർത്തുന്നു.
താൻ ഉളവാക്കുന്ന ഓരോ ശബ്ദവും
മനുഷ്യരോടുള്ള ഓരോ ചോദ്യങ്ങളാണ്.
പ്രതിഷേധങ്ങളാണ്.
തൻ ഉയിരിനുയിരായ മക്കൾക്കുവേണ്ടി.

വൈഗ പി
9 D

# ഓർമ്മകൾ മാഞ്ഞുപോയ്

ഓർമ്മകൾ മാഞ്ഞുപോയ്
പകൽ സ്വപ്നങ്ങളും പോയ്
എൻ പ്രതീക്ഷകൾ കൈവെടിഞ്ഞു
ഇനിയെനിക്കുവേണ്ട പകൽ-
സ്വപ്നങ്ങൾ കാണുവാൻ
അവ സ്വപ്നങ്ങളല്ലയോ-
എൻ പ്രതീക്ഷകളാണവ,
ഒരുനാൾ ഉതിച്ച മോഹങ്ങളല്ലവ
എൻ ജീവിത ലക്ഷ്യമതല്ലയോ.

-വൈഗ.ഇ.പി
9 D



# മഴക്കാലം

അവൾ ജനലിലൂടെ
പുറത്തുനോക്കിയിരിക്കുകയായിരുന്നു.
നീലാകാശത്തെ മറച്ചു കൊണ്ടിരിക്കുന്ന കറുത്ത
കാർമേഘങ്ങൾ.
അവൾ ചുറ്റുമൊന്ന് പരതി- ചിന്നിചിതറികൊണ്ടിരിക്കുന്ന
മഴ.
അവൾ പുസ്തകം വായിക്കാനായി പുസ്തകം
തിരയുന്നു.പെട്ടെന്ന് വൈദ്യുതി നിലയ്ക്കുന്നു.
സിംഹഗർജനം പോലെ ഇടിമിന്നൽ കടന്നുവരുന്നു. അവൾ
ഒന്നു ഭയന്നു. എങ്ങും നിശബ്ദത നിറയുന്നു.
പെട്ടെന്ന് കാറ്റിന്റെ ശക്തിയാൽ ജനലുകൾ തമ്മിൽ-
കൂട്ടിയിടിക്കുന്നു. കിഴക്കേ മലദിക്കിൽ നിന്നും കുറുക്കൻ
ഓരിയിട്ടു.
അവൾ ഒന്നു വിരണ്ടു. അവളുടെ രോമങ്ങൾ വളരുന്നു. ഭയം
മനസ്സിലൊതുക്കി മുന്നോട്ടേക്ക് ചലിക്കുന്നു. ഒടുവിൽ
അവൾ
എത്തേണ്ടിടത്ത് എത്തി. അവളുടെ ഭർത്താവിന്റെ പ്രതിബിംബ-
ത്തിനു മുന്നിൽ എത്തി. കത്തുന്ന മെഴുകുതിരിക്കുമുന്നിൽ
അവൾ
കഴിഞ്ഞകാലം ഓർത്തുപോയി....

ശിവ & ശ്വേത
9 C

# കുഞ്ഞിരാമന്റെ പൊടിക്കൈ

ഗോവിന്ദൻ എന്ന ഒരു പണക്കാരൻ ഉണ്ടായിരുന്നു. അയാൾ മഹാപിശുക്കനായിരുന്നു. അയൽവാസിയായ കുഞ്ഞിരാമൻ ഗോവിന്ദന്റെ വീട്ടിലെത്തി.

" ഒരു ചെമ്പുപാത്രം കടമായി തരാമോ?"-
കുഞ്ഞിരാമൻ ചോദിച്ചു.
മടിച്ചു മടിച്ച് ഗോവിന്ദൻ പാത്രം കൊടുക്കു. രണ്ടു ദിവസം കഴിഞ്ഞു. കുഞ്ഞിരാമൻ പാത്രം തിരികെ കൊടുത്തു.
പാത്രത്തിനുള്ളിൽ ചെറിയ ഒരു പാത്രംകൂടി ഉണ്ടായിരുന്നു.

"ഇന്നലെ പാത്രം പ്രസവിച്ചു"- കുഞ്ഞിരാമൻ പറഞ്ഞു.
"പാത്രം പ്രസവിക്കുകയോ" - ഗോവിന്ദന് അദ്ഭുതം തോന്നി.
ഉള്ളിൽ സന്തോഷവും .

കുറച്ചുദിവസം കഴിഞ്ഞ് കുഞ്ഞിരാമൻ വീണ്ടും വന്നു. പാത്രം കടമായി ചോദിച്ചു. ഗോവിന്ദൻ വലിയ ഒരു പാത്രം തന്നെ കൊടുത്തു.

നാലു ദിവസം കഴിഞ്ഞിട്ടും പാത്രം തിരിച്ചു കിട്ടിയില്ല.
ഗോവിന്ദൻ കുഞ്ഞിരാമന്റെ വീട്ടിലെത്തി.
" എവിടെ കുഞ്ഞിരാമാ പാത്രം?"
"അയ്യോ... ഇന്നലെ രാത്രി നിങ്ങളുടെ പാത്രം മരിച്ചു പോയി" -
കുഞ്ഞിരാമൻ പറഞ്ഞു.

" പാത്രം മരിക്കുകയോ",
ഗോവിന്ദൻ ദേഷ്യംകൊണ്ടു വിറച്ചു.

"പാത്രം പ്രസവിക്കുമെങ്കിൽ മരിക്കുകയും ചെയ്യും".
കുഞ്ഞിരാമന്റെ മറുപടി കേട്ട് ഗോവിന്ദൻ തലയും താഴ്ത്തി തിരികെ പോന്നു.

---

Parvathi Manayath
8th A

# വാർദ്ധക്യകാലം

ഇന്നത്തെ സമൂഹത്തിൽ ഏറെ പ്രസക്തമായ ഒരു ചിന്താവിഷയമാണ് വാർദ്ധക്യകാലത്ത് അനുഭവിക്കേണ്ടി വരുന്ന ദുരിതങ്ങൾ. മാതാ പിതാ ഗുരു ദൈവം എന്ന പ്രയോഗം നെഞ്ചിലേറ്റുന്ന മലയാളികൾക്ക് വൃദ്ധരായ മാതാപിതാക്കൾ ഒരു ഭാരമാണ്.

തങ്ങളുടെ ജീവിതത്തിന്റെ പകുതി നമുക്കായി ജീവിച്ച മാതാപിതാക്കൾക്ക് വയസ്സായാൽ അവരുടെ സ്ഥാനം വൃദ്ധസദനങ്ങളിലാണെന്ന നമ്മുടെ ചിന്താഗതിയാണ് മാറേണ്ടത്. പ്രായമായവരെ വെറുപ്പോടെയും അറപ്പോടെയും കാണുമ്പോൾ നാം ഓർക്കേണ്ട ഒരു വസ്തുതയുണ്ട് ഒരുനാൾ നമ്മളും ഇതനുഭവിക്കേണ്ടി വരും.

വയോജകദിനത്തിനും മറ്റും അവരെക്കുറിച്ച് പോസ്റ്റ് ഇട്ടതു കൊണ്ട് നമ്മുടെ കടമ അവസാനിക്കുന്നില്ല, മറിച്ച് അവരോട് ചേർന്ന് നിന്ന് സ്നേഹവും സംരക്ഷണവും നൽകണം.

തങ്ങളുടെ ഉത്തരവാദിത്തങ്ങളൊക്കെ തീർത്ത് വാർധക്യത്തിൽ പ്രവേശിക്കുന്നവരെ കാത്തിരിക്കുന്നത് അവഗണനയും ഒറ്റപ്പെടുത്തലുകളുമാണ്.

ഇത്തരം കാര്യങ്ങൾക്കെതിരെ ഒരുപാട് നിയമങ്ങളുണ്ടെങ്കിലും അതൊന്നും യാഥാർത്ഥ്യമാകുന്നില്ല എന്നതാണ് സത്യം. വർദ്ധക്യകാലത്ത് സംരക്ഷണം നമ്മുടെ കടമയല്ല അവരുടെ അവകാശമാണ് , ആ അവകാശം അവർക്ക് നേടിക്കൊടുക്കേണ്ടതാണ് നമ്മുടെ കടമ.

Bhadra Balachandran
8 A

# ◆ --- കലാലയം --- ◆

ഭയത്തോടെ പടിവാതിലിൽ നിന്നു
ഞാൻ തുടക്കത്തിലെൻ....
ഓർമ്മകൾ ഓരോന്നായി
നെയ്തുതുടങ്ങി
ശേഷിച്ച യൗവ്വനം പൂത്തു വന്നു....
അക്ഷരം ജ്വാലയായ്
കത്തിനിന്നപോഴും
കുളിരായ് തോന്നി എൻ മനസ്സിൽ....
ഈ നല്ലനേരത്ത് നേടുന്നതൊന്നും
മറക്കില്ല മരിക്കുവോളം.....

- നൈന ലത്തീഫ
IX A



നിഴൽ
നിനക്ക് കാവൽ നിഴൽ...
നീ ഇല്ലാതാകുമ്പോൾ
നിന്നോടൊപ്പം
മടങ്ങുന്നതും നിഴൽ...
നീ കരയുമ്പോൾ നിന്റെ
കൂടെ കരയുന്നതും
നിഴലാണ്...
നീ ചിരിക്കുമ്പോൾ നിന്റെ
കൂടെ ചിരിക്കുന്നതും
നിഴലാണ്...
നീ നിഴലിനെ കൂടെ
നിർത്തുക.
-ഹെന്ന ലത്തീഫ്
IX A

# THE SKY

*OH ! The sky looks beautiful,*
*beautiful than anything else.*
*The warm blue gives me peace,*
*feels like I'm alive.*
*Look at clouds, it's like a cotton candy.*
*This is why every one loves you?*
*The most precious beautiful-*
*things are all with you,*
*the sun, the moon, the stars, the clouds!*
*And the beautiful rain comes from you!*
*They make the sky more beautiful.*
*The evening warm sky-*
*our heart says to look*
*again and again and again.*
*Such a priceless view....!*

- Naina latheef
IX A



MOTHERHOOD

*In the heart's gentle cradle, love's tender art,*
*A mother's embrace, where dreams takes part.*
*With whispers of comfort, she gently consoles,*
*In her arms, every heart beat strolls.*


*Her touch, a balm, in the night's quiet grace,*
*guiding her children, with steadfast embrace.*
*Through laughter, through tears, her love ever bold,*
*A story of warmth, in her arms ,it's told.*

*In her eyes, a universe, boundless and free,*
*A beacon of light, for all to see.*
*Her sacrifices, a silent symphony,*
*Shaping our futures,with grace and harmony.*

*Nurturing,molding,with selfless care,*
*A guardian angel,always there.*
*her strength,a fortress,unwavering and true,*
*In her embrace,love forever anew.*


*Oh, motherhood, a sacred symphony,*
*an ode to love's enduring legacy.*
*In each tender moment, in every sweet kiss,*
*Her presence lingers, an eternal bliss.*

*– LUHA REEM KHATHOON*



Lack of meaningful alternatives, such as affordable schools and quality education, according to the ILO, is another major factor driving children to harmful labouR.Child labour is the exploitation of children through any form of work that interferes with their ability to attend regular school, or is mentally, physically

**Life of little ones are" DESTROYED" when labour is" EMPLOYED".**



# ദി ക്രോണിക്കിൾസ് ഓഫ് എറ്റേർണിറ്റി

അഭിവൃദ്ധി പ്രാപിക്കുന്ന ഒരു രാജ്യത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന രാജകൊട്ടാരത്തിലെ മൂന്നാം നിലയിൽ പർവ്വതങ്ങളെ അഭിമുഖീകരിച്ച് സ്ഥിതി ചെയ്യുന്ന മഹത്തായ കൊട്ടാരം ലൈബ്രറി . പുരാതന ഗ്രന്ഥങ്ങൾ സംരക്ഷിക്കപ്പെടുന്ന ഇടമായതിനാൽ ലൈബ്രേറിയന്മാർ അവിടം ജാഗ്രതയോടെ നിരീക്ഷിച്ചു. നൂറ്റാണ്ടുകളുടെ ജ്ഞാനവും ചരിത്രവും ആ നാല് ചുവരുകൾക്കുള്ളിൽ സൂക്ഷിക്കപ്പെട്ടു. അത്തരത്തിലുള്ള ഒരു വിലയേറിയ ഗ്രന്ഥമായിരുന്നു ദി ക്രോണിക്കിൾസ് ഓഫ് എറ്റേർണിറ്റി . ആ രാജ്യത്തെ നിലനിർത്തുന്ന, ഭൂതകാല രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥം. നിർഭാഗ്യകരമായ ഒരു പ്രഭാതത്തിൽ സൂര്യൻ അതിന്റെ സ്വർണകിരണങ്ങൾ കൊട്ടാരത്തിൽ മേൽ പതിപ്പിച്ചപ്പോൾ അസാധാരണമായ ഒരു കണ്ടെത്തൽ ഉണ്ടായി. ദി ക്രോണിക്കിൾസ് ഓഫ് എറ്റേർണിറ്റി അപ്രത്യക്ഷമായിരിക്കുന്നു. ഇത് രാജ്യത്തെ ഉടനീളം പ്രക്ഷുബ്ധാവസ്ഥയിലാക്കി .

രാജ്യമൊട്ടാകെ കുഴപ്പങ്ങൾ കൊട്ടാരത്തിലേക്ക് ഡിറ്റക്ടീവ് സാറ എവ്‌ലിന്റെ പ്രവേശനം. മൂർച്ചയുള്ള ബുദ്ധിയും, സൂക്ഷ്മമായ കണ്ണുകളും, പേരുകേട്ട നിശ്ചയദാർഢ്യവുമുള്ള അന്വേഷക. നിഗൂഢത അനാവരണം ചെയ്യുന്നതിനായി സാറ അന്വേഷണം ആരംഭിച്ചു. കൊട്ടാരം ജീവനക്കാരെ ചോദ്യം ചെയ്യുകയും സുരക്ഷാ നടപടികൾ സൂക്ഷ്മമായി പരിശോധിക്കുകയും ലൈബ്രറിയിൽ പതിവായി വരുന്നവരെ കുറിച്ചെല്ലാം അവൾ അന്വേഷിച്ചു. എന്നാൽ അന്വേഷണത്തിന്റെ ഓരോ ഘട്ടത്തിലും കൊട്ടാരത്തിന്റെ മതിലുകൾ തന്നെ രഹസ്യങ്ങൾ മറച്ചുവയ്ക്കാൻ ഗൂഢാലോചന നടത്തുന്നതായി അവൾക്ക് തോന്നി. എന്നാൽ സാറ പിന്തിരിഞ്ഞില്ല. ഓരോ സൂചനകളും കൊട്ടാരചരിത്രത്തിന്റെയും രാജകീയ ഗൂഢാലോചനകളുടെയും വഞ്ചനയുടെയും പാളികൾ അവൾക്കുമുന്നിൽ തുറന്നുകാട്ടി. ക്രോണിക്കിൾസ് ഓഫ് എറ്റേർണിറ്റിയുടെ തിരോധാനം കേവലം മോഷണമല്ലെന്നും അത് രാജ്യത്തെ തകർക്കാനുള്ള ആസൂത്രണമാണെന്നും അവൾ മനസ്സിലാക്കി .

സത്യത്തിന്റെ ചുരുളഴിക്കാൻ സാറ സമയത്തിനെതിരെ ഓടുമ്പോൾ ഓരോ കോണിലും അപകടങ്ങൾ പതുങ്ങിയിരിക്കുന്നുണ്ടായിരുന്നു. അധികം വൈകാതെ തന്നെ കൊട്ടാരത്തിലെ നാലുചുവരുകൾക്കുള്ളിൽ പതുങ്ങിയിരുന്ന ആ രഹസ്യം കണ്ടെത്താൻ അവൾ തീരുമാനിച്ചു. അന്വേഷണം ആഴങ്ങളിലേക്ക് ഇറങ്ങുന്തോറും മതിലുകൾക്കപ്പുറത്ത് നീണ്ടു കിടക്കുന്ന വഞ്ചനയുടെ ഒരു വലയം അവൾ കണ്ടെത്തി. ഉന്നതോദ്യോഗസ്ഥരും രാജസദസ്സിലെ ഓരോ അംഗങ്ങളുടെയും മുഖംമൂടി അഴിഞ്ഞുവീണു. ഓരോരുത്തരും അവരവരുടെ ഉദ്ദേശ്യങ്ങൾ മറയ്ക്കാൻ ശ്രമിക്കുകയാണ്. ആഴ്ചകൾ നീണ്ട അന്വേഷണത്തിനൊടുവിൽ സാറ ഒരു നിർണായകമായ ഒരു തെളിവ് കണ്ടെത്തി.

കൊട്ടാരത്തിനുള്ളിൽ മറഞ്ഞിരിക്കുന്ന രഹസ്യ അറ, അവിടെ വളരെ ചുരുക്കം പേർക്ക് മാത്രം അറിയാവുന്ന ഇടമായിരുന്നു . വിളക്കിന്റെ മിന്നുന്ന വെളിച്ചത്തോടെ നടക്കുന്ന ഇരുട്ടിലേക്ക് അവൾ നയിക്കപ്പെട്ടു .ഹൃദയഭാഗത്ത് ഞെട്ടിക്കുന്ന കാഴ്ചയാണ് സാറ കണ്ടത് .കാണാതായ ക്രോണിക്കിൾസ് ഒരു പുരാതന പീഠത്തിൻ മുകളിൽ തുറന്നു കിടക്കുന്നു .ചുറ്റിലും നിഗൂഢത ഉണർത്തുന്ന ചിഹ്നങ്ങളും രഹസ്യങ്ങൾ എഴുതിയ കടലാസ് കഷ്ണങ്ങളും അവൾ കണ്ടു. അവൾ അത് പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ നിഴലിൽ പുതച്ച ഒരു രൂപം അവളെ അഭിമുഖീകരിച്ചു - മോഷണത്തിന് പിന്നിലെ യഥാർത്ഥ സൂത്രധാരൻ. അത് മറ്റാരുമായിരുന്നില്ല രാജാവിന്റെ വിശ്വസ്തനായ ഉപദേഷ്ടാവും, രാജ്യത്തിന്റെ രഹസ്യ സൂക്ഷിപ്പുകാരനും ആയിരുന്ന ലൈബ്രേറിയൻ. അധികാരമോഹവും, ചരിത്രം തിരുത്താനുള്ള ആഗ്രഹവും ,സ്വന്തം പ്രതിച്ഛായയിൽ രാജ്യം പുനർനിർമ്മിക്കുക എന്നതായിരുന്നു കയ്യെഴുത്ത് പ്രതിയുടെ മോഷണത്തിന് പിന്നിലെ മുഖ്യലക്ഷ്യം .



സാറ തന്റെ എതിരാളിയുമായി നേർക്കുനേർ നിന്നപ്പോൾ താൻ നേരിടാൻ പോകുന്ന ഏറ്റവും വലിയ വെല്ലുവിളിയാണിതെന്ന് അവൾക്ക് തോന്നി. ഒരു സമർത്ഥമായ നീക്കത്തിലൂടെ അവൾ ലൈബ്രേറിയനെ മറികടന്ന് ,അയാളെ രഹസ്യ അറയ്ക്കുള്ളിൽ കുടുക്കി. കാണാതായ ഗ്രന്ഥം അതിന്റെ യഥാർത്ഥ സ്ഥാനത്ത് എത്തിയതോടെ രാജ്യത്തിന്റെ ക്രമസമാധാനം പുനഃസ്ഥാപിക്കപ്പെട്ടു .സാറയുടെ അന്വേഷണം കൊട്ടാരം ലൈബ്രറിയെ സംരക്ഷിക്കുക മാത്രമായിരുന്നില്ല രാജ്യത്തിന്റെ പൈതൃകം തലമുറകൾക്കായി സംരക്ഷിക്കുക എന്നത് കൂടിയായിരുന്നു.

**നിരഞ്ജന നിഖിൽ**

**IX E**

ആഷ്മിയ
IX.B

# കാത്തിരിപ്പേ ജീവമോഹം

മറയുന്ന സന്ധ്യയും സൂര്യനും
മായുന്നൊരാ ചന്ദ്രനും ആമ്പലും
മാറുന്ന ഋതു കേതുവും
ഇനിയെത്രനാൾ ഞാനിരിപ്പൂ ഇങ്ങനെ
വിങ്ങും മനസ്സും കനിയും കണ്ണുനീരും

മായാത്ത നിൻ പുഞ്ചിരിയും
അകലാത്തൊരാ കിളിക്കൊഞ്ചലും
മിന്നെനിക്കു കൂട്ടായി വഴിത്താരയിൽ
എന്നിലെ നീ ഇന്നുമൊരു വിദൂര സ്വപ്നമോ
നമുക്കായുള്ളൊരാ വസന്തമിന്നന്യമോ

ഓരോ നിമിഷവും നിനക്കായി ഞാൻ
ഓരോ നിനവിലും നീ മാത്രമായി
ഇന്നും നിനക്കായി ഞാനിരിപ്പാ
വിജനമാം മട്ടുപ്പാവതിൽ
നിനക്കായുള്ളൊരെൻ കാത്തിരിപ്പേ എൻ
ജീവമോഹം
നിന്നോർമ്മകളേ എൻ ജീവവായു....

# ജന്മസാഫല്യം

ഇരുട്ടിലെ യാമങ്ങളിൽ
അനന്തമായ ആകാശത്തിലെ
പഞ്ഞിക്കെട്ടുകൾക്കിടയിൽ
ഒളിച്ചിരിക്കുന്ന നിലാവേ...!
എൻ ഓരോ രാത്രിയും
നിന്നിലലിയുമ്പോൾ പരിപൂർണം
നിൻ സാന്നിദ്ധ്യം എന്നിലെ
ഉറക്കം സാഫല്യമാകുന്നു
അല്ലയോ നീല നിലാവേ
പൂർണ ചന്ദ്രാ.....
ഒരു ദിവസം ഞാൻ വരും
നിന്നരികിലായി...നിന്നിലേക്ക്
എന്റെ കാൽപാദത്തിൻ
ചൂട് നിന്നിൽ പടർത്താൻ
നിൻ സൗന്ദര്യം ആസ്വദിക്കാൻ
നിനക്കായി ഭൂമിയെ വിട്ട്
ഒരു നാൾ ഞാൻ വരും...
സ്വപ്നമാകുമോ ഈ യാത്ര
അതോ സഫലമാകുമോ....
നിന്നിലലിയുമ്പോൾ എൻ
ജന്മം സാഫല്യം.

ആഷ്ലിയ
IX.E

# പുതുമഴ

പുതുമഴയെ പുൽകാൻ വെമ്പുന്ന വരണ്ട
ഭൂമിയെപോൽ
ശൂന്യമായ കടലാസായ എന്നിലേക്ക് നിന്റെ
അക്ഷരമഴ
വർഷിക്കുന്നതും കാത്തു ഞാൻ നിൽപൂ....
തൂലികേ....

പുതുമഴയെ പുൽകാൻ വെമ്പുന്ന വരണ്ട
ഭൂമിയെപോൽ
ശൂന്യമായ എന്റെ പുസ്തക താളുകളിൽ നീ
വർഷിക്കുന്ന
അക്ഷരമഴയെ കോർത്തിണക്കാൻ
തുടികൊള്ളുന്ന
ഹൃദയവുമായി കാത്തിരിക്കുകയാണ്
തൂലികേ.....

ഭൂമിയുടെ പച്ചപ്പിൽ നിന്നും
മരണമാം മരുഭൂമി പുൽക്കാൻ നേരം
ഒരു മഴയായി എന്നിൽ വർഷിക്കുമോ
മുകിലേ.....

ആഷ്മിയ
IX B

# ആത്മാവിൻ വിലാപം

നീതിദേവതേ...കണ്ണുകൾ മൂടപ്പെട്ട നിനക്ക്
എന്റെ മുറിവുകൾ അന്യമായിരുന്നു
എന്റെ വേദനകൾ അന്യമായിരുന്നു
പാപം ചെയ്തവന്റെ കയ്യിലെ കറ
പുണ്യമെന്നു വാദിച്ചു
എന്റെ നിസഹായതയെ ചൂഷണം ചെയ്തു
ചോര കനിയുന്ന മുറിവുകളെ വീണ്ടും
കീറിമുറിച്ചു
എന്നെ ഇല്ലാതാക്കിയവനെ നീ
സംരക്ഷിച്ചു
എന്നിലുണ്ടായിരുന്ന ജീവന്റെ
അവസാന കണികയും
അവൻ പറിച്ചെടുത്തപ്പോൾ നീ അവനു
പുതുജീവനേകി......
നീതിയുടെ ത്രാസ്സിൽ പാപത്തിന്റെ
തട്ട് താണു നിന്നപ്പോൾ
ഒരിക്കൽ കൂടെ തന്റെ പ്രിയപ്പെട്ടവരെ
ഒന്നു നോക്കി
ജീവിതവും സ്വപനങ്ങളും ഈ ഭൂമിയിൽ
തന്നെ അവസാനിപ്പിച്ച്
ഇനിയൊന്നും നഷ്ടപ്പെടുത്താനില്ലാതെ
ആ ആത്മവ് തിരികെ നടന്നു......



# വേർപാട്

മഴ പെയ്ത് തോർന്നതേയുള്ളൂ. നല്ല തണുത്ത കാറ്റ് ജനലിലൂടെ ഓടി വന്ന് മേലാകെ ഇരിച്ചു കയറി. ആ കാറ്റ് ഓരോ രോമകൂപങ്ങളെയും എഴുന്നേൽപ്പിച്ചു. വെളുപ്പിന് 4:15 ന് വന്നതേയുള്ളൂ അച്ഛൻ വന്നെന്നെ എഴുന്നേൽപ്പിച്ചു. കണ്ണുകൾ തുറക്കാനാവുന്നില്ല. കഷ്ടിച്ച് എഴുന്നേറ്റു. മുത്തശ്ശിയുടെ അടുത്തേക്ക് പോവുകയാണ് എന്ന് മാത്രം കാരണം എന്തെന്ന് പറഞ്ഞില്ല. അമ്മയുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. ചുവന്ന ആ കവിളുകളിലൂടെ കണ്ണീർ മുത്തുകൾ ഊർന്ന് വീഴുന്നു. അമ്മയോട് എന്ത് ചോദക്കണമെന്നറിയില്ല. അത്രയ്ക്ക് ക്ഷീണിതയാണ് അമ്മ. അനിയനേയും അച്ഛൻ വിളിച്ചെഴുന്നേൽപ്പിച്ചു. സ്കൂളിൽ പോവേണ്ട എന്ന സന്തോഷമാണ് ആ മൂന്നാം ക്ലാസുകാരന്റെ മുഖത്ത്. വേദനിപ്പിക്കുന്ന എന്തോ ഒന്ന് സംഭവിച്ചിട്ടുണ്ട്. എന്റെ മനസ്സ് പല ചിന്തകളിലേക്കും വഴുതി വീണു. അവയൊന്നും ആകരുതേയെന്ന് ഞാൻ പ്രർത്ഥിച്ചു ഒൻപതാം ക്ലാസുകാരിയുടെ ബുദ്ധിയിൽ അമ്മയോട് ഒന്നും ചോദിക്കാൻ തോന്നിയില്ല. വല്ല വേദനിക്കുന്നതാണ് അതെങ്കിൽ..അമ്മയെ വീണ്ടും അത് ചോദിച്ച് വിഷമിപ്പിക്കുന്നില്ല. അച്ഛൻ കാർ എടുത്ത് കെട്ടിട കൊട്ടമരങ്ങൾ താണ്ടി പച്ച പട്ട് വിരിച്ച നാട്ടിലേക്ക് ഞങ്ങൾ

കടന്നു. ഒരു നേർത്ത പാടപോലെ മഞ്ഞ് മൂടിയിരുന്നു അവിടം. അച്ഛ കൗതുകത്തോടെ അതെല്ലാം വീക്ഷിക്കുന്നു. നാട്ടിലെത്തി കാറിൽ നിന്നിറങ്ങി പാടത്തൂടെ കുറച്ചധികം നടക്കണം. ഓരോ പുൽനാമ്പുകളിൽ പ്രഭാതകിരണം പതിച്ച വജ്രങ്ങൾ പോലെ അവ പ്രതിധ്വനിച്ചു. മുത്തശ്ശിയുടെ വീട്ടിലേക്കടുക്കാറായ് നിറയെ ആൾക്കൂട്ടം. ഞങ്ങളെ കണ്ടതും അന്യഗ്രഹജീവികളെ പോൽ എല്ലാവരും ഞങ്ങളെ തന്നെ വീക്ഷിക്കുന്നു. എല്ലാ പൂണ്ടക്കണ്ണുകളും ഞങ്ങളിൽ കൊളുത്തിയിറക്കുന്നു. അമ്മ നിലവിളിച്ചുകൊണ്ട് ഓടി അകത്തു കയറി. നിവിളികളും ചന്ദനത്തിരിയുടെ സുഗന്ധവും വെള്ളത്തുണിയിൽ പൊതിഞ്ഞ ജീവനറ്റ ശരീരമാണ് ഞാൻ കണ്ടത്. എന്റെ ചിന്തകൾ ശരിയായിരുന്നു ഞാൻ ഊഹിച്ചതുപോലെ തന്നെ നടന്നു.മേലാകെ തണുത്ത് നിറച്ചിരുന്നു.നേരെ പുറത്തേക്ക് ഞാൻ  നടന്നു. ഒരവധിക്കാലത്ത് മാവിൽ ഒരു ഊഞ്ഞാൽ കെട്ടിയിരുന്നു. ഞാൻ നേരെ അതിനു മുന്നിൽ ചെന്നു നിന്നു.ഒഴിഞ്ഞ മനസ്സും നിറഞ്ഞ കണ്ണുമായ് ഞാൻ തനിയെ മരവിച്ച എന്നിലേക്ക് മുത്തശ്ശിയുടെ ഓർമ്മകൾ ഒരു ഇളം കാറ്റുപോൽ വീശി. മുത്തശ്ശി പറഞ്ഞുതന്ന കഥകളും ഇന്നും എനിക്ക് ഓർമയുണ്ട്. മുത്തശ്ശിയുടെ മാമ്പഴപുളിശ്ശേരിയുടെ സ്വാദ് ഇന്നും എന്റെ നാവിലുണ്ട്. സ്നേഹം മധുരമായ് ഞങ്ങളിലേക്ക് പകർന്നുതന്ന ആ സ്ത്രീ ഇന്നില്ല. മുത്തശ്ശിയുടെ മടിത്തട്ടിൽ കിടക്കുമ്പോൾ ഉണ്ടായിരുന്ന സങ്കടങ്ങൾ മുഴുവൻ മാഞ്ഞുമറയും. വലിയ ഒരു മഴ തോർന്നിരുന്നു. പക്ഷെ ശക്തമായ് ഇടിയും മിന്നലും ചേർന്ന മഴ എന്നുള്ളിൽ ഉടലെടുത്തിരുന്നു. കൊടുങ്കാറ്റ് എന്നെ ആടിയുലയ്ക്കുന്നുണ്ടായിരുന്നു ആ ദീപം ഇന്നില്ല.

- കൃഷ്ണേന്ദു.സി.പി



ഓണം

എല്ലാ പൂക്കളും ചിരിക്കും
എല്ലാ രാത്രികളും പകലാവു
എല്ലാതിന്റെയും വസന്തം വിരിയും
ഒരിക്കൽ നീട്ടി ഏകിയ പാട്ടുകൾ
വീണ്ടും മണ്ണിൽ നിറയും
ഓണം വരും
ഹർഷം വരും
മണ്ണിലെ പ്രാണനും നിറയും ..
-കീർത്തനാവിക











പിടയുന്ന മനസ്സേ
കരയുന്ന മിഴിയേ
അകലുന്ന ഹൃദയമേ
നിനവാകും പ്രണയമേ
പിഴയ്ക്കുന്നതാരോ നീയാ വിധിയെ
അപ്പോഴും ചിരിക്കുന്നതാരോ
നി കർമ്മമേ......

- ആര്യലക്ഷ്മി




# കാത്തിരിപ്പ്

കാത്തിരിക്കയാണല്ലി നിൻ -
അമ്മയിന്നിവിടെയീ തണലിൽ
ഒരു നോക്കുകാണുവാൻ കാത്തിരി -
ക്കയാവും മറയുന്നില്ലയോ നിന്റെയാ -
പുഞ്ചിരിയെൻ മനസ്സിൽ .
കാലവും പൂവും എത്തിനെത്ര -
അപ്പുറമല്ലയോ പോലും
നിനക്കായ് ഈ തണലിൽ...
നെയ്യപ്പവും ചക്കവരട്ടിയും ഒരു
തൊണ്ടിയിൽ ആരെയും കാണാതിരിക്കു
അമ്പിളിൻ ഒരു ഇളകിനിറയുന്ന
പായസമോ?

- ആതുലക്ഷ്മി





Lights up ......
lights up our lifes
with the positive views
of our strengths
be ourself as sunshines of our lifes
continue with our own
strenght . catch up the goals
Sivanya T
9TH A


പ്രകൃതി സംരക്ഷണം
പ്രകൃതി സംരക്ഷിക്കാം ജീവിതം
സുഖമാക്കാം, മാതൃഭൂമി സ്നേഹിക്കാം
നാം കാണാം പ്രഭാവം . വൃക്ഷങ്ങൾ
നിലനിറയും , വെള്ളം പ്രതിഫലിപ്പിക്കാം
പ്രകൃതിയെ കാക്കാൻ നാം
സന്തോഷിപ്പിക്കാം , സംരക്ഷിക്കാം
നിയ
9A

# പ്രകൃതി ഭംഗി

നിൻ പച്ചപ്പും ഹരിതം
പാറുമിതാ എൻ മിഴികളിൽ
നിറഞ്ഞിരിക്കയോ...

ഓരോ പൂക്കൾ മുകളിൽ
ഇരുന്നിതാ നിൻ വെളിച്ചം
എന്നിലേക്കു പകരവേ....

നയനങ്ങളിലേക്കും വെളിച്ചം
പകരുന്ന എൻ പ്രകൃതിയേ...
നിൻ ഭംഗിയും എന്നെ
നിന്നിലേക്ക് അടുപ്പിക്കയേ....

സകലചരാചരങ്ങൾക്കും അമ്മയാം നീ
പുഞ്ചിരിതൂകി ഇതാ എൻ
മിഴികളിൽ നിറഞ്ഞിരിക്കയോ

നദികളും പുഴകളും ഒഴുകുന്നുവിതാ
എൻ പ്രകൃതിയിലൂടെ ഭംഗിയേകുന്നു..
ഭംഗിയേറുന്നു പ്രകൃതിയേ.......

ഷൂറി.പി

II A



# പ്രകൃതിദുരന്തവും മനുഷ്യന്റെ പ്രവർത്തികളും

ഓരോ ദിവസം കൂടുംതോറും മനുഷ്യന്റെ ഓരോ ദുഷ്പ്രവർത്തികൾ മൂലം പ്രകൃതി ഇവിടെ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്രകൃതി നമുക്ക് തന്ന ഓരോ വരദാനവും ഇനി നശിപ്പിക്കാതെ നമുക്ക് കഴിയുന്നതാണോ? പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ഓരോ മനുഷ്യനും അതിനെ എങ്ങനെ സംരക്ഷിക്കാം എന്ന് ചിന്തിക്കുന്നതിന് പകരം അത് എങ്ങനെയൊക്കെ നശിപ്പിക്കാം എന്നാണ് ഇന്നത്തെ ജനങ്ങളും ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും. എന്നാൽ ഒരാൾ പോലും അതിനെ സംരക്ഷിക്കാനായി മുന്നോട്ട് വരുന്നില്ല. പക്ഷേ പ്രകൃതിയുടെ സംരക്ഷണം മൂലം നമുക്ക് നമ്മുടെ ജീവൻ തന്നെയാണ് ഇവിടെ സംരക്ഷിക്കാൻ കഴിയുന്നത്. പ്രകൃതി നമ്മെ സംരക്ഷിക്കാൻ ശ്രമിക്കുമ്പോഴും മനുഷ്യരുടെ ഓരോ അനാവശ്യങ്ങൾക്ക് ഉപയോഗിച്ച് അത് മനുഷ്യന് തന്നെ ദോഷമായി മാറുന്ന അവസ്ഥയാണ് ഇപ്പോൾ നാം എല്ലാവരും നേരിടുന്നത്. പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന പഴങ്ങളും ധാന്യങ്ങളും കഴിച്ച് എന്നാൽ പിന്നീട് ആ ഭൂമി തന്നെ നശിപ്പിച്ച് ധാരാളം കുളങ്ങളാണ് ചെയ്യുന്നത്. അതുതന്നെ തുടർന്ന് വേണ്ടി ഇനിയൊരു മനുഷ്യ ജീവൻ പോലും നിലനിൽക്കാത്ത അവസ്ഥയിൽ പ്രകൃതിയെയും ഭൂമിയെയും മാറ്റുകയാണ് മനുഷ്യർ ഓരോന്നിനും ചെയ്യുന്നത്. കഴിവുകളും കൊണ്ട് പുതിയ ജനങ്ങൾ എന്നിട്ടും ഈ പ്രകൃതിയെയും കൃഷിയെയും മുന്നോട്ട് നയിക്കാൻ ശ്രമിക്കുന്നില്ല. പകരം അതിന് എതിരെ നിന്ന് പണം ലഭിക്കുന്ന ഓരോ വഴികളിലേക്ക് പോവുകയാണ്. പണം കിട്ടുന്ന ഏതൊരു പ്രവർത്തനത്തിലും മനുഷ്യർ വീണ് പോവുകയാണ്. ആ സമയം ഈ പ്രകൃതിയെയും മനുഷ്യരിലുള്ള ഈ പ്രപഞ്ചത്തെയും എല്ലാവരും ഒറ്റക്കെട്ടായി നിന്ന് സംരക്ഷിച്ചാൽ ഒരു പുതുതലമുറയെ തന്നെ സൃഷ്ടിക്കാൻ കഴിയും. ഓരോ ജനങ്ങളും ജീവിതം മുന്നോട്ട് പോകാൻ ഓരോ ദിവസവും പാടത്തിൽ അധ്വാനിക്കുകയാണ്. എന്നാൽ ഒരു നമ്മുടെ കൃഷിയെ മുന്നോട്ട് നയിച്ചാൽ അതോടെ നമ്മുടെ ലോകം തന്നെ മാറും എന്ന ഒറ്റ ചിന്ത കൊണ്ട് എല്ലാവരും മുന്നോട്ട് നടക്കുകയാണെങ്കിൽ ഒരു പുതു ലോകം തന്നെ നമ്മുടെ മുന്നിൽ കാണാൻ സാധിക്കും. പണത്തിന്റെ പിന്നാലെയുള്ള മനുഷ്യന്റെ ഓട്ടത്തിൽ പലതും മറന്ന് അതിൽ ആഴ്ന്നിറങ്ങുന്ന മനുഷ്യരാണ് ഇപ്പോൾ ഈ ലോകത്ത് വസിക്കുന്നത്. പല പ്ലാസ്റ്റിക് ഉപകരണങ്ങൾ ഉപയോഗിച്ച് ലോകം മലിനമാക്കുന്നതിൽ മനുഷ്യർ മുന്നിൽ തന്നെയാണ്. എന്നാൽ അവിടെ ഒന്ന് വൃത്തിയായി സൂക്ഷിക്കാൻ ആർക്കും നേരമില്ല. പുതിയ ലോകം എല്ലാ മനുഷ്യരെയും സ്വാർത്ഥതയ്ക്ക് കീഴിൽ പിടിച്ചുനിർത്തിയിരിക്കുകയാണ്. നല്ല കാര്യങ്ങൾ പ്രവർത്തിച്ച് അത് ചെയ്യാനും ആരും ശ്രമിക്കുന്നില്ല. നിരാശപ്പെടുത്തി ഓട്ടത്തിന് മുന്നിൽ പല ജനങ്ങളും മറന്ന് പോയിരുന്ന പിന്നാലെ പോകുകയാണ്. ഈ ലോകം ഓരോ ചെയ്യുന്ന തെറ്റ് കണ്ട് അത് തിരുത്താനും ആർക്കും സമയമില്ലാതെ പായുന്ന മനുഷ്യനെ സഹായിക്കാനുള്ള സമയം പോലും ഒരുക്കുന്നില്ല. എന്നാൽ മനുഷ്യന് കഷ്ടകാലം വരുമ്പോൾ ആരുടെ കാലു പിടിക്കാനും ഒരു നാണവുമില്ലാത്ത പല തരത്തിലുള്ള മനുഷ്യരെക്കൊണ്ട് നിറഞ്ഞതാണ് ഈ ലോകം. മനുഷ്യന്റെ പ്രവർത്തികൾ മൂലം ഓരോ ദിവസം കൂടുംതോറും പ്രകൃതി നശിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ മനുഷ്യന്റെ ജീവിതവും. അതുകൊണ്ട് ഇനിയെങ്കിലും ഒരു നല്ല മനുഷ്യനായി ജീവിച്ച് പുതിയ തലമുറയെ വിളയിക്കുക.



---

\- ശ്രീലക്ഷ്മി
VIII A

# എന്റെ നാട് കേരളം



വിസ്തീർണ്ണം - 38,863 ച.കി.മീ

ജില്ലകൾ - 14
താലൂക്കുകൾ - 77
നദികൾ - 44
കായലുകൾ - 34

ഏറ്റവും വലിയ ജില്ല - ഇടുക്കി
ഏറ്റവും ചെറിയ ജില്ല - ആലപ്പുഴ
തലസ്ഥാനം - തിരുവനന്തപുരം
സാംസ്കാരിക തലസ്ഥാനം - തൃശ്ശൂർ
വ്യാവസായിക തലസ്ഥാനം - എറണാകുളം

ഔദ്യോഗിക :

മൃഗം - ആന
പക്ഷി - മലമുഴക്കി വേഴാമ്പൽ
പുഷ്പം - കണിക്കൊന്ന
വൃക്ഷം - തെങ്ങ്
ഫലം - ചക്ക
മത്സ്യം - കരിമീൻ
പാനീയം - ഇളനീർ
ശലഭം - ബുദ്ധമയൂരി





# കേരളം

നൂറ് ശതമാനം പ്രാഥമിക വിദ്യാഭ്യാസം നേടിയ ആദ്യ സംസ്ഥാനം

ഇന്ത്യയിലെ ആദ്യ ശിശുസൗഹൃദ സംസ്ഥാനം

ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ബാങ്കിംഗ് സംസ്ഥാനം

എല്ലാ ഗ്രാമങ്ങളിലും ബാങ്കിംഗ് സൗകര്യം ലഭ്യമാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം



ഇന്ത്യയിൽ സാക്ഷരതാ നിരക്ക് കൂടിയ സംസ്ഥാനം

ടൂറിസത്തെ വ്യവസായമായി അംഗീകരിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം

എയർ ആംബുലൻസ് ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം

ലോട്ടറി സംവിധാനം ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം

ശിശുമരണ നിരക്ക് കുറഞ്ഞ ഇന്ത്യൻ സംസ്ഥാനം

ദുരന്ത നിവാരണ അതോറിറ്റി ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം

കായിക വിദ്യാഭ്യാസം പാഠ്യവിഷയമാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം

പ്രവാസികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനം

ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സംസ്ഥാനം



- ശിൽപ ഫ്രാൻസ്
IX A

# ചിരി

ചിരിയുണ്ടാകുന്നതോ, നന്മനിറഞ്ഞ
ഹാസ്യങ്ങളിൽ സൗഹൃദങ്ങളിൽ
സന്മനസ്സുള്ളവരിൽ മാത്രമാണെങ്കിൽ!
എന്നോനഷ്ടപ്പെട്ട ചിരി
ഓർത്തെടുക്കാനാവില്ലൊരിക്കലും!!.
നടന്നുപോകുന്നവനെ കടക്കാരനാക്കുന്ന
കച്ചവട മാസ്മരികത- തിരിച്ചറിയാനാവാതെ,
സുഖഭോഗങ്ങളിൽക്കുഴഞ്ഞ്
തിരിഞ്ഞുനോക്കാനാവാതെ, മോഹങ്ങളും
സ്വപ്നങ്ങളും ഉയർന്ന
മൺകുമ്പാരത്തിനുച്ചിയിൽ ചെന്നലയുന്നു.
സ്വയം ചോദ്യചിഹ്നമാകുന്ന
കടക്കെണിയിൽവീണ ശരീരം കൂട്ടമായ്
തെറ്റിവീണ് പൊടിയുമ്പോൾ ചിരിയെന്നഭിലാഷം
ഈ മണ്ണിൽ തീർത്തൊരു മുഖംമൂടിയാകുന്നു.


അൻവിയ .പി
VII-B

# മരുഭൂമി

കഴിഞ്ഞ വർഷം ഞാൻ വർണിച്ചു
എന്റെ പൂന്തോട്ടത്തെപറ്റി
ഞാനറിയാതെ എത്തിയ ഒരു സ്ഥലത്തിന്റെ
പരിണാമത്തെ കുറിച്ച്
ഇന്നിതാ പേന വിറച്ചു കണ്ണീർ പൊഴിച്ചു
ഞാൻ എഴുതുന്നു
മരുഭൂമിയെപറ്റി
ഓർക്കാൻ ഒന്നും കിട്ടാതെ പോയ ഒരു
സ്ഥലത്തെപറ്റി
ആത്മാവിന്റെ ഉള്ളിൽ കളികളേക്കാൾ
മൂർച്ചയേറിയ ഒന്ന്
എന്താണ് ആ ഒന്ന്
സുന്ദരമായ നിമിഷങ്ങൾ തന്നെ
ഒരിടത്തു നിന്ന് വന്ന നിസ്സഹായയായ ഞാൻ
സ്നേഹത്തിന്റെ പരിചരണത്തിന്റെ
നടുവിൽ പെട്ട് ശ്വാസം മുട്ടിയിരിക്കുന്നു
ഈ എന്നെ സ്നേഹിക്കാൻ ആരുമില്ലാതെ പോയ കഥ
പഴയ പൂന്തോട്ടമാകും പുതിയ
സ്ഥലമെന്നു ഞാൻ കരുതി
എന്നാൽ തെറ്റി
സ്നേഹിക്കാൻ അറിയാത്ത ഒരു കൂട്ടർ
ആണ് ഇവർ എന്ന് അറിയാൻ ഞാൻ വൈകി
സ്നേഹിക്കാൻ എനിക്ക് കഴിയുകയില്ല
സ്നേഹം അല്ലും ആത്മാർത്ഥമായ
സ്നേഹം

സ്നേഹിച്ചജീവന് തുല്യം
പൂന്തോട്ടമാകാൻ ശ്രമിച്ചു
എന്നാൽ ഒരു കള്ളിമുൾച്ചെടി
പോലും വളർന്നില്ല
അവസാനം മരുഭൂമിയേക്കാൾ
ഭീകരമായ ഒരു ദുരവസ്ഥ
ഓർമിക്കാൻ ഒന്നുമില്ലാതെ
സ്നേഹിക്കപ്പെടാൻ
ആരുമില്ലാത്ത ഞാൻ
അവിടെ നിന്ന് വീർപ്പുമുട്ടുന്നു
ആഗ്രഹിക്കുന്നു,ഏറെ ഏറെ
പടിയിറങ്ങാൻ ,ഈ മരുഭൂമിയിൽ നിന്ന്
അതെ നിമിഷം ഒരു കുന്നോളം
ആഗ്രഹിക്കുന്നു.
തിരികെ പോകാൻ
തിരികെ നടക്കാൻ കഴിയില്ലെന്ന
യഥാർത്ഥ്യം എന്നെ വേദനിപ്പിക്കുന്നു.
തിരികെ വരുമോ ഇന്നലകളെ
ഓർമകളെ നീ എന്നെ
വേദനിപ്പിക്കല്ലെ

നൈഫ നിസാർ
X-E

# പ്രളയം

---

2018ലെ പ്രളയകേരളം നമുക്ക് ഒരിക്കലും
മറക്കാനാവാത്ത ഒരു അനുഭവമാണ്
ഉണ്ടാക്കിയത്.വിവരണാതീതമായ ദുരിതങ്ങളിൽ
കൂടിയാണ് അക്കാലത്തെ കേരള ജനത
കടന്നുവന്നത്.ദിനംപ്രതി വരുന്ന വാർത്തകൾ
മനുഷ്യസ്നേഹികളുടെ ഉറക്കം കെടുത്തി.പ്രളയകാലത്ത്
കേരളത്തിലെ ദുരിതാശ്വാസക്യാമ്പുകൾ മനുഷ്യരെല്ലാം
ഒരുപോലെയാണ് എന്നതിന്റെ
പ്രതീകങ്ങളായി.മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ നമ്മുടെ
രക്ഷകരായി.മുൻപ് പരസ്പരം തിരിച്ചറിയുക പോലും
ചെയ്തിട്ടില്ലാത്തവർ സ്വന്തക്കാരായി ഒരുമിച്ചു താമസിച്ചു
മനുഷ്യരെല്ലാം ഒറ്റ വർഗമായി ജാതിമത
രാഷ്ട്രീയസംഘടനാവ്യത്യാസം ഇല്ലാതെ പ്രളയത്തെ
അതിജീവിച്ചു.ജാതിയെന്നോ മതം എന്നോ രാഷ്ട്രീയമെന്നോ
നോക്കാതെ സ്ത്രീ എന്നോ പുരുഷനെന്നോ വേർതിരിച്ചു
കാണാതെ പണക്കാരൻ എന്നോ ദരിദ്രനെന്നോ
വ്യത്യാസം ഇല്ലാതെ എല്ലാവരെയും ഒരുപോലെ
ബാധിക്കുന്നവയാണ് ദുരിതങ്ങൾ.നമ്മൾ നമുക്ക്
സ്വന്തമെന്ന് കരുതിയ പലതും പ്രളയം കവർന്നു
കൊണ്ടുപോയി.കരുതലോടെ കൂട്ടായ പരിശ്രമത്തിലൂടെ എന്ത്
പ്രതിസന്ധിയെയും തരണം ചെയ്യാനുള്ള ശക്തി
നമുക്കുണ്ടെന്ന് പ്രളയം തെളിയിച്ചു.ദുരന്ത സമയങ്ങളിൽ
മാത്രം ഉണ്ടാകേണ്ടതല്ല ഈ ഐക്യം എന്ന ഒരു
ഓർമ്മപ്പെടുത്തലും കൂടിയാണ് പ്രളയം.ഇപ്പോൾ കേരളം
ഫീനിക്സ് പക്ഷിയെ പോലെ ഉയർത്തെഴുന്നേൽപ്പിന്റെ
ക്ലേശകരമായ പാതയിലാണ്.മനുഷ്യസ്നേഹം നിറയുന്ന
എല്ലാ മനസ്സുകളും ഈ ഉയർത്തെഴുന്നേൽപ്പിന്റെ
പങ്കാളികളാകേണ്ടത് അനിവാര്യമാണ്.ഈ പങ്കാളിത്തം
എന്നും നിലനിൽക്കട്ടെ...

---

Thejalakshmi Ajesh
VIII D

# എന്റെ കേരളം

കേരളം എൻ്റെ ജന്മനാടാണ്. എൻ്റെ പ്രിയപ്പെട്ട മാതൃഭൂമിയായ ഇന്ത്യാമഹാരാജ്യത്തിൻ്റെ തെക്കേപടിഞ്ഞാറെ അറ്റത്തായി സ്ഥിതിചെയ്യുന്ന ഹരിതമനോഹരമായ ഈ കൊച്ചുസംസ്ഥാനം പ്രകൃതി രമണീയവും സുന്ദരവുമായ ഒരു ഭൂപ്രദേശമാണ്. അതുകൊണ്ടുതന്നെയാണ് സൗന്ദര്യത്താൽ കോമളമായ ഈ നാടിനെ 'ദൈവത്തിൻ്റെ സ്വന്തം നാട്' എന്ന് സ്വദേശികളും വിദേശികളും ഒരുപോലെ വിശേഷിപ്പിക്കുന്നത്. ഇവിടെ ജനിച്ചുവളർന്ന എനിക്ക് വളരെയധികം സന്തോഷം പകർന്നു നൽകുന്ന ഒരു സംജ്ഞയാണ് ദൈവത്തിൻ്റെ സ്വന്തം നാട് എന്നത്.

എന്താണ് കേരളത്തെ ദൈവത്തിൻ്റെ സ്വന്തം നാട് ആക്കിത്തീർക്കുന്നത് എന്ന് ചെറുതായി നമുക്കൊന്ന് പരിശോധിക്കാം. കേരളം എന്ന വാക്ക് സൂചിപ്പിക്കുന്നത് കേരവൃക്ഷങ്ങളുടെ നാട് എന്നാണല്ലോ. കേര വൃക്ഷങ്ങൾ നൃത്തമാടുന്ന കടൽത്തീരങ്ങൾ, മനോഹരമായ കായൽപരപ്പ്, സൗന്ദര്യമാളുന്ന മലയോരങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ പരിമളം പരത്തുന്ന വനപ്രദേശങ്ങൾ, കളകളാരവം പുറപ്പെടുവിക്കുന്ന അരുവികളും, നീർച്ചാലുകളും..ഇവയെയെല്ലാം സംഗീതാത്മകമാക്കുന്ന പക്ഷിസമൂഹങ്ങൾ, കാടുകളെയും, മലയോരങ്ങളെയും ഗംഭീരമാക്കുന്ന വന്യജീവികൾ.. കണ്ണിനും കാതിനും മാത്രമല്ല മനസ്സിനും കുളിർമയേകുന്ന ഈ കാഴ്ചകൾ ആരെയും ഇവിടേയ്ക്ക് മാടിവിളിക്കുന്നു



# ചന്ദ്രനിലെ കൗതുകങ്ങൾ

ചന്ദ്രൻ നമുക്കെന്നും ഒരു കൗതുകമാണ്. വിശാലമായ ആകാശത്തെ ഇത്തിരിപ്പോന്ന ആ പപ്പടവട്ടം എത്രകാലമാ നമ്മളെ മോഹിപ്പിച്ചത്? അമ്പിളി മാമനെ അമ്മ എന്നെങ്കിലും പിടിച്ചുതരുമെന്ന് കരുതി എത്ര ഉരുളച്ചോറാണ് നമ്മളുണ്ടത്? അതിൻ്റെ സൗന്ദര്യം കണ്ടുമയങ്ങിയവർ ഒരുപാട് കവിതകളും പാട്ടുകളും ഒക്കെയെഴുതി. പക്ഷേ അങ്ങനെ പാട്ടും മൂളി മണ്ണിലിരിക്കാൻ മനുഷ്യൻ തയാറായില്ല. ചന്ദ്രനെ തൊട്ടറിയാനുള്ള വെമ്പലിലായിരുന്നു മനുഷ്യൻ.

ഇന്ത്യയുടെ ചന്ദ്രയാൻ -1 ദൗത്യത്തിലെ മൂൺമിനറോളജി മാപ്പർ എന്ന ഉപകരണമാണ് ചന്ദ്രനിലെ ജലസാന്നിധ്യം തെളിയിച്ചത്. 1994 ൽ നാസയുടെ ക്ലെമൻ്റൈൻ ദൗത്യവും തുടർന്നുള്ള വർഷങ്ങളിൽ ലൂണാർ പ്രോസ്പെക്ടറും ശനിയെ തേടിപ്പോയ കാസ്സിനി പേടകവും ചന്ദ്രൻ്റെ ധ്രുവമേഖലയിലുള്ള ജലസാന്നിധ്യത്തെ സംബന്ധിച്ച് സൂചനകൾ നൽകിയിരുന്നു. പക്ഷേ ശക്തമായ തെളിവുകൾ കൊണ്ട് ജലസാന്നിധ്യം ഉറപ്പിച്ചത് ചന്ദ്രയാൻ ആണ്. പിന്നീട് ചന്ദ്രനിലെ ഗർത്തത്തിൽ ഇടിച്ചിറങ്ങിയ നാസയുടെ എൽ - ക്രോസ്സ് പേടകം, അതിടിച്ചിറങ്ങുന്ന വേളയിൽ പുറത്തേക്ക് തെറിച്ച കണികകളെ ഉപകരണങ്ങളുടെ സഹായത്താൽ പഠിച്ചു. ജലസാന്നിധ്യം ഐസിൻ്റെയും ജലബാഷ്പത്തിൻ്റെയും രൂപത്തിൽ അവിടെയുണ്ടെന്ന് നിരീക്ഷണങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു.

NIHARA D
8 C

# കുമാരനാശാനും മലയാളകവിതകളും

മലയാള കവിതകളിൽ കാല്പനിക വസന്തത്തിന് തുടക്കം കുറിച്ച കവിയാണ് എൻ.കുമാരനാശാൻ. ആശാന്റെ കൃതികൾ കേരളീയ സാമൂഹിക ജീവിതത്തിൽ വരുത്തിയ പരിവർത്തനങ്ങൾ വരുത്തുവാൻ സഹായകമായി.ആധുനിക കവിത്രയത്തിൽ ഒരാളും ആണ് കുമാരനാശാൻ. ആശയഗംഭീരൻ, സ്നേഹഗായകൻ എന്നിവ അദ്ദേഹത്തിന്റെ വിശേഷണങ്ങളായി പറയാറുണ്ട്.

1873 ഏപ്രിൽ 12 നാണ് ചിറയിൻകീഴ് താലൂക്കിൽ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ കായിക്കര ഗ്രാമത്തിലെ തൊമ്മൻവിളാകം വീട്ടിലാണ് ജനനം. അച്ഛൻ നാരായണൻ പെരുങ്ങാടി, മലയാളത്തിലും തമിഴിലും നിപുണനായിരുന്നു. അമ്മ കാളിയമ്മ ഈശ്വര ഭക്തയായ കുടുംബിനിയായിരുന്നു. അച്ഛൻ ആലപിക്കുന്ന കീർത്തനങ്ങൾ കേട്ട് കുമാരനാശാൻ ഭക്തിപൂരിതനായിരുന്നു. വ്യുൽപന്നന്മാർ പോലെ താനും കവിതകൾ എഴുതണമെന്ന് ചെറുപ്പത്തിൽ അദ്ദേഹം പറയുമായിരുന്നു.പഠിച്ച സ്കൂളിൽ തന്നെ കുമാരനാശാൻ കുറച്ചുകാലം അധ്യാപകനായി ജോലി നോക്കി. സർക്കാർ നിയമപ്രകാരം അത്ര ചെറുപ്രായത്തിലുള്ളവരെ അധ്യാപകരായി നിയമിക്കാൻ വകുപ്പ് ഉണ്ടായിരുന്നു. അതിനാൽ ആ ജോലി സ്ഥിരപ്പെട്ടു കിട്ടിയില്ല. കിട്ടുന്ന പുസ്തകങ്ങളെല്ലാം പെട്ടെന്ന് വായിച്ച് തീർക്കുമായിരുന്നു കുമാരനാശാൻ.

കൊച്ചുരാമൻ വൈദ്യൻ എന്നൊരാളുടെ കടയിൽ കണക്കെഴുത്ത് ജോലി കുറച്ച് കാലം ചെയ്തു. കണക്കെഴുത്ത് ജോലിയിൽ ഏർപ്പെട്ടിരുന്ന കാലത്ത് തന്നെ ഏർപ്പെട്ട് ഇരുന്ന കാലത്ത് തന്നെ കുമാരൻ കവിതയെഴുതാൻ തുടങ്ങിയിരുന്നു. പറവൂരിലെ കേശവൻ ആശാൻ പ്രസിദ്ധീകരിച്ചിരുന്ന 'സുജനാനന്ദിനി' എന്ന മാസികയിൽ കുമാരന്റെ രചനകൾ കുമാരു, എൻ കുമാരൻ, കായിക്കര എൻ കുമാരൻ എന്നീ പേരുകളിൽ ഒക്കെ പ്രസിദ്ധീകരിച്ചു തുടങ്ങി. പിന്നീട് മണമ്പൂർ ഗോവിന്ദൻ ആശാൻ എന്നപ്രമുഖപണ്ഡിതന്റെ വിജ്ഞാന സന്ദായിനി എന്ന പാഠശാലയിൽ കുമാരൻ ചേർന്നു. പാട്ടുകളും ശ്ലോകങ്ങളും എഴുതുന്ന കാര്യത്തിൽ അന്ന് കുമാരനെ വെല്ലാൻ ആരും ഉണ്ടായിരുന്നില്ല. അവിടെ പഠിച്ചിരുന്ന കാലത്ത് തന്നെ രചിച്ച കൃതികളാണ് വള്ളി വിവാഹം, അമ്മാന പാട്ട് , ഉഷാകല്യാണം എന്നിവ. സുബ്രഹ്മണ്യ ശതകം സ്തോത്രം എന്നൊരു കൃതിയും ഇക്കാലത്ത് തന്നെ കുമാരൻ രചിച്ചു. കുമാരന്റെ അച്ചടിക്കപ്പെട്ട ആദ്യ പുസ്തകം അതാണ് .

ശ്രീനാരായണ ഗുരുവുമായി പരിചയപ്പെട്ടത് ആശാന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. ഒരിക്കൽ കുമാരന് സുഖമില്ലാതെ കിടന്ന അവസരത്തിൽ, അദ്ദേഹത്തിന്റെ അച്ഛൻ അന്നുതന്നെ ശ്രീഅരുവിക്കര ക്ഷേത്രത്തിൽ വിശ്രമിക്കുകയായിരുന്ന ശ്രീനാരായണ ഗുരുവിനെ അന്നുതന്നെ കായിക്കരയിലെ വീട്ടിൽ കൊണ്ടുവന്നു. ആദ്യ കാഴ്ചയിൽ തന്നെ മഹായോഗിയും കുമാരനും പരസ്പരം വ്യാഖ്യാനിക്കാൻ കഴിയാത്ത ഒരു ആത്മീയ ബന്ധത്താൽ ആകൃഷ്ടരായി. കുമാരന്റെ സ്തോത്ര കവിതകൾ ഗുരുവിനെ അത്യധികം ആകർഷിച്ചു. ശൃംഗാര കവിതകളുടെ രചനകളിൽ ഇനി മുഴുകരുതെന്ന് ഗുരു കുമാരനെ ഉപദേശിച്ചു ജീവിതകാലം മുഴുവൻ നീണ്ടുനിന്ന ഗുരുശിഷ്യ ബന്ധത്തിന്റെ തുടക്കമായി ബംഗളൂരുവിലേക്ക് പോയിരുന്നു അത് .

ശ്രീനാരായണഗുരുദേവൻ തന്റെ ശിഷ്യനെ ഉപരിപഠനത്തിന് അയക്കാൻ തീരുമാനിച്ചു. അതിനായി ബംഗളൂരുവിൽ ജോലി നോക്കിയിരുന്ന ഡോ.പൽപ്പുവിനെ ചുമതലപ്പെടുത്തി. 24-ആമത്തെ വയസ്സിൽ ഉന്നത വിദ്യാഭ്യാസത്തിനായി, കുമാരനാശാൻ ബംഗളൂരുവിലേക്ക് പോയി. ന്യായശാസ്ത്രം ആയിരുന്നു ഐച്ഛിക വിഷയം. ശ്രീനാരായണഗുരുവും ഒന്നിച്ചാണ് ആശാൻ ബംഗളൂരുവിൽ എത്തിയത്. ന്യായവിദ്വാൻ എന്ന തർക്കശാസ്ത്ര പരീക്ഷയിൽ ഉന്നത വിജയം നേടി കുമാരൻ സ്കോളർഷിപ്പിന് അർഹനായി. മൂന്നുവർഷത്തോളം അദ്ദേഹം ബംഗളൂരുവിൽ ഉപരിപഠനം തുടർന്നു.കൊൽക്കത്തയിലെ ജീവിതകാലത്തിന്റെ ഭൂരിഭാഗവും പഠനത്തിനും ഗ്രന്ഥപാരായണത്തിനും ആയി ആശാൻ ചിലവഴിച്ചു.

44 ആം വയസ്സിലായിരുന്നു കുമാരനാശാന്റെ വിവാഹം. ഭാര്യയുടെ പേര് ഭാനുമതി അമ്മ എന്നായിരുന്നു. അവർ 1976 അന്തരിച്ചു.മലയാള കവിതാ ലോകത്ത് നിറസാന്നിധ്യമായി നിറഞ്ഞുനിൽക്കുന്നകാലത്താണ് 1924 ജനുവരി 16 ന് വെളുപ്പിന്
മൂന്ന് മണിക്ക് പല്ലനയാറ്റിൽട്രാവൻകൂർ ആൻഡ് കൊച്ചിൻ മോട്ടോർ സർവീസ് വക റെഡീമർ എന്ന പേരുള്ളൊരു ബോട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ, കുമാരനാശാൻ അന്തരിച്ചത് . 51വയസ്സ് മാത്രമേ അപ്പോൾ അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളൂ.

' ജാതി ചോദിക്കുന്നില്ല ഞാൻ സോദരി
ചോദിക്കുന്നു നീർ നാവു വരളുന്നഹോ'

ബുദ്ധമത സന്ദേശങ്ങൾ ആശാനെ വളരെയേറെ സ്വാധീനിച്ചു. അതിലെ ഉള്ളടക്കങ്ങൾ പലതും ഹിന്ദുമതത്തിലെ അനാചാരങ്ങൾ നീക്കാൻ അദ്ദേഹം തന്റെ കവിതകളിലൂടെ ഉപയോഗിച്ചു. ചണ്ഡാലഭിക്ഷുകി, കരുണ എന്നീ കാവ്യങ്ങൾക്ക് ബുദ്ധമതവുമായി ബന്ധപ്പെട്ട ഇതിവൃത്തങ്ങൾ സ്വീകരിക്കാൻ ആശാനെ പ്രേരിപ്പിച്ചത് ഇതാവാം.

'അനുപമകൃപാനിധിയഖിലബാന്ധവൻശ
ജിന ദേവൻ, ധർമ്മ രശ്മി ചൊരിയും നാളിൽ'

- കരുണ

'മുന്നോട്ട് കാലം കടന്നുപോയിടാതെ

ദുരവസ്ഥയിലെ വരികളാണിവ.

വർഷങ്ങളായി സമൂഹത്തിൽ നിലനിന്ന പോന്ന അനാചാരങ്ങൾ സൃഷ്ടിച്ച ദുരവസ്ഥയാണ് ദുരവസ്ഥ എന്ന കൃതിയിലെ സാവിത്രി അന്തർജ്ജനത്തിന്റെ കഥയിലൂടെ അദ്ദേഹം വരച്ചു കാട്ടുന്നത്.

'ഹാ പുഷ്പമേ അധികതുംഗപദത്തിൽ എത്ര ........

എന്ന് തുടങ്ങുന്ന വീണപൂവിൽ പൂവിന്റെ ജനനം മുതൽ മരണം വരെയുള്ള സൂക്ഷ്മമായ ഘട്ടങ്ങൾ മനുഷ്യജീവിതത്തിന്റെ നൈമിഷികതയെ വർണ്ണിച്ചുകൊണ്ട് കേവലം 41 ശ്ലോകങ്ങളിലൂടെ ഹൃദയസ്പർശിയാംവിധം ചിത്രീകരിക്കുകയാണ്.

ആശാൻ രചിച്ച ഖണ്ഡകാവ്യങ്ങളിൽ ആദ്യത്തേത് നളിനി ആയിരുന്നു. ദിവാകരന്റെയും നളിനിയുടെയും കാലാതീതമായ സ്നേഹ ബന്ധത്തിന്റെ കഥയാണ് നളിനി മലയാള സാഹിത്യത്തിൽ കാല്പനികതയിൽ ഊന്നിക്കൊണ്ട് ഒരു പുതിയ യുഗം നിർമ്മിക്കുന്നതിന് സഹായിച്ച മലയാള സാഹിത്യത്തിലെ എക്കാലത്തെയും മികച്ച കവിയാണ് കുമാരനാശാൻ. മഹാകാവ്യം എഴുതാതെ മഹാകവിയായ കുമാരനാശാൻ കവിതകളിലൂടെ ജന മനസ്സുകളിൽ ഇന്നും ജീവിക്കുന്നു.

അശ്വിത എച്ച്. എസ്
IX – C

"സ്നേഹമാണഖിലസാരമൂഴിയിൽ

സ്നേഹസാരമിഹ സത്യമേകമാം

മോഹനം-ഭുവനസംഗമിങ്ങതിൻ

സ്നേഹമൂലമമലേ വിവേകികൾ"

-ആശാൻ

## എന്താണ് ലിറ്റിൽ കൈറ്റ്സ്?

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർത്ഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 2016 ൽ 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്കൂളുകളി ലും പ്രവർത്തിച്ചിരു ന്നു. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതി എന്നിവയെ സംയോജിപ്പിച്ചു കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.

**ലിറ്റിൽ കൈറ്റ്സ്**
**ഒരു സ്കൂളിന്റെ ഹൈടെക് സംരക്ഷകരാണ്**

------------

Anigha. K
8th D


നിന്നിലേക്ക്
നീ എന്നിൽ നിന്നകലും
തോറും
ഞാൻ
നിന്നിലേക്കടുക്കുകയാണ്.
നീ എന്നെ വെറുക്കും തോറും
ഞാൻ നിന്നെ
സ്നേഹിക്കുകയാണ്.
നിന്റെ മുനവച്ചുള്ളവാക
എന്നെ
നിന്നിലേക്കടുപ്പിക്കുക
നീ എന്നെ വിട്ടു പോക
ഞാൻ നിന്നിലേക്കുള്ള
തുടരുകയാണ്.
-ശിവദ

# FREE SOFTWARE DAY DIGITAL POSTERS




ANJANA M M
9 B



ASHITHA .P
9 B




ASMITHA H S
9 C



DEVAKINANDHA K K
9 C




NIVEDHYA C K
9 B

# ഐടി ഫെസ്റ്റ് ...കാഴ്ചകളിലൂടെ













# പതിയെ

മനസില്ലാ മനസോടെ ഞാൻ
പടികൾ കയറി
എത്തിയത് എവിടെയോ
ആയിരുന്നു ...
പിന്നീടത് മനസ്സിൽ
പതിഞ്ഞു
മനസ്സിൽ ആരോരുമറിയാതെ
കത്തി കുത്തികയറിയത്
പോലെ പതിഞ്ഞിരുന്നു.
പിന്നീടത് തിളക്കുന്ന
ചോരയും ഒരു മുറിപ്പാടുമായി ...
ഞാൻ പോലും അറിയാതെ
ഞാൻ അതിൽ അലിഞ്ഞു
ചേർന്നുവോ ...
ഇന്നിതാ
ഇത്
കണ്ണീരും പൂക്കളും തേനും
പൂമ്പാറ്റകളും നിറഞ്ഞ
പൂന്തോട്ടം ...

ഷെഫ നിസാർ
XD

# സുഖസദനം

എന്നോ മനസ്സാൽ മരിച്ച ജനിച്ച പേർ ഇന്നും
തകർന്നു
വേണ്ടി,തങ്ങളെ തേടി ആരെങ്കിലുമെത്തുമെന്ന
പ്രതീക്ഷയോടെ
ഇന്നും ആ വിജനമാം വഴിത്താരയിലേക്ക് കണ്ണ്
നട്ടിരിപ്പൂ....
താങ്ങായി തണലായി മാറിയ വൃക്ഷത്തെ തന്നെ
വെട്ടിമാറ്റുന്ന
ഇവരുടെ ജീവിച്ചിരിക്കുന്ന ഉദാഹരണങ്ങൾ
ആരെയോ തേടി....ആർക്കോ വേണ്ടി

ഇന്നെനിക്ക് നീ ആരെന്നോ ഞാൻ
നിനക്കാരെന്നോ
എനിക്കറിയില്ല പക്ഷേ ദൈവത്തിനറിയാം
മക്കൾ
നീയെനിക്കെല്ലാമായിരുന്നു. എന്റെ
പ്രാണനായിരുന്നു

ദേവിക നമ്പ്യാർ

# ഞാൻ

മഴ പോലെ പെയ്യുന്ന
രക്തത്തിൽ
മൂടി പോയ മരങ്ങൾ പോലെ
കടുത്ത വിഷാദത്തിൽ
ഞാനും മൂടി പോയിരിക്കുന്നു
പൂത്തു നിൽക്കുന്ന
പൂക്കൾക്കിടയിൽ നിന്നും
അടർന്ന് വീഴുന്ന പൂവ് പോലെ
ആളുകൾക്കും
ആരവങ്ങൾക്കും ഇടയിൽ നിന്നും
ഞാനെത്ര നാളായി ഒറ്റപ്പെട്ട് പോയിരിക്കുന്നു
തനിയെ സംസാരിക്കുകയും
ചിരിക്കുകയും
മറക്കാതെ കിടക്കുന്ന-ഓർമകളോട് കലഹിച്ച്
നിരന്തരം 'മുറിവേൽപ്പിക്കുമ്പോൾ
ഞാനറിയുന്നുണ്ട്
നഷ്ടപ്പെട്ട് പോകുന്ന
മനസ്സിനെയും ബോധത്തെയും
അപ്പോഴാണ്
ഒന്നുമില്ലാതെ
തെരുവിലൂടെ അലയുന്ന
ഒരു മനുഷ്യൻ മുന്നിലൂടെ കടന്ന് പോയത്

അപ്പോഴും
ജീവൻ കെടാതെ ജീവിച്ചു തീർക്കുന്ന
ആ മനുഷ്യനെ കുറിച്ചോർത്തു
നോക്കൂ
ഓരോ മനുഷ്യന്റെയും
ജീവിതം
പല തരത്തിലുള്ള ചിന്തകളിലാവും
അതിനിടയിലാണ്
അപരിചിതമായ വഴിയിലേക്ക്
ഞാനും വീണു പോയത്
അതിലെവിടെയാവും
ഞാനെന്ന കണ്ടെത്തുക
ആ തെരുവിൽ നിന്നാണ്
ഒരു മനുഷ്യൻ
തൊട്ട് മുൻപേ
എനിക്ക് മുൻപിലൂടെ കടന്ന് പോയതെന്ന്
ഞാനറിഞ്ഞു
അത്രമാത്രം


ശ്രുനന്ദ.കെ.എം
9-C



പൊഴിഞ്ഞുപോയൊരു ജീവിതം

തുള്ളിയായി തുള്ളിയായി വീഴുന്ന
മുത്തുകൾ


കണ്ണീരിൻ സ്പർശങ്ങൾ
ശിലയായി പോയൊരെൻ
ജീവിതം
ഒഴുകുന്ന പുഴകളെൻ
ഹൃദയത്തിലെ ചെളിമൺ
സ്പർശങ്ങൾ
അലിയിക്കുന്നു
ചിതറിക്കിടന്നൊരെൻ
മനസ്സിനെ ഒന്നിപ്പിക്കുന്ന
പൊടിമീനുകൾ. തൊട്ടാവാടി
പോലെൻ മുഖം
വാടിയതെപ്പോൾ  എൻ
പ്രിയതമേ .... കൈവിട്ടുന്നു
ജീവിതം മരണത്തിലേക്ക്,
തള്ളിവിടുന്നുവെൻ ജീവിതം

Ananthika Vineesh  V P
VIII D

# വരകൾ




[illegible]
IX A



[illegible]
IX C



[illegible]
IX B






KITES

അത്രമേൽ തെറ്റുകൾ ചെയ്തു
നീ മാനുജാ ,അമ്മയാം ഭൂമിയെ കൊന്നിടുവാൻ
കൊല്ലുന്നു നീ അവളെ ,നിൻകാലടികൾ
ഏറ്റു വാങ്ങിത്തളർന്നൊരാ വൃദ്ധയെ
സാക്ഷിയായി അവൾ നിൻ പൂർവികനാരോ
ആ വാനരൻ നീയായി പരിണമിച്ചതും
കാത്തുപോറ്റി നിനക്കായി
നിൻ പൂർവികർ ഹരിതയോടൊക്കെയും
ഇന്നു നീ ഗോളമാം സ്വർഗത്തെ മലിനമാക്കി,നിൻ മുത്തമുത്തച്ഛന്മാർ
നുകർന്നു കുളിർത്തു നിനക്കായി കാത്തു-
വച്ചോരവളുടെ വെൺമുലപ്പാലും
ഇന്നവൾ അഗ്നിയാവാഹിക്കും
ത്യാഗിയാം ഹോമകുണ്ഡമോ?
ഇന്നു നീ ചിന്തിക്കാ മാനുജ
സ്വതാൽപര്യം കൊണ്ടു തിന്നതി
ഭൂമി നിന്റേതു മാത്രമോ?
ഇല്ലാ മരങ്ങൾ ,കുന്നോ,മലകളോ!
ആകെയിതുള്ള നീ വറ്റിവരണ്ടനിളയും.
നിർജീവമാം ശൂന്യ നിലവും
പൊഴിക്കുന്ന പൂവു നീ ചിന്തയതിലില്ലാ
മാതൃ തരുവിന്റെ നൊമ്പരം
എവിടെയിതുള്ള ഒരു തുള്ളി ശുദ്ധമാം
ജലവും കാട്ടു കാറ്റും മാതൃഭൂമിതൻ
സ്നേഹവും?
ഇന്നോ നാളെയോ വെന്തു വെണ്ണീറിലാഴും
നാം അമ്മയാവാഹിച്ചിട്ടും അഗ്നി
മൂലകാരണം
അത്രമേൽ തെറ്റുകൾ ചെയ്തു നീ
മാനുജാ അമ്മയാം ഭൂമിയെ
കൊന്നിടുവാൻ

ശ്രീലക്ഷ്മി.എസ്.എസ്
X.A

# ST. ANTONY'S GIRLS HIGH SCHOOL

VATAKARA 673101

2024

## JANUARY



## FEBRUARY



## MARCH



## APRIL



Little KITEs


# ST. ANTONY'S GIRLS HIGH SCHOOL


VATAKARA 673101


HAPPY NEW YEAR 2024


## MAY




## JUNE



## JULY



## AUGUST



Little KITEs


ST. ANTONY'S GIRLS HIGH SCHOOL
SEPTEMBER
OCTOBER
HAPPY NEW YEAR
2024
NOVEMBER
DECEMBER
KITE

# ലിറ്റിൽ കൈറ്റ്സ് സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂൾ വടകര- പ്രവർത്തന റിപ്പോർട്ട് 2023-24

ഈ വർഷത്തെ ലിറ്റിൽ കൈറ്റ് സിന്റെ പ്രവർത്തനങ്ങൾ കുട്ടികളിലേക്കും രക്ഷിതാക്കളിലേക്കും ആഴത്തിൽ ഇറങ്ങിത്തന്നെ ചെല്ലുന്ന വിധത്തിലുള്ളതായിരുന്നു.*

**ഫ്രീഡം ഫെസ്റ്റ്**

1..2022-23 അധ്യയന വർഷം സംഘടിപ്പിച്ച ഫ്രീഡം ഫെസ്റ്റ് കുട്ടികൾക്ക് പുത്തൻ അനുഭവമായിരുന്നു .ഫ്രീഡം ഫെസ്റ്റിൽ പുതിയതും പഴയതുമായ വിവിധ ഐടി ഉപകരണങ്ങൾ പ്രദർശിപ്പിച്ചു
2 ഹാർഡ്‌വെയറുകൾ പരിചയപ്പെടുത്തി.
3 റാസ്ബെറി പൈ പ്രായോഗ്യപ്രവർത്തനങ്ങളിൽ ഇവ പരിചയപ്പെട്ടു
4 കൂടാതെ ഇലക്ട്രോണിക് കിറ്റിന്റെ പ്രവർത്തനരീതിയും കുട്ടികൾ വിശദീകരിച്ചു
5 ഫ്രീഡം ഫെസ്റ്റിനോട് അനുബന്ധിച്ച് ഫ്രീ സോഫ്റ്റ്‌വെയറിന്റെ പ്രസക്തിയും പ്രയോജനവും കുട്ടികളിൽ എത്തും വിധമുള്ള സെമിനാർ അവതരണവും നടന്നു.
6 സെമിനാർ അവതരണത്തിനായി മനോഹരമായ സ്ലൈഡ് പ്രസന്റേഷനും ഉപയോഗപ്പെടുത്തി.
7 ഫ്രീഡം ഫെസ്റ്റിനോട് അനുബന്ധിച്ച് നടന്ന മറ്റൊരു പ്രവർത്തനം ഫ്രീ സോഫ്റ്റ്‌വെയർ ഇൻസ്റ്റലേഷൻ ആയിരുന്നു .
8 കുട്ടികൾക്കും രക്ഷിതാക്കൾക്കും പുതുതായി കമ്പ്യൂട്ടറുകളിൽ ഉബുണ്ടു ഇൻസ്റ്റാൾ ചെയ്തു.
9 UP മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് വളരെയും വിജ്ഞാനപ്രദമായ ഒരു പ്രോഗ്രാമായിരുന്നു ഫ്രീഡം ഫെസ്റ്റ് .

**അമ്മ അറിയാൻ**

10 സൈബർ ലോകത്തെ ചതിക്കുഴികൾ എന്ന വിഷയത്തെ ആസ്പദമാക്കി അമ്മ അറിയാൻ എന്ന പ്രവർത്തനവും വളരെ ഫലപ്രദമായ രീതിയിലാണ് കുട്ടികൾ നാല് ഗ്രൂപ്പുകൾ ആയി നടത്തിയത് .
11 അനുബന്ധമായി രക്ഷിതാക്കളുമായി സംവദിച്ച കുട്ടികൾക്ക് വളരെ നല്ല ഫീഡ്ബാക്ക് ആണ് രക്ഷിതാക്കളിൽ നിന്ന് ലഭിച്ചത് .
ലഹരി വിരുദ്ധ ബോധവൽക്കരണം
12 പത്താം ക്ലാസിലെ കുട്ടികളുടെ ഗ്രൂപ്പ് വർക്കിന്റെ ഭാഗമായി അഞ്ചു മുതൽ 10 വരെയുള്ള കുട്ടികൾക്ക് ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുകയുണ്ടായി. ഓരോ ക്ലാസ് റൂമിലും കയറിയിറങ്ങി സ്ലൈഡ് പ്രസന്റേഷൻ,വീഡിയോ ഇവയുടെ സഹായത്തോടുകൂടിയുള്ള ബോധവൽക്കരണമാണ് നടന്നത് .

**ഫ്രീഡം ക്വിസ്**

13 ലിറ്റിൽ കൈറ്റ്സ് ടീം അംഗങ്ങളാണ് സബ് ജില്ലാ തലം മുതൽ സംസ്ഥാന തലം

നല്ല IT mela യിൽ നേട്ടങ്ങൾ കൈവരിച്ചിരുന്നത് .
14 ഈ വർഷത്തെ സബ്ജില്ല തലത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും സ്റ്റേറ്റ് കൂടി മേളയിൽ മത്സരിച്ച് എ ഗ്രേഡും ലിറ്റിൽ കൈറ്റ് അംഗങ്ങളാണ് നേടിയിരിക്കുന്നത് .

## ഡോക്യുമെന്റേഷൻ

15 ക്യാമറ നന്നായി കൈകാര്യം ചെയ്യുന്ന ഒരു ടീം നമുക്കുണ്ട് . സ്കൂൾ അസംബ്ലി മുതൽ എല്ലാ സ്കൂൾ പ്രവർത്തനങ്ങളുടെയും ഡോക്യുമെന്റേഷനുകളും നടത്തിവരുന്നത് ലിറ്റിൽ കൈറ്റ്സ് ടീം അംഗങ്ങളാണ് .
16 വിദ്യാഭ്യാസ വകുപ്പ് ഏൽപ്പിച്ച മേഖലകളുടെ ഡോക്യുമെന്റേഷൻ പ്രകാരം ഈ വർഷത്തെ സ്കൂൾ ആഘോഷങ്ങൾ എല്ലാം ഈ ടീമിന്റെ നേതൃത്വത്തിൽ ഡോക്യുമെന്റ് ചെയ്യുകയും ആവശ്യമുള്ള കുട്ടികൾക്ക് സിഡിയിലും പെൻഡ്രൈവിലുമായി വിതരണം ചെയ്യുകയും ചെയ്തു.

## മറ്റു പ്രവർത്തനങ്ങൾ

17 ലിറ്റിൽ കൈറ്റ്സിലെ ഓരോ അംഗവും ഹൈടെക് ക്ലാസ് റൂമിന്റെ പരിപാലനം മുതൽ കൂടി എല്ലാം നടത്തിപ്പോരുന്ന വളരെ കാര്യക്ഷമമായി നടത്താൻ പര്യാപ്തരാണ് .
18 ലിറ്റിൽ കൈറ്റ്സിന്റെ ക്ലാസുകളിൽ പങ്കാളി അതിർവരമ്പില്ലാതെയാണ് .
ബുധനാഴ്ചകളിൽ നടന്നുവരുന്ന ലിറ്റിൽ കൈറ്റ്സ് ക്ലാസുകൾ വളരെ പ്രാധാന്യത്തോടെയാണ് കുട്ടികൾ കാണുന്നത് .
സ്കൂൾ പ്രവൃത്തിദിവസങ്ങളുടെ മാതൃകാ നേട്ടങ്ങളുമായി ഈ കുട്ടികൾ മാറും എന്നതിൽ സംശയമില്ല.

# OUR TEAM



little KITEs



# THE END

